VIII. നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഇതൊരു ചെറിയ ഭേദഗതിയാണ്. ബിൽ അവതരിപ്പിച്ച വേളയിൽതന്നെ അതിനെ സംബന്ധിച്ച് സംസാരിച്ചതാണ്. ദീർഘമായൊരു പ്രസംഗത്തിന് പ്രസക്തിയില്ല. ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് പാസ്സാക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കൂടി നിർദേശപ്രകാരമുള്ളൊരു ഭേദഗതിയാണിതെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. പ്രസ്തുത ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ സംബന്ധിച്ച് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇത് വളരെ ചെറിയൊരു ബിൽ ആണ്. കോർട്ട് ഫീയുടെ കൂടെ അഡീഷണൽ കോർട്ട് ഫീ തുക ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് മാറ്റുന്നതാണ്. ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയുണ്ടെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കക്ഷികൾക്ക് കൂടുതൽ ബാധ്യത വരുന്ന തരത്തിലേക്ക് ആ ഫീസ് വരും എന്ന പ്രശ്നമാണ് വാസ്തവത്തിലുള്ളത്. കോടതി ഫീസ് നിയമത്തിലെ അദ്ധ്യായം VII-ൽ റീഫണ്ടിനായി കൃത്യമായ വ്യവസ്ഥകളുണ്ട്; അബദ്ധവശാലോ തെറ്റായോ അടച്ച തുകയും ഇതിൽ ഉൾപ്പെടും. അബദ്ധവശാലോ തെറ്റായോ അടച്ച തുകയും കോടതിക്ക് പുറത്ത് തർക്കം പരിഹരിക്കുന്ന കേസുകളിലും മുഴുവൻ കോടതി ഫീസും തിരികെ നൽകണമെന്ന് കേന്ദ്ര നിയമങ്ങളായ സിവിൽ

പ്രൊസീജ്യർ കോഡ് (CPC) സെക്ഷൻ 89, 1987-ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്ടിന്റെ 21(1)-ാം വകുപ്പ്, 1870-ലെ കോർട്ട് ഫീസ് ആക്ടിന്റെ 16-ാം വകുപ്പ് എന്നിവയിൽ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ചെയ്യുമ്പോൾ റീഫണ്ട് വ്യവസ്ഥയെല്ലാം ഒരുമിച്ച് പിൻവലിക്കുന്ന ഒരു സ്ഥിതിയിലേക്ക് വരും. അത് നിയമപരമായ ഒരു പ്രശ്നമായി നിലനിൽക്കും. കേന്ദ്രനിയമം നിലനിൽക്കവേ അവയെല്ലാം nullify ചെയ്തകൊണ്ട് സഭയിൽ ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ നാളെ അതിലൊരു ലീഗൽ ക്വസ്റ്റ്യൻ വരുമോ; ഈ ഭേദഗതി നിലവിലുള്ള ഓരോ വകുപ്പിനെയും എങ്ങനെ ബാധിക്കുമെന്ന് ബില്ലിൽ യാതൊരു വ്യക്തതയുമില്ല. കക്ഷിയുടെ പിഴവ് മൂലമാണ് റിമാൻഡ് ഉണ്ടായതെങ്കിൽ റീഫണ്ട് തടയുന്നതിനുള്ള വ്യവസ്ഥകൾ വേണം. ഇത് ഖജനാവിന് നഷ്ടമുണ്ടാക്കും കാരണം നേരത്തെ ഖജനാവിലുണ്ടായിരുന്ന തുക തിരികെ നൽകുകയാണ്. ഇങ്ങനെ രണ്ട് കാര്യങ്ങളുണ്ട്, ഒന്ന് കേന്ദ്ര നിയമങ്ങൾക്ക് വയലേഷനായി ആയി ഇക്കാര്യങ്ങൾ വരുമോ; കേന്ദ്ര നിയമത്തിന് വയലേഷനായി വന്നാൽ ഇത് എങ്ങനെ ബാധിക്കും; രണ്ട്, ഖജനാവിൽ

നിന്ന് ഇത്തരം കാര്യങ്ങളിൽ എത്ര നഷ്ടം വരുമെന്നതിന് കൃത്യമായ കണക്കില്ല. ഈ ബില്ലിന് ധനകാര്യ മെമ്മോറാണ്ടം വേണ്ട എന്നുപറയുന്നതിലും വലിയ അർഥമില്ല. കാരണം, സർക്കാരിന് അധിക നഷ്ടം വരുന്നത് ധനകാര്യ മെമ്മോറാണ്ടത്തിൽ വരണം. അത്തരം കാര്യങ്ങളെ സംബന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ ഉണ്ടാകണം. ഒരു നിയമം പാസാക്കുമ്പോൾ അതൊരു ചെറിയ ഭേദഗതിയാണെങ്കിലും, അതിൽ ഉൾപ്പെട്ടിരിക്കുന്ന ഇത്തരം കാര്യങ്ങളിൽ കൃത്യമായ ക്ലാരിഫിക്കേഷൻ ആവശ്യമാണ്. അതുകൊണ്ടാണ് അക്കാര്യം പറയുന്നത്.

<u>ശ്രീ. പി. കെ. പ്രവീൺ:</u> സർ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ സംബന്ധിച്ച് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ബില്ലിലെ ക്ലോസ് 2 നിലവിലെ നിയമത്തിലെ മറ്റ് വ്യവസ്ഥകളെ മാത്രമാണ് മറികടക്കുന്നത്. കേന്ദ്ര നിയമങ്ങളായ ലീഗൽ സർവീസസ് അതോറിറ്റി ആക്ട്, 1987-വകുപ്പ് 21 പോലുള്ളവയിലെ റീഫണ്ട് വ്യവസ്ഥകളെ ഇത് പരിഗണിക്കുന്നില്ല. അതുകൊണ്ട് തന്നെ "ഒരു സാഹചര്യത്തിലും" ഫീസ് തിരികെ നൽകില്ല എന്ന ബില്ലിന്റെ

അവകാശവാദം അത് ലക്ഷ്യമിടുന്നതിനേക്കാൾ വിശാലമാണ്. ഇത് വ്യവഹാരങ്ങൾ അവസാനിപ്പിക്കുന്നതിനുപകരം കൂടുതൽ നിയമ കുരുക്കുകളിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് ഈ ബില്ലിനോട് വിയോജിക്കുന്നത്.

<u>ശ്രീ. കെ. രാജൻ:</u> സർ, സർ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ സംബന്ധിച്ച് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇതൊരു ചെറിയ ഭേദഗതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് നേരത്തെതന്നെ സംസാരിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. രണ്ടുമൂന്ന് ചെറിയ കാര്യങ്ങൾ സൂചിപ്പിക്കാം. 2024 (1) KHC 415- ലെ ശ്രീ ധന്വന്തരി ചിറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് V. ബാബു കേസിൽ, ലീഗൽ ബെനഫിറ്റ് ഫണ്ടിലേക്ക് മാറ്റുന്ന അധിക കോടതി ഫീസും സെക്ഷൻ 69A വകുപ്പ് പ്രകാരം തിരികെ നൽകേണ്ടതാണെന്ന് കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. യഥാർഥത്തിൽ ഈ വ്യാഖ്യാനത്തെ മറികടക്കാൻ

വേണ്ടിയാണ് നിർദ്ദിഷ്ട ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതാണ് ഇതിൽ ഉദ്ദേശിച്ചിട്ടുള്ളത്. പക്ഷേ, ഇക്കാര്യം ഉദ്ദേശ്യകാര്യങ്ങളുടെ വിവരണത്തിൽ കൃത്യമായി രേഖപ്പെടുത്തി സഭയെ അറിയിക്കേണ്ടതല്ലേ എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. ഒത്തുതീർപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് ആധുനിക കാലത്ത് ലോകവും രാജ്യവും അംഗീകരിച്ചിട്ടുള്ള പൊതുവായ നിയമതത്വം. സി.പി.സി. സെക്ഷൻ 89, കോർട്ട് ഫീസ് ആക്ടിലെ സെക്ഷൻ 69 A, ലീഗൽ സർവീസസ് അതോറിറ്റീസ് ആക്ടിലെ സെക്ഷൻ 21(1) എന്നിവയുടെ ലക്ഷ്യം കോടതിക്ക് പുറത്തുള്ള തർക്ക പരിഹാരം പ്രോത്സാഹിപ്പിക്കുക എന്നതാണ്. മധ്യസ്ഥത, ലോക അദാലത്ത് തുടങ്ങിയ മാർഗങ്ങളിലൂടെ തർക്കം പരിഹരിക്കുന്നവർക്ക് കോടതി ഫീസ് തിരികെ നൽകാതിരിക്കുന്ന സാഹചര്യം ഇല്ലാതാകും. ഇത് കോടതികളുടെ തിരക്ക് കുറയ്ക്കുന്നതിനുള്ള നയത്തെയും പ്രതികൂലമായി ബാധിക്കും. കോർട്ട് ഫീസ് ആക്ടിലെ സെക്ഷൻ 70 പ്രകാരം അബദ്ധത്തിലോ തെറ്റായോ അല്ലെങ്കിൽ അധികമായോ അടച്ച കോർട്ട് ഫീസ് തിരികെ നൽകാനുള്ള വ്യവസ്ഥ നിലവിലുണ്ട്. നിർദ്ദിഷ്ട സെക്ഷൻ 76(A)-യിലെ 'in no case' എന്ന

പ്രയോഗം ഇത്തരത്തിലുള്ള റീഫണ്ടുകളെയും ബാധിക്കുമെന്ന് ഭയക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകുന്നത് നന്നായിരിക്കും. ഭേദഗതി നിലവിൽ വരുന്നതിന് മുമ്പ് ഒത്തുതീർപ്പായ കേസുകൾ, റീഫണ്ട് ഉത്തരവ് ലഭിച്ചിട്ടും തുക ലഭിക്കാത്ത കേസുകൾ, തീർപ്പാക്കാത്ത റീഫണ്ട് അപേക്ഷകൾ എന്നിവയെ ഭേദഗതി എങ്ങനെ ബാധിക്കും എന്നുകൂടി വ്യക്തമാക്കേണ്ടതാണ്. നിലവിലുള്ള നിയമപ്രകാരം ആർജിച്ച അവകാശങ്ങൾ ഇല്ലാതാക്കുന്നത് നിയമപരമായ അനിശ്ചിതത്വത്തിന് ഇടയാക്കും. ലീഗൽ സർവീസസ് അതോറിറ്റീസ് ആക്ടിലെ സെക്ഷൻ 21 ഉൾപ്പെടെയുള്ള കേന്ദ്ര നിയമങ്ങളിലെ റീഫണ്ട് വ്യവസ്ഥകളുമായി നിർദ്ദിഷ്ട ഭേദഗതിയുടെ പൊരുത്തവും പരിശോധിക്കപ്പെടേണ്ടതാണ്. സംസ്ഥാന നിയമത്തിലെ ഭേദഗതി കേന്ദ്ര നിയമത്തിലെ അവകാശങ്ങളെ എങ്ങനെ ബാധിക്കും എന്ന കാര്യത്തിലും വ്യക്തത വരുത്തേണ്ടതുണ്ട്. Kerala Court fees and Suits Valuation Act- ന്റെ Chapter VII – ലാണ് റീഫണ്ടുകളെക്കുറിച്ച് പറയുന്നത്. സെക്ഷൻ 67-ൽ കേസുകൾ റിജക്ട് ചെയ്യപ്പെടുമ്പോഴോ, ഹൈക്കോടതിയിൽ നിന്ന് കീഴ്കോടതിയിലേക്ക്

കേസ് പുനഃപരിശോധനയ്ക്ക് റിമാൻഡ് ചെയ്യപ്പെടുമ്പോഴോ മുഴുവൻ കോർട്ട് ഫീസും തിരികെ നൽകാൻ വ്യവസ്ഥയുണ്ട്. ഈ ബിൽ അവതരിപ്പിക്കപ്പെട്ട സാഹചര്യത്തിൽ രണ്ട് ചെറിയ കാര്യങ്ങൾകൂടി ശ്രദ്ധയിൽപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുകയാണ്. 2026 ആഗസ്റ്റ് 13-ന് അഡ്വ. ടി. എം. ഡോൾഗോവും ഭാര്യ അഡ്വ. നീമയും ഒരു ഗാർഹിക പീഡനക്കേസിൽ പ്രതികളിലൊരാളുടെ ഭാര്യക്കുവേണ്ടി നിയമസഹായം നൽകിയതിലുള്ള വൈരാഗ്യത്തെത്തുടർന്ന് പ്രതികളായ ഡസ്റ്റർ എന്ന വേലുവും ഡെനാസ്റ്റർ എന്ന വാവക്കുട്ടിയും അഭിഭാഷകരുടെ വീട്ടിലെത്തി അവിടെയുണ്ടായിരുന്ന ഡോൾഗോവിന്റെ പിതാവ് 80 വയസ്സുള്ള തൊണ്ടുങ്കൽ മോഹൻദാസിനെ കുത്തി കൊണ്ട് നിരവധി തവണ കുത്തി, ഗുരുതരമായ പരിക്കേറ്റ് മോഹൻദാസ് സെപ്റ്റംബർ 1-ന് മരണപ്പെട്ടു. ഒരു സ്ത്രീക്ക് നിയമപരമായ സംരക്ഷണം ലഭിക്കുന്നതിനായി പ്രവർത്തിച്ച അഭിഭാഷകന്റെ പിതാവിന് സ്വന്തം വീട്ടിൽപോലും സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നില്ല എന്ന ഒരു പ്രശ്നം നമ്മുടെ മുന്നിലുണ്ട്. ബാർ കൗൺസിൽ ചെയർമാനും അഡീഷണൽ അഡ്വക്കേറ്റ് ജനറലുമായി മുമ്പ് പ്രവർത്തിച്ചിരുന്ന അഡ്വ. കെ. പി.

ജയചന്ദ്രനനേരെ വഞ്ചിയൂർ പോലീസ് കേസുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടായത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കേരളത്തിൽ എത്രയുംവേഗം അഡ്വക്കേറ്റ് പ്രൊട്ടക്ഷൻ ആക്ട് കൊണ്ടുവരേണ്ടതിന്റെ അനിവാര്യതകൂടി ഈ ഘട്ടത്തിൽ അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജൂനിയേഴ്സായി വരുന്ന അഭിഭാഷകർ, ബാർ കൗൺസിൽ ഓഫ് ഇന്ത്യ 2024-ൽ ജൂനിയർ അഭിഭാഷകർക്ക് നഗരപ്രദേശങ്ങളിൽ ഇരുപതിനായിരവും ഗ്രാമപ്രദേശങ്ങളിൽ പതിനായിരം രൂപയും സ്റ്റൈപന്റ് നടപ്പിലാക്കണമെന്ന ഒരു ആശയം വന്നിട്ടുണ്ട്. സാധാരണ ജൂനിയർ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യാൻ തുടങ്ങുമ്പോൾ റഫറൻസിന്റെ കടലാസ് വാങ്ങാനുള്ള പണം പോലും ലഭിക്കാറില്ല. 2024-ലെ ബാർ കൗൺസിലിന്റെ നിർദ്ദേശപ്രകാരമുള്ള അഭിപ്രായ പ്രകടനങ്ങൾക്ക് നമ്മൾകൂടി ഒരു മുൻകൈ എടുത്താൽ അവർക്ക് കൂടി ഗുണകരമാകും. കഴിഞ്ഞ ദിവസം ഞാൻ ക്ലാർക്ക് അസോസിയേഷന്റെ സംസ്ഥാന യോഗത്തിൽ പങ്കെടുത്തിരുന്നു. അവർ ഉന്നയിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. അവരുടെ ക്ഷേമനിധിയിലേക്കുള്ള അടിസ്ഥാനപരമായുള്ള

സാധ്യതകൾ ഉയർത്താനുള്ള ശ്രമം, അവരുടെ ബെനിഫിഷ്യറിയുടെ കാര്യത്തിൽ, റിട്ടെയർമെന്റിന്റെ കാര്യത്തിലൊക്കെ തുക വർധിപ്പിക്കാനുള്ള ശ്രമം കൂടി വിയോജനക്കുറിപ്പിന്റെ കൂട്ടത്തിൽ സൂചിപ്പിച്ച് ഈ ബിൽ കുറച്ചുകൂടി സമഗ്രമാക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. നാട്ടകം സുരേഷിന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി)ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

(ശ്രീ. നാട്ടകം സുരേഷ് സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീമതി ഒ. എസ്. അംബികക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സഭയുടെ പരിഗണനയിലിരിക്കുന്ന 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വിയോജിപ്പും ആശങ്കകളും രേഖപ്പെടുത്തുകയാണ്. നിലവിൽ പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ, റീഫണ്ട് വ്യവസ്ഥയെക്കുറിച്ച് ഒരു വ്യക്തതയുമില്ലാത്തതിനാൽ ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു. നീതി തേടി കോടതികളെ സമീപിക്കുന്ന സാധാരണക്കാരായ മനുഷ്യരെ ബുദ്ധിമുട്ടിക്കുന്നതും നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാന തത്ത്വങ്ങളെതന്നെ അട്ടിമറിക്കുന്നതുമായ ഒരു ഭേദഗതിയാണിത്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ നിലവിലുള്ള നിയമത്തിലെ ഒരു അവ്യക്തത നീക്കാൻവേണ്ടി പുതിയതായി '76 എ' വകുപ്പ് കൂട്ടിച്ചേർക്കുന്നു എന്നതാണ് സർക്കാർ പറയുന്നത്. എന്നാൽ,

അവിടെ നീക്കം ചെയ്യാൻ എന്ത് അവ്യക്തതയാണുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കേണ്ടതായിട്ടുണ്ട്. ശ്രീ ധനന്ത്വരി ചിറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് v. ബാബു കേസിലും അനിൽ കുമാർ എ v. ഇബ്രാഹിംകുട്ടി വി. കെ., പോൾ ജോസ് v. ജില്ലാ ട്രഷറി ഓഫീസർ തുടങ്ങിയ കേസുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ വ്യക്തമായ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് മാറ്റുന്ന തുകയാണെങ്കിൽകൂടി 76(1) വകുപ്പുപ്രകാരം ഈടാക്കുന്ന അധിക ഫീസ് കോടതി ഫീസായിത്തന്നെ തുടരുമെന്നും 69 എ വകുപ്പുപ്രകാരം തിരികെ നൽകേണ്ട മുഴുവൻ കോടതി ഫീസിന്റെയും ഭാഗമാണത് എന്നുമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ജുഡീഷ്യൽ വ്യാഖ്യാനത്തെ വളഞ്ഞ വഴിയിലൂടെ മറികടക്കാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ അത് ഈ സഭയോട് തുറന്ന് പറയണം.

ബഹുമാനപ്പെട്ട സ്പീക്കർ, ഈ ബില്ലിലെ ഏറ്റവും വലിയ നീതികേട് ഇതിലെ 'യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല' എന്ന വ്യവസ്ഥയാണ്. 1959-ലെ മൂലനിയമത്തിന്റെ അധ്യായം VII-ൽ റീഫണ്ടിനായി കൃത്യമായ വ്യവസ്ഥകളുണ്ട്. അബദ്ധവശാലുള്ള ഫീസ്

അടയ്ക്കൽ, വ്യവഹാര കക്ഷി അബദ്ധവശാലോ കണക്കുകൂട്ടലിലെ പിഴവുമൂലോ ഇരട്ടിപ്പായോ അധിക തുക അടച്ചാൽ ആ അധിക തുക തിരികെ നൽകണമെന്ന് 70-ാം വകുപ്പ് അനുശാസിക്കുന്നു. എന്നാൽ, പുതിയ 76 എ വകുപ്പിലെ 'യാതൊരു കാരണവശാലും' എന്ന പ്രയോഗത്തിലൂടെ അബദ്ധത്തിൽ അടച്ച തുകയുടെ റീഫണ്ടുപോലും നിഷേധിക്കപ്പെടുകയാണ്. വാദം കേൾക്കുന്നതിലേക്ക് തിരികെ എത്താത്ത കേസുകളിലും ഫീസ് തിരികെ നൽകില്ലെന്ന് പറയുന്നത് എന്ത് നീതിയാണ്? യാതൊരു സേവനവും നൽകാതെ പൗരന്റെ പണം സർക്കാർ പിടിച്ചുവയ്ക്കുമ്പോൾ അത് ഫീസ് അല്ലാതായായി മാറുകയും നിയമപരമായി അധികാരമില്ലാതെ പിരിക്കുന്ന നികുതിയായി അധഃപതിക്കുകയും ചെയ്യുന്നു. കക്ഷിയുടെ പിഴവുമൂലമാണ് റിമാർഡുണ്ടാകുന്നതെങ്കിൽ റീഫണ്ട് തടയാൻ നിലവിലെ 67-ാം വകുപ്പിൽതന്നെ വ്യവസ്ഥയുണ്ട്. ഖജനാവിന് നഷ്ടമുണ്ടാകാതിരിക്കാൻ ഇത്തരം സംരക്ഷണങ്ങൾ നിലവിലുള്ളപ്പോൾ എന്തിനാണ് ഇത്തരമൊരു നിയമം. കോടതികളുമായി ബന്ധപ്പെട്ട് മറ്റൊരു ഗുരുതരമായ പ്രശ്നം ഈ ഭേദഗതി കോടതിക്ക് പുറത്തുള്ള ഒത്തുതീർപ്പ്

ശ്രമങ്ങളെ തർക്കുമെന്നതാണ്. ലക്ഷക്കണക്കിന് കേസുകളാണ് കോടതികളിൽ കെട്ടിക്കിടക്കുന്നത്. കോടതികളുടെ സമയം ലാഭിക്കാനും തിരക്ക് കുറയ്ക്കാനുമാണ് ലോക്അദാലത്തുകളെയും മീഡിയേഷനുകളെയും പ്രോത്സാഹിപ്പിക്കുന്നത്. അതുപോലെ നിലവിൽ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളിൽ കക്ഷികൾ ഇതിനകം അടച്ച ഫീസിനെയും ഈ ഭേദഗതി പ്രതികൂലമായി ബാധിക്കും. ബില്ലിലെ പ്രൊവിസോ സംരക്ഷിക്കുന്നത് റീഫണ്ട് ഉത്തരവായിട്ടും തുക ലഭിക്കാത്ത കേസുകളെയും ഒത്തുതീർപ്പായിട്ടും വിധി പറയാത്ത കേസുകളെയും മാത്രമാണ്. എന്നാൽ, പഴയ നിയമപ്രകാരം ഫീസ് അടച്ച് കേസ് നടത്തുന്ന കക്ഷികളുടെ നിലവിലുള്ള അവകാശങ്ങളെ ഇല്ലാതാക്കുന്നത് കടുത്ത നീതിനിഷേധമാണ്. നീതിതേടിയെത്തുന്ന പൗരന്റെ നിസഹായവസ്ഥയെ സർക്കാരിന്റെ വരുമാനമാർഗമായി കാണരുത്. സാധാരണക്കാരുടെ നീതി അപ്രാപ്യമാക്കുന്നതും കോടതികളിലെ ഒത്തുതീർപ്പ് സംവിധാനങ്ങളെ തകർക്കുന്നതുമായ ഈ ബിൽ സർക്കാർ അടിയന്തരമായി പിൻവലിക്കണമെന്ന് ഞാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ഉത്കണ്ഠയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ സർക്കാരിന് വരുന്ന നഷ്ടംകൂടി രേഖപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ ഉന്നയിച്ചത്. ഫിനാൻഷ്യൽ മെമ്മോറണ്ടം റൂൾ 73 ആണ്. റൂൾ 73-ൽ പറയുന്നത് " A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law" എന്നാണ്. അതായത്, recurring-ഉം non-recurring-ഉം ആയിട്ടുള്ള എക്സ്പെൻഡിച്ചർ മാത്രമാണ് ഫിനാഷ്യൽ മെമ്മോറണ്ടത്തിൽ ഉൾപ്പെടുത്തേണ്ടത്. അല്ലാതെ സർക്കാരിന് നഷ്ടമുണ്ടായാൽപോലും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തേണ്ട യാതൊരു ആവശ്യവുമില്ല. സർക്കാരിനുണ്ടാകുന്ന നഷ്ടം ഫിനാഷ്യൽ മെമ്മോറണ്ടത്തിൽ വരേണ്ട ആവശ്യമില്ല. രണ്ടാമതായി, ഇവിടെ

സർക്കാരിന് എന്ത് നഷ്ടമാണുണ്ടാകുന്നത്; പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത് അധികമായി അടച്ച എല്ലാ ഫീസും ഇനി വേണ്ടെന്ന് തീരുമാനിക്കുന്നതല്ല. കോടതിക്ക് പുറത്ത് ഒത്തുതീർപ്പാക്കുന്ന കേസുകളിൽ കക്ഷികൾ ഒടുക്കിയ അഡീഷണൽ കോടതി ഫീസ് റീഫണ്ട് ചെയ്യുന്നില്ലെന്ന വിഷയമാണ് ഇവിടെ ചർച്ച ചെയ്തത്. അല്ലാതെ ജനറൽ കേസല്ല. Out of Court settlement ഉണ്ടാകുന്ന കേസുകളിൽ നേരത്തെ അധിക തുക അടച്ചത് റീഫണ്ട് ചെയ്യില്ല എന്നതാണ് 76-ാം വകുപ്പിനുശേഷം '76A' എന്ന് ഭേദഗതി ചെയ്തിരിക്കുന്നത്. എന്തുകൊണ്ടാണ് അങ്ങനെ വരാനുള്ള കാര്യം? പ്രസ്തുത തുക ലഭിക്കുമ്പോൾതന്നെ (ഈ തുക സർക്കാരിലേക്ക് അല്ല പോകുന്നത്) നിയമസഹായ നിധിയിലേക്ക് സ്വരൂപിക്കുന്ന ടി തുകയുടെ 70 ശതമാനം കേരള അഭിഭാഷക ക്ഷേമനിധിയിലേക്കാണ് പോകുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജൻ സൂചിപ്പിച്ചതുപോലെ, 70 ശതമാനവും അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിലേക്കാണ് പോകുന്നത്. 30 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫയർ ഫണ്ടിലേക്കുമാണ് പോകുന്നത്. കൂടാതെ, ഈ രണ്ട്

ഫണ്ടിൽനിന്നും പത്ത് ശതമാനം തുക വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് നീക്കിവച്ചശേഷമാണ് ഈ 70 ശതമാനവും 30 ശതമാനവും കൊടുക്കുന്നത്. സർക്കാർ ഈ തുക എടുക്കുകയല്ല; സർക്കാരിന് നഷ്ടവുമുണ്ടാകുന്നില്ല; സർക്കാരിന് ഇപ്പോഴും കിട്ടുന്നില്ല; അതിനാൽ സർക്കാരിന് നഷ്ടമുണ്ടാകും എന്ന് പറയുന്ന വാദം ശരിയല്ല. ജനറലായിട്ടുള്ള എല്ലാകേസിലും അധിക ഫീസ് അനുവദിച്ചവർക്ക് അത് തിരിച്ചുകൊടുക്കില്ലെന്ന് പറയുന്നത് ശരിയല്ല. കോടതിക്ക് പുറത്ത് തീർപ്പായ കേസുകളിലെ (Out of Court settlement) മാത്രം കാര്യമാണ്. പ്രയോഗികമായി ഈ തുക നേരത്തെ പോയതുകൊണ്ട് റീഇംബേഴ്സ് ചെയ്യാൻ സാധിക്കില്ല. ആ പ്രയോഗിക വശം ക്ലിയർ ചെയ്യുന്നതിനുവേണ്ടിയും ധാരാളം പരാതികൾ വരികയും ബഹു. ഹൈക്കോടതി രജിസ്ട്രാർക്കുടി ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഇവിടെ പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാല്യുവേഷൻ (അമെന്റ്മെന്റ്) ബിൽ, 2026 പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

Shri Muhammed Muhassin: Sir, I move the following amendments:

183. In section 76 A proposed to be inserted in the principal Act by clause 2, for the words " contained in any other provisions of this Act" the words " otherwise contained in this Act" shall be substituted.

236. In the proviso to section 76A of the principal Act proposed to be inserted by clause 2 for the words, figures and symbols " the Kerala Court Fees and Suits Valuation (Amendment) Act, 2026 (Act ---of 2026)." the words and symbol " this Act." shall be substituted.

Smt K. K. Rema: Sir, I move the following amendments:

197. In section 76A proposed to be inserted in the principal Act by clause 2, for the word " levied" the word " remitted" shall be substituted.

232. In the proviso to section 76A proposed to be inserted in the principal Act by the clause 2 before the word " commencement" the words " day of" shall be inserted.

Shri M. A. Razak Master: Sir, I move the following amendments:

198. In section 76A proposed to be inserted in the principal Act by clause 2, for the word " levied" the word " collected" shall be substituted.

213. In section 76A proposed to be inserted in the principal Act by clause 2, for the word " refunded" the word " returned" shall be substituted.

Shri Najeeb Kanthapuram: Sir, I move the following amendments:

203. In section 76A proposed to be inserted in the principal Act by clause 2, for the word " levied" the word " charged" shall be substituted.

220. In section 76A proposed to be inserted in the principal Act by Clause 2, for the word " refunded" the words " given back" shall be substituted.

Shri P. M. A. Sameer: Sir, I move the following amendments:

206. In section 76A proposed to be inserted in the principal Act by clause 2, for the word " levied" the word " fined" shall be substituted.

225. In section 76A proposed to be inserted in the principal Act by clause 2, for the word " refunded" the word " reimbursed" shall be substituted.

Shri P. P. Sumod: Sir, I move the following amendment:

211. In section 76A proposed to be inserted in the principal Act by clause 2, the words and symbols " ,in no case," shall be

deleted.

Shri C. Ajayaprasad: Sir, I move the following amendments:

226. In section 76A proposed to be inserted in the principal Act by clause 2, after the word " refunded" the words and symbols " except in cases where the settlement is arrived at through mediation,

230. In the proviso to section 76A proposed to be inserted in the principal Act by clause 2, for the words " refund has been ordered but not executed or where the court has already agreed to a settlement but has not pronounced judgment" the words " any application for refund or settlement was pending consideration before any court or authority" shall be substituted.

240. After the proviso to section 76A proposed to be inserted in the principal Act by clause 2, the following further proviso shall be inserted;

" Provided further that nothing in this section shall apply to cases where the plaint or proceeding is rejected or returned under rules 10 and 11 of Order VII of the Code of Civil Procedure, 1908 before the commencement of the trial."

242. After the proviso to section 76A proposed to be inserted in the principal Act by clause 2, the following section shall be inserted

" 76B. *Review and Utilization Report*.-The Government shall lay an annual report detailing the total collection of the additional court fee and its allocation to the Legal Benefit Fund before the Legislative Assembly."

Shri K. Rajan: Sir, I move the following amendment:

227. Section 76A proposed to be inserted in the principal Act by clause 2 shall be recast as follows.
" 76A Refund of additional court fee in certain circumstances.- The additional court fee levied under section 76 shall be refundable in cases where the suit or proceeding is disposed of before the commencement of the trial or hearing, or in cases of compromise, settlement, or withdrawal of the suit before judgement, in such manner as may be prescribed."

Shri T. M. Sasi: Sir, I move the following amendment:

228. The proviso to section 76A proposed to be inserted in the principal Act by clause 2 shall be deleted.

Prof. Abid Hussain Thangal: Sir, I move the following amendment:

229. In the proviso to section 76A proposed to be inserted in the principal Act by clause 2, for the word " provision" the word " section" shall be substituted.

Shri V. K. Sanoj: Sir, I move the following amendment:

239. In the proviso to section 76A proposed to be inserted in the principal Act by clause 2 the words, figures and symbols " (Act---of 2026)" shall be deleted.

മി. സ്പീക്കർ: 190 മുതൽ 196 വരെയുള്ള ഭേദഗതികൾ ചട്ടം 82(v)

പ്രകാരം ക്രമാനുസൃതമല്ല. 184 മുതൽ 189 വരെയുള്ള ഭേദഗതികൾ 183-ാം നമ്പർ ഭേദഗതിക്കും 199 മുതൽ 202 വരെയുള്ള ഭേദഗതികൾ 198-ാം നമ്പർ ഭേദഗതിക്കും 204, 205 എന്നീ നമ്പർ ഭേദഗതികൾ 203-ാം നമ്പർ ഭേദഗതിക്കും 207 മുതൽ 210 വരെയുള്ള ഭേദഗതികൾ 206-ാം നമ്പർ ഭേദഗതിക്കും 212, 214 മുതൽ 216 വരെയുള്ള ഭേദഗതികൾ 213-ാം നമ്പർ ഭേദഗതിക്കും 217 മുതൽ 219 വരെയുള്ള ഭേദഗതികൾ 220-ാം നമ്പർ ഭേദഗതിക്കും 221 മുതൽ 224 വരെയുള്ള ഭേദഗതികൾ 225-ാം നമ്പർ ഭേദഗതിക്കും 231-ാം നമ്പർ ഭേദഗതി 230-ാം നമ്പർ ഭേദഗതിക്കും 241-ാം ഭേദഗതി 240-ാം നമ്പർ ഭേദഗതിക്കും 243-ാം നമ്പർ ഭേദഗതി 242-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ഭേദഗതികൾ നൽകിയ സർവശ്രീ കെ. കെ. വത്സരാജ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, ജി. ആർ. അനിൽ, പി. കെ. നവാസ്, സി. കെ. കാസിം,

കല്ലട മാഹിൻ, ടി. വി. ഇബ്രാഹിം, കുറുക്കോളി മൊയ്തീൻ, എം. റഹ്മത്തുള്ള, പി. കെ. ഫിറോസ്, ഫൈസൽ ബാബു, പി. അഷ്റഫലി, എ. കെ. എം. അഷ്റഫ്, ശ്രീമതി ഗീതാ ഗോപി, ശ്രീമതി ഫാത്തിമ തഹിലിയ എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(അംഗങ്ങളാരും സംസാരിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 183, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 197, 232 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. റസാഖ് മാസ്റ്റർ അവതരിപ്പിച്ച 198, 213 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 203, 220 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എം. എ. സമീർ അവതരിപ്പിച്ച 206, 225 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. അജയപ്രസാദ് അവതരിപ്പിച്ച 226, 230, 240, 242 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ശശി അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. സനോജ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri. K. Rajan: Sir, I move the following amendments.

121. In the preamble for the word " expedient" the word " beneficial" shall be substituted.

145. In the preamble for the word " purposes" the word " intentions" shall be substituted.

161. In the preamble for the word " appearing" the word " included" shall be substituted.

181. Clause 1 (2) shall be recast as follows:-
" (2) It shall come into force on such date as the Government may, by notification in the official Gazette, appoint."

മി. സ്പീക്കർ: 110 മുതൽ 120 വരെയുള്ള ഭേദഗതികളും 128 മുതൽ 138

വരെയുള്ള ഭേദഗതികളും 164 മുതൽ 169 വരെയുള്ള ഭേദഗതികളും ചട്ടം 82(iii) പ്രകാരവും 139 മുതൽ 144 വരെയുള്ള ഭേദഗതികൾ ചട്ടം 82(v) പ്രകാരവും ക്രമാനുസൃതമല്ല. 157 മുതൽ 160 വരെയുള്ള ഭേദഗതികളും 162, 163 എന്നീ നമ്പർ ഭേദഗതികളും 161-ാം നമ്പർ ഭേദഗതിക്കും 170-ാം നമ്പർ ഭേദഗതി 181-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 180 വരെയുള്ള ഭേദഗതികൾ 181-ാം നമ്പർ ഭേദഗതിക്കും 182-ാം നമ്പർ ഭേദഗതി 181-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 121, 145, 161, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാല്യുവേഷൻ (അമെന്റ്മെന്റ്) ബിൽ, 2026 പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാല്യുവേഷൻ (അമെന്റ്മെന്റ്) ബിൽ, 2026 പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ബിൽ, 2026 പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ, കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമായ 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ 12-10-2026-ൽ

അവതരിപ്പിക്കുകയും തുടർന്ന് 13-10-2026-ന് സബ്ജക്ട് കമ്മിറ്റി ബിൽ പരിഗണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ, 1951-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിന്റെ പരിധിയിൽ വരുന്ന മതസ്ഥാപനങ്ങളുടെയും എൻഡോവ്മെന്റുകളുടെയും ഭരണനിർവഹണവുമായി ബന്ധപ്പെട്ട കണക്കുകൾ, ഓഡിറ്റ്, ആനുകാലിക റിട്ടേണുകൾ, റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടിന്റെ മാതൃകയും ഉള്ളടക്കവും തുടങ്ങിയവ 'ഫസലി വർഷം' അടിസ്ഥാനമാക്കിയാണ് പരിപാലിച്ചു വരുന്നതെന്ന് സൂചിപ്പിച്ചിരുന്നു. ഫസലി വർഷം എന്നത് ജൂലൈ മുതൽ ജൂൺ വരെയാണ്. എന്നാൽ മലബാർ ദേവസ്വം ബോർഡ് പ്രവർത്തിച്ചുവരുന്നത് പ്രധാനമായും കേരള സർക്കാരിന്റെ ബജറ്റ് ഗ്രാന്റിലും അതിന്റെ എല്ലാ രേഖകളും കൈകാര്യം ചെയ്തുവരുന്നത് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലുമാണെന്നും സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക കണക്കുകളും ആദായനികുതി വകുപ്പ്, ബജറ്റുകൾ, അസ്സ്മെന്റുകളും ക്ഷേത്രങ്ങൾക്കായി അനുവദിക്കുന്ന തുക എന്നിവ ഉൾപ്പെടെ, സാമ്പത്തിക വർഷത്തിന്റെ

അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നതിനാൽ, കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കി ക്ഷേത്രങ്ങളിലെ കണക്കുകൾ തയ്യാറാക്കുന്നത് ഭരണാധികാരികൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന് അറിയിച്ചു. അതിനെത്തുടർന്ന് ഈ ആക്ടിൽ ഉചിതമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 'ഫസലി വർഷം' എന്ന വാക്കുകൾക്കുപകരം 'സാമ്പത്തിക വർഷം' എന്ന് ചേർത്തുകൊണ്ട് ഒരു ഭേദഗതി ബിൽ കൊണ്ടുവന്നത്. ഇതിനിടയിൽ സംഭവിച്ച ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 07-12-1993-ൽ ഹിന്ദു മത-ധർമ്മ സ്ഥാപന ഭരണവകുപ്പ് ഓഫീസിൽനിന്നും HR3/5691/93 നമ്പർ സർക്കുലർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, 01-01-1994 മുതൽ ഫസലി വർഷത്തെ കലണ്ടർ വർഷമായി കണക്കാക്കിയാണ് ക്ഷേത്രഭരണാധികാരികൾ നിലവിൽ പ്രവർത്തിക്കുന്നതെന്നാണ് ശ്രദ്ധയിൽപ്പെട്ടത്. ഇത് വിചിത്രമായൊരു സംഭവമാണ്. കാരണം 1993-ൽ ഇങ്ങനെയൊരു ഭേദഗതി സഭയിൽ വന്നതായി പറയുന്നു. അതായത് ഫസലി വർഷത്തിനുപകരം കലണ്ടർ വർഷമായി മാറ്റണമെന്ന ഭേദഗതി സഭയിൽ

വന്നതാണ്. എന്നാൽ ആ ബിൽ പാസ്സായിരുന്നില്ല. നിയമപ്രകാരം ഇപ്പോഴും ഫസലി വർഷമാണ് നിലനിൽക്കുന്നതെങ്കിലും, 1994 ജനുവരി 1 മുതൽ കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നാണ് ശ്രദ്ധയിൽപ്പെട്ടത്. അതിനും ഒരു പരിരക്ഷ വേണ്ടതാണ്. അതുകൊണ്ട് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിലെ നിർദിഷ്ട ഭേദഗതി നിലവിൽ പ്രധാന ആക്ടിലൂടെ....., 1991-1996 കാലഘട്ടത്തിൽ ബഹുമാനപ്പെട്ട ചെയർ ഈ സഭയിൽ അംഗമായിരുന്നു. ഇപ്പോൾ ഇവിടെയുള്ളവരിൽ അങ്ങ് മാത്രമാണ് അന്നത്തെ സഭയിൽ അംഗമായിട്ടുണ്ടായിരുന്നത്. അന്ന് സഭയിൽ അവതരിപ്പിച്ച ബിൽ എന്തുകൊണ്ടാണ് പാസ്സാകാതെ പോയതെന്ന് അറിയില്ല, റിക്കാർഡുകളിലൊന്നും അത് കാണാനുമില്ല.

<u>മി. സ്പീക്കർ</u>: അതിനുശേഷം ഗവൺമെന്റ് ഒരു സർക്കുലറും ഓർഡറും ഇറക്കിയിരുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, സഭയിൽ അത് കൊണ്ടുവരികയോ പാസാക്കുകയോ ചെയ്തിരുന്നില്ല.

മി. സ്പീക്കർ: സഭയിൽ കൊണ്ടുവന്നില്ലെങ്കിലും അഡ്മിനിസ്ട്രേറ്റീവായി ചെയ്തിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, റിക്കാർഡുകൾ പ്രകാരം ഫസലി വർഷമാണെങ്കിലും കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. നിലവിലെ പ്രധാന ആക്ടിലെ 'ഫസലി വർഷം' എന്നത് 'സാമ്പത്തിക വർഷം' എന്നാക്കി മാറ്റുന്നതിനുള്ള ഭേദഗതി മാത്രമാണിത്. എന്നാൽ പ്രസ്തുത സർക്കുലർ പ്രകാരം കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കി 01-01-1994 മുതൽ ഇന്നുവരെ ക്ഷേത്രങ്ങളിൽ കണക്കുകളും മറ്റും പരിപാലിച്ചു വന്നിട്ടുള്ളതിനാൽ, ആയതിന് നിയമപരിരക്ഷ നൽകേണ്ടത് ആത്യാവശ്യമായി വന്നിരിക്കുകയാണ്. അതിനാൽ, ഈ ഭേദഗതി നിയമം പ്രാബല്യത്തിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്ന തീയതി വരെ കലണ്ടർ വർഷം അടിസ്ഥാനമാക്കി ചെയ്തതോ ചെയ്തിട്ടുള്ളതോ ആയ നടപടികളെ സാധൂകരിക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ചേർക്കേണ്ടതുണ്ട്. അത് ഉൾപ്പെട്ട ഔദ്യോഗിക ഭേദഗതി ഇതിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: വിയോജനക്കുറിപ്പ് നൽകിയ ശ്രീ. കെ. യു. ജനീഷ് കുമാർ, ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീ. യു. ആർ. പ്രദീപ് എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ഇന്ന് വൈകുന്നേരം 4:30-ന് ലെജിസ്ലേറ്റേഴ്സ് ഹോമിൽ പമ്പാ ബ്ലോക്കിന്റെ താക്കോൽദാന ചടങ്ങുണ്ട്. 64 എം.എൽ.എ.-മാർക്ക് ഇന്ന് താക്കോൽ കൈമാറുകയാണ്. അതിനുമുമ്പായി ഇന്നത്തെ സഭാ നടപടികൾ പൂർത്തിയാക്കാൻ എല്ലാ അംഗങ്ങളും സഹകരിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. ഫസലി വർഷത്തെ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടണമെന്നും കഴിഞ്ഞ കുറെ നാളുകളായി കലണ്ടർ വർഷമായി കണക്കാക്കി പ്രവർത്തിച്ചുവരികയായിരുന്നുവെന്നും ബഹുമാനപ്പെട്ട മന്ത്രി തന്നെ സഭയിൽ സൂചിപ്പിച്ചു. ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല, എന്നിരുന്നാലും ബിൽ പ്രായോഗികതലത്തിൽ വരുമ്പോഴുണ്ടാകുന്ന നിരവധി പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിൽ ഏറ്റവും

പ്രധാനമായി, ഈ സഭ തന്നെ പാസ്സാക്കിയ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നിലനിൽപ്പുണ്ട്. ഓഡിറ്റിന്റെ തുടർച്ച എങ്ങനെ ഉണ്ടാകുമെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ല. അങ്ങനെ ചില പ്രയോഗിക പ്രശ്നങ്ങൾ ഈ ബില്ലിലുണ്ട്. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും പഴയ മദ്രാസ് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അത് പ്രവർത്തിച്ചുവരുന്നത്. മലബാർ ദേവസ്വം ബോർഡിനായി ഒരു പ്രത്യേക നിയമം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1400-ഓളം ക്ഷേത്രങ്ങളും 7000-ത്തോളം ജീവനക്കാരുമുണ്ട്. അതിൽ സ്വന്തം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് വരുമാനം കണ്ടെത്തി പ്രവർത്തിക്കാൻ കഴിയുന്ന ക്ഷേത്രങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. സ്വന്തമായി വരുമാനം കണ്ടെത്താത്തതിന്റെ ഭാഗമായി ധാരാളം ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം പോലും നൽകാൻ കഴിയാത്ത പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ പല ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ട് ഏകദേശം ഒന്നരവർഷത്തോളമായി. കാടാമ്പുഴ ഉൾപ്പെടെയുള്ള

ക്ഷേത്രങ്ങളിൽ വലിയ വരുമാനമുണ്ട്. ശബരിമലയിലെ വരുമാനമെടുത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവിതാംകൂർ ക്ഷേത്രത്തിന് കീഴിലുള്ള മറ്റ് പല ക്ഷേത്രങ്ങളിലും ചെലവഴിക്കുന്നതുപോലെ, മലബാർ ദേവസ്വം ബോർഡിൽ ചെലവഴിക്കാൻ കഴിയുന്നില്ല. അങ്ങനെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് അവിടെ കുറെയധികം പ്രതിസന്ധികൾ നിലനിൽക്കുന്നുണ്ട്. അക്കാര്യത്തിലെല്ലാം ഒരു മാറ്റം അനിവാര്യമാണ്. കഴിഞ്ഞ കുറെ കാലങ്ങളായി പല ഘട്ടങ്ങളിലും അവർക്കുവേണ്ടി ഒരു നിയമം കൊണ്ടുവരുമെന്ന് പറയുന്നുണ്ടെങ്കിലും അതൊന്നും യാഥാർഥ്യമാകുന്നില്ല. അതിനാൽ ഇത്തരം കാര്യങ്ങളെല്ലാം കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് പരിഹരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശബരിമലയുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയുമെല്ലാം അവിടെ യോഗങ്ങൾ ചേർന്നു. പക്ഷേ, തീർഥാടകരുടെ അവസ്ഥ വളരെ പരിതാപകരമാണ്. നമുക്കറിയാം മണ്ഡലകാലം ആരംഭിക്കാൻ ഇനി പത്തോ പതിനാലോ ദിവസം മാത്രമേയുള്ളൂ. അങ്ങനെയിരിക്കുമ്പോൾ ചിങ്ങം, കന്നി,

തുലാം മാസ പൂജകളും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആ കാലങ്ങളുമെല്ലാം മിനി സീസണായിട്ടാണ് അറിയപ്പെടുന്നത്. ഇത്തവണ വലിയ പ്രതിസന്ധിയും പ്രയാസങ്ങളുമാണ് ഈ മാസം പൂജയ്ക്കെത്തിയ അയ്യപ്പ ഭക്തർ അനുഭവിച്ചത്. ധാരാളം പ്രശ്നങ്ങൾ അവിടെ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. പ്രഖ്യാപനങ്ങൾ പലതും നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വന്നു, യോഗം ചേർന്നു. 75 ലക്ഷം ടിൻ അരവണ കരുതലായി ശേഖരിക്കുമെന്ന മാസ് ഡയലോഗെല്ലാം പറഞ്ഞിട്ടു പോയി. പക്ഷേ അരവണ പ്ലാന്റുപോലും പ്രവർത്തനക്ഷമമാകുന്നില്ല. ആഗസ്റ്റ് മാസം അവസാനിക്കുന്നതിന് മുമ്പ് ശർക്കര മഹാരാഷ്ട്രയിൽ നിന്നും മുൻ വർഷങ്ങളിലെല്ലാമെത്തുമായിരുന്നു. പക്ഷേ ഇതുവരെയും ശർക്കര എത്തിയിട്ടില്ല. ഇനി ധാരാളം നടപടിക്രമങ്ങൾ അതുമായി ബന്ധപ്പെട്ടുണ്ട്. അതിനുശേഷം ഈ പ്ലാന്റ് പ്രവർത്തനക്ഷമമാക്കി അരവണ ഉൽപാദിപ്പിക്കണം. കഴിഞ്ഞ മാസങ്ങളിലെല്ലാം റേഷൻ പോലെയായിരുന്നു കൊടുത്തിരുന്നത്. നമുക്ക് ആ സ്ഥിതിയുണ്ടാക്കി എടുക്കാനായി കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി കുറെ കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. ഇടപെടുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ കയ്യിൽമാത്രം നിൽക്കുന്ന കാര്യമല്ല. മുമ്പ് ഒരു

മിനിട്ടിൽ മൂന്ന് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഭക്തർക്കുവേണ്ടി ഏർപ്പാട് ചെയ്യുമായിരുന്നു. ഞങ്ങൾ വാഹനം ഏർപ്പാടാക്കിയിട്ടുണ്ടെന്നാണ് കെ.എസ്.ആർ.ടി.സി. പറയുന്നത്. പക്ഷേ, ഇക്കഴിഞ്ഞ തീർഥാടന സമയത്ത് അവിടെ കെ.എസ്.ആർ.ടി.സി. ഇല്ലായിരുന്നു. ശബരിമലയുടെ ചരിത്രത്തിലാദ്യമായി പൊലീസ് വാഹനത്തിൽ അയ്യപ്പ ഭക്തരെ പമ്പയിൽ നിന്നും നിലയ്ക്കലേക്ക് കൊണ്ടുവരുന്നൊരു സ്ഥിതിയുണ്ടായി. അത് നമുക്കാകെ അപമാനമാണ്. എങ്ങനെയെന്ന് ചോദിച്ചാൽ പമ്പയിൽ നിന്നും നിലയ്ക്കലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് ഇല്ല. അതിന്റെ ഭാഗമായി ഭക്തജനങ്ങൾ പമ്പയിൽ നിന്നും നടന്ന് നിലയ്ക്കലേയ്ക്കെത്തുന്നു. പൊലീസ് എ.ഡി.ജി.പി. ഉൾപ്പെടെ അവരുടെ വാഹനം തടയുന്നു. അങ്ങനെ വലിയ പ്രയാസം അവർ നേരിട്ടു. ചരിത്രത്തിൽ ആദ്യമായി ചാലക്കയം മുതൽ എരുമേലി വരെ റോഡ് ഒരുപോലെ ബ്ലോക്കാകുന്ന സ്ഥിതിയുണ്ടായി. ഒരു കെടുകാര്യസ്ഥത ഇക്കാര്യങ്ങളിലെല്ലാം നിലനിൽക്കുന്നു. മരാമത്ത് പണികൾ കൊടുക്കുന്ന കാര്യത്തിലുൾപ്പെടെ ധാരാളം പ്രയാസങ്ങളുണ്ട്. അങ്ങ് ചുരുക്കണമെന്ന് പറഞ്ഞതുകൊണ്ട് എല്ലാ കാര്യങ്ങളും എടുത്ത് പറയാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല പ്രഖ്യാപനങ്ങളും

അവിടെവന്ന് നടത്തി. തിരുപ്പതി മോഡലാക്കും, കൊച്ചി എയർപോർട്ടിൽ ചരിത്രത്തിലാദ്യമായി ഹെൽപ് ഡെസ്ക് തുടങ്ങും. ഹെൽപ് ഡെസ്ക്കെല്ലാം നേരത്തെ തുടങ്ങിയതാണ്. ശബരിമലയിൽ തിരുപ്പതി മോഡലൊന്നും വേണ്ട. തിരുപ്പതി മോഡൽ ശബരിമലയിൽ പ്രായോഗികമാകില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. തിരുപ്പതി മോഡൽ ക്യൂ കോംപ്ലക്സെല്ലാം അവിടെ കെട്ടിയിട്ട് ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇവിടെ എല്ലാ വകുപ്പുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് 32-ഓളം വകുപ്പുകളുടെ സഹായം ആവശ്യമാണ്. ഇപ്പോഴത്തെ പോക്ക് കണ്ടാൽ വരാൻ പോകുന്ന തീർഥാടനത്തിന് വലിയ നിലയിലുള്ള പ്രയാസമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെവന്ന് വ്ലോഗർമാരെ അനുസ്മരിപ്പിക്കുന്ന നിലയിലുള്ള റീലെല്ലാമെടുത്തു. പക്ഷെ, റിയാലിറ്റി അദ്ദേഹം മനസ്സിലാക്കിയിട്ടില്ല. റിയാലിറ്റി ദേവസ്വം വകുപ്പുമന്ത്രി മനസ്സിലാക്കി. തലേദിവസം മുഖ്യമന്ത്രി പറഞ്ഞതിനുശേഷം അടുത്ത ദിവസം രാവിലെ ദേവസ്വം വകുപ്പുമന്ത്രി സന്നിദാനത്ത് അയ്യപ്പന്റെ മുന്നിൽ നിന്ന് കളവ് പറയാൻ കഴിയാത്തതുകൊണ്ടാകും അദ്ദേഹം പറഞ്ഞു; ആകെ പ്രതിസന്ധിയാണ്, പ്രയാസമാണ് കാര്യങ്ങളൊന്നും നടക്കുന്നില്ല. നമ്മൾ ദേവസ്വം ബോർഡും ഗവൺമെന്റും തമ്മിലുള്ള തർക്കമായി മാറരുത്. വിവിധ

സംസ്ഥാനങ്ങളിൽ നിന്നും നിരവധി ഭക്തരാണ് ശബരിമലയിൽ എത്തുന്നത്. അവർക്ക് പ്രയാസമുണ്ടാകരുത്. യോഗം നടത്തിയ ദിവസം മുതൽ തന്നെ അവിടെ വന്നിട്ടുള്ള ഭക്തന്മാരെല്ലാം വലിയ നിലയിലുള്ള പ്രയാസം അനുഭവിച്ചിട്ടുണ്ട്. ഈയൊരു പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട്, ശബരിമല സീസണിൽ പരാതി ഉണ്ടാകാതിരിക്കാൻ ഗൗരവതരമായിട്ടുള്ളൊരു ഇടപെടൽകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുമുമ്പ് നേരത്തെ സഭയിൽ അവതരിപ്പിച്ചപ്പോഴും, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചോ ഇത് എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നതിനെക്കുറിച്ചോ കൃത്യമായി വ്യക്തമാക്കുന്നില്ല. ഇപ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗിക ഭേദഗതി കൊണ്ടുവരികയും സഭയിൽ വ്യക്തമാക്കുകയും ചെയ്തത്. സത്യം പറഞ്ഞാൽ, നേരത്തെ തന്നെ ഇതിനൊരു നിയമമുണ്ട്. എന്നാൽ ആ നിയമത്തിന് വിരുദ്ധമായിട്ടാണ് ഇത്രയും കാലം പ്രവർത്തിച്ചിരുന്നതെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? അതിന്റെ പിന്നിലുള്ള കാരണങ്ങളും ആ നിയമങ്ങൾ എന്തുകൊണ്ട് നടപ്പാക്കിയില്ലെന്നതുമെല്ലാം

ആഴത്തിൽ പഠിച്ചതിനു ശേഷമായിരുന്നു അവതരിപ്പിക്കേണ്ടിയിരുന്നതെന്നാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, സബ്ജക്ട് കമ്മിറ്റിയിൽ വരുന്നതുവരെയോ അല്ലെങ്കിൽ അവിടെ നിന്ന് കമ്മിറ്റി കഴിഞ്ഞ് വരുന്നതുവരെയോ യാതൊരു സൂചനയുമില്ലാത്ത ചില പുതിയ കാര്യങ്ങളാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പൊതുവായി പറയുകയാണെങ്കിൽ 70, 71, 76, 79 എന്നീ വകുപ്പുകളെല്ലാംതന്നെ 'ഫസലി വർഷം' എന്നുള്ളത് മാറ്റി സാമ്പത്തിക വർഷം എന്നാക്കുകയാണ്. 94 മുതലുള്ള രേഖകളെല്ലാം അങ്ങനെതന്നെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ, നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അതിനെ സാധൂകരിക്കുകയും തുടർന്ന് ആ രീതിയിലേക്ക് കാര്യങ്ങൾ കൊണ്ടുപോകുകയുമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത് എന്നാണ് പറയുന്നത്. അതിനുശേഷം, സബ്ജക്ട് കമ്മിറ്റിയിൽ യാതൊരു ചർച്ചയും നടക്കാതെ, ഇന്ന് പുതുതായി കടന്നുവന്ന രണ്ട് ക്ലോസുകൾ ഇവിടെ കാണാൻ സാധിക്കുന്നുണ്ട്. അതിലൊന്ന്, വളരെ ഗൗരവമുള്ളൊരു കാര്യമാണ്. 6-ാം വകുപ്പിനെക്കുറിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്.

മി. സ്പീക്കർ: ക്ലോസ് ബൈ ക്ലോസ് എടുക്കുന്ന സമയത്ത് അത് ചർച്ച

ചെയ്താൽ പോരേ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇത് സഭയിൽ ചർച്ച ചെയ്യുമ്പോൾ പ്രധാനമായും ഉന്നയിക്കേണ്ട ഒരു കാര്യമുണ്ട്. അതായത്, ഒരു കോടതിയിലും സർക്കാരിനോ ബോർഡിനോ മതസ്ഥാപനങ്ങൾക്കോ മറ്റേതെങ്കിലും വ്യക്തികൾക്കോ അധികാരികൾക്കോ എതിരെ, യാതൊരു അവകാശവാദത്തിന്റെയും പേരിൽ കേസ് ഫയൽ ചെയ്യാനോ നിലനിർത്താനോ നടപടികളുമായി മുന്നോട്ടു പോകാനോ പാടില്ല എന്നൊരു വ്യവസ്ഥ ഇതിലുണ്ട്. ഇതിന് 'ഫസലി' വർഷവുമായിട്ടോ 'സാമ്പത്തിക വർഷ'വുമായിട്ടോ എന്താണ് ബന്ധമുള്ളത്? വർഷങ്ങളായി, ബ്രിട്ടീഷ് കാലം മുതൽ കാർഷിക കലണ്ടറായി ഉപയോഗിച്ചിരുന്ന 'ഫസലി' മാറ്റി 'സാമ്പത്തിക വർഷം' ആക്കുന്നു എന്നത് അഡ്മിനിസ്ട്രേറ്റീവ് ആവശ്യങ്ങൾക്ക് കുറച്ചുകൂടി സൗകര്യപ്രദമാണെന്ന് നമുക്ക് മനസ്സിലാക്കാം. പക്ഷെ, ഇതിൽ പറയുന്ന ' No suit or other legal proceedings shall be instituted, maintained, or continued in any court against the Government, the Board, any religious institution or any other person or authority in respect of any claim whatsoever' എന്ന വ്യവസ്ഥ

കാണുമ്പോൾ, ആരെ വെളുപ്പിക്കാനാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് സംശയിച്ചുപോകുകയാണ്. ഈ നിയമത്തിൽപ്പറയുന്ന, ഈ കാലഘട്ടത്തിലെ സാമ്പത്തിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യക്തത വരുത്താനാണ് കോടതിയിൽ പോകാതിരിക്കുന്നതെന്നുണ്ടെങ്കിൽ അത് ഒരു പരിധിവരെ മനസ്സിലാക്കാം. എന്നാൽ, വളരെ ലളിതമായി ഏതൊരാൾക്കും നീതി ലഭിക്കുന്നതിനുവേണ്ടി കോടതിയിൽ പോകാൻ പറ്റില്ലെന്ന് പറയുന്ന തരത്തിലുള്ളൊരു നിയമം - സബ്ജക്ട് കമ്മിറ്റിയിൽ യാതൊരു ചർച്ചയും നടക്കാതെ, ആ ചർച്ചകളെല്ലാം കഴിഞ്ഞ് പുതിയൊരു ഘട്ടമായി - ഇങ്ങനെ പെട്ടെന്ന് എന്തിനാണ് കൊണ്ടുവന്നത്? കോടതി വിധിയോ ഉത്തരവോ ഉണ്ടായാലും ബാധകമല്ല എന്ന് അതിന്റെ നേരത്തെയുള്ള ഖണ്ഡത്തിൽ പറയുന്നുണ്ട്. അതോടൊപ്പംതന്നെ, ഒരു കേസിനും പോകാൻ പറ്റില്ലെന്ന് ഈ ഫസലി നിയമത്തിനപ്പുറത്ത് പറയുന്നത് സ്വാഭാവികമായും നീതി നിഷേധിക്കലാണ്. അതുകൊണ്ടുതന്നെ ആ ഒരു ഖണ്ഡം, 6-ാം വകുപ്പിലെ (b) പൂർണ്ണമായും ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം നിയമപരമായി ആരെയൊക്കെയോ രക്ഷപ്പെടുത്താൻവേണ്ടി അതിൽ ഇത് ഉൾപ്പെടുത്തുന്നത്

ശരിയല്ല. പഴയ ബാധ്യതകളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുണ്ടാകില്ലെന്നുള്ളത് സർക്കാർ ഉറപ്പാക്കണം. നിയമത്തിൽ ആ വകുപ്പ് അവിടെ കൊണ്ടുവന്നതിന്റെ കാരണം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ചെറിയൊരു കാര്യം കൂടി ഇതുമായി ബന്ധപ്പെട്ട് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട പൊതുവായിട്ടുള്ള ഒന്നുരണ്ട് പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ് ദേവസ്വം ബോർഡുകളിൽ നിന്ന് വ്യത്യസ്തമായി, മലബാർ ദേവസ്വം ബോർഡിന്റെ വരുമാനം വളരെ കുറവാണ്. 1400-ൽ അധികം ക്ഷേത്രങ്ങൾ ഇതിന് കീഴിലുണ്ടെങ്കിലും ആയിരത്തോളം വരുന്ന ക്ഷേത്രങ്ങൾ സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന സാഹചര്യമാണുള്ളത്. പ്രത്യേകിച്ച് സി, ഡി കാറ്റഗറിയിലുള്ള ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം നിത്യനിദാന ചെലവുകൾക്കുപോലും ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. ജീവനക്കാരുടെ ശമ്പളമടക്കമുള്ള കാര്യങ്ങൾ നൽകാൻ കഴിയുന്നില്ല. ശാന്തിക്കാർ മുതൽ കഴകം, അടിച്ചുതളിക്കാർ അടക്കമുള്ള ജീവനക്കാർ വലിയ രീതിയിലുള്ള സാമ്പത്തിക പ്രയാസങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഇതിൽ സി, ഡി

കാറ്റഗറിയിൽ പ്രത്യേകിച്ച് 25 ലക്ഷത്തിന് മുകളിൽ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളാണെങ്കിൽ, ജീവനക്കാർക്ക് ദേവസ്വം ബോർഡിൽ നിന്ന് ഗ്രാന്റ് ഒന്നും ലഭിക്കുന്നില്ല. ഇനി ബാക്കിയുള്ളവരുടെ കാര്യമെടുത്താൽ, ശമ്പളത്തിന്റെ 70 ശതമാനം മാത്രമാണ് ലഭിക്കുന്നത്. നേരത്തെ നടത്തിയ ശമ്പള പരിഷ്കരണത്തിന്റെ അരിയർ അടക്കമുള്ള തുക ലഭിക്കാനും പരിഷ്കരിച്ച ശമ്പളം കൃത്യമായി വാങ്ങാനും കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ ക്ഷേത്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സ്ലാബ് സിസ്റ്റം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വം ബോർഡുകളിൽ നൽകുന്നതുപോലെ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും വേതന ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെതന്നെ പ്രധാനപ്പെട്ട ഒന്നാണ് ക്ഷേമനിധി പെൻഷൻ പരിഷ്കരണം. നിലവിൽ വളരെ ചെറിയൊരു തുകയാണ് പെൻഷനായി ലഭിക്കുന്നത്. അത് വർധിപ്പിക്കാനുള്ള അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ തന്നെയാണ് എനിക്കും പറയാനുള്ളത്. എന്നാൽ അതിനോട് കൂട്ടിച്ചേർത്ത് പറയാനുള്ളത്, എന്റെ നിയോജകമണ്ഡലത്തിൽ ഒരു ട്രസ്റ്റ് സംഘടിപ്പിച്ച പരിപാടിയിൽ ഞാനും ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയും പങ്കെടുക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം മനസ്സ് തുറന്ന് ഒരു കാര്യം പറയുകയുണ്ടായി. ഏത് ഗവൺമെന്റ് വന്നാലും സത്യസന്ധമായി പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ, അതിന്റെ താഴെത്തട്ടിലേക്കെത്തുമ്പോൾ ഉദ്ദേശിച്ച രീതിയിലേക്ക് കാര്യങ്ങൾ എത്തുന്നില്ലെന്നും, ആരെയാണ് വിശ്വസിക്കേണ്ടെതെന്ന് അറിയാൻ കഴിയാത്ത അവസ്ഥയാണുണ്ടാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ആ കാര്യത്തിൽ കൃത്യമായി ഇടപെട്ട് പരമാവധി പരിഹാരങ്ങൾ കാണുകയാണ് ഓരോ ഗവൺമെന്റും ചെയ്യേണ്ടത്. അത്തരത്തിൽ കഴിഞ്ഞ ഗവൺമെന്റ് പട്ടികജാതി/പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്ന ആളുകളെ പൂജ പഠിപ്പിച്ച് അവരെ അമ്പലങ്ങളിൽ നിയമിച്ച മാതൃകാപരമായ ഒരു കാര്യം രാജ്യം

മുഴുവൻ ശ്രദ്ധിച്ചതാണ്. അങ്ങനെയുള്ള പുരോഗമനപരമായ കാര്യങ്ങൾ ഇനിയും ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. നിയമനങ്ങൾ നടത്തുന്ന കാര്യത്തിൽ കെ.ഡി.ആർ.ബി. നിയമങ്ങൾ വളരെ കർശനമായി പാലിക്കുന്നുണ്ട്. ദേവസ്വം ബോർഡിന്റെ കീഴിൽത്തന്നെ സ്കൂളുകളും ആശുപത്രികളും ഉൾപ്പെടുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. അവിടെയെല്ലാം കെ.ഡി.ആർ.ബി നിയമങ്ങൾ പാലിച്ചുകൊണ്ട് നിയമനം നടത്താൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കണം. അതുപോലെ, ചില ആളുകൾ വലിയ തോതിൽ ദേവസ്വം ഭൂമി കൈയേറി കൈവശം വച്ചിട്ടുണ്ട്. ഭാവിയിൽ അതിന്റെ സർവെയും ജി.ഐ.എസ് മാപ്പിങ്ങും നടത്തി കൈയേറിയ ദേവസ്വം ഭൂമി തിരികെ പിടിക്കാനുള്ള ശക്തമായ ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ധാരാളം ഭക്തജനങ്ങൾ വന്നുപോകുന്ന നിരവധി ക്ഷേത്രങ്ങളുണ്ട്. അത്തരം ക്ഷേത്രങ്ങളെ പരിസ്ഥിതി സൗഹൃദ ക്ഷേത്രങ്ങളാക്കി മാറ്റാൻ കഴിയുന്ന രീതിയിലുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, സി, ഡി

കാറ്റഗറികളിൽപ്പെടുന്ന ധാരാളം ക്ഷേത്രങ്ങൾ വരുമാനമില്ലാതെ കഷ്ടപ്പെടുന്നുണ്ട്. എന്നാൽ വരുമാനം കൂടിയ ക്ഷേത്രങ്ങളും ഗുരുവായൂർ ദേവസ്വം പോലുള്ളവയും അതിൽ ഉൾപ്പെടുന്നുണ്ട്. അത്തരം വലിയ ക്ഷേത്രങ്ങളിൽനിന്ന് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ചെറിയ ഗ്രാന്റ് വർധിപ്പിച്ച് നൽകിയാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ധാരാളം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അത് വലിയ സഹായമാകും. സർക്കാരിൽനിന്നോ മറ്റ് പ്രധാന സ്ഥാപനങ്ങളിൽ നിന്നോ ഗ്രാന്റായി ലഭിക്കുന്ന ആ തുക ഉപയോഗിച്ച്, ഈ ജീവനക്കാരുടെ വളരെ കുറഞ്ഞ ശമ്പളം വർധിപ്പിച്ച് നൽകാൻ കഴിയുമോ എന്ന് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം.

ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. പി. സുമോദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെൻഡ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മലബാറിലെ ക്ഷേത്രഭരണം ഏകീകരിക്കാനും ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ലക്ഷ്യമിട്ട് മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ ബിൽ 2023-ലെ വ്യവസ്ഥകൾ നടപ്പാക്കാനാവശ്യമായ സത്വര നടപടികളാണ് യഥാർഥത്തിൽ സർക്കാർ സ്വീകരിക്കേണ്ടത്. മലബാർ ക്ഷേത്രമേഖലയിൽ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ക്ഷേത്രങ്ങളുടെ നിത്യനിദാന നടത്തിപ്പാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ മലബാർ മേഖലയിൽ ഏറ്റവും കൂടുതലുള്ളത് വരുമാനമില്ലാത്ത ക്ഷേത്രങ്ങളാണ്. അതുപോലെ തന്നെയാണ് അവിടത്തെ ജീവനക്കാരുടെ തുച്ഛമായ ശമ്പളവും. പലപ്പോഴും ആ ശമ്പളം പോലും ലഭിക്കാത്ത സ്ഥിതിയുമുണ്ട്. 12 മാസം മുതൽ 18 മാസം വരെ ശമ്പളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആകെയുള്ള ഏഴായിരം ജീവനക്കാരിൽ രണ്ടായിരത്തി അഞ്ഞൂറോളം ജീവനക്കാർക്കുമാത്രമാണ് അതത് മാസത്തെ ശമ്പളം കൃത്യമായി ലഭിക്കുന്നത്. അത് ഗുരുതരമായ പ്രശ്നമാണ്; അവരുടെ ജീവിതം തന്നെ പ്രയാസകരമായ സാഹചര്യത്തിലേയ്ക്ക് കൊണ്ടുപോകുന്ന അവസ്ഥയാണുള്ളത്. സർക്കാർ

ഗ്രാന്റ് നൽകുന്നത് മലബാർ ദേവസ്വം ബോർഡിനാണ്. ബോർഡാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. എന്നാൽ അതിനും പലപ്പോഴും വലിയ കാലതാമസം നേരിടുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം നാട്ടിലുള്ള ഏതൊരാൾക്കും കമ്മിറ്റികളുണ്ടാക്കാമെന്നതാണ് ക്ഷേത്രങ്ങളുടെ ദാരിദ്ര്യത്തിനിടയാകുന്ന മറ്റൊരു ഘടകം. ശ്രീകോവിൽ പുതുക്കിപ്പണിയുക, കുത്തമ്പലം പുതുക്കിപ്പണിയുക, അമ്പലം പുതുക്കിപ്പണിയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കമ്മിറ്റികൾ രൂപീകരിക്കപ്പെടുകയും പിന്നീട് ആ കമ്മിറ്റികൾക്ക് ബോർഡ് അംഗീകാരം നൽകുകയും നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയും ചെയ്യും. അത്തരത്തിൽ രൂപീകരിക്കുന്ന കമ്മിറ്റികൾ പിരിച്ചെടുക്കുന്ന പണം ഇവരുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. ഇങ്ങനെ തരാതരം കയറിപ്പറ്റി ട്രസ്റ്റുകളുണ്ടാക്കുകയും ആ ട്രസ്റ്റുകൾ പലപ്പോഴും സമ്പന്നരാകുകയും ചെയ്യുമ്പോൾ അമ്പലങ്ങൾ സ്ഥിരമായി ദാരിദ്ര്യത്തിലാകുന്ന കാഴ്ചയാണ് മലബാർ മേഖലയിലുള്ളത്. നിലവിലെ നിയമത്തിലെ ഈ വിചിത്ര ഘടനയെ മറികടക്കാൻ സാധിക്കാത്തതാണ് ഇവിടത്തെ പ്രധാന പോരായ്മയായി നിലനിൽക്കുന്നത്. ഇതിനൊക്കെയുള്ള

ഒരേയൊരു ബദൽ എന്നുപറയുന്നത് തിരുവിതാംകൂർ മാതൃകയിൽ സ്വയംപര്യാപ്തത എന്ന നിലയിലേയ്ക്ക് ഏറ്റവും നല്ല ഒരു ദേവസ്വം സംവിധാനമാക്കി മലബാർ മേഖലയെ മാറ്റിയെടുക്കുക എന്നതാണ്. പഴയ മദ്രാസ് നിയമത്തിന്റെ പ്രയാസകരമായ സാഹചര്യങ്ങളെ മറികടക്കാനാവശ്യമായ നിയമസംവിധാനം കൊണ്ടുവരാൻ സർക്കാർ അടിയന്തരമായി തീരുമാനമെടുക്കണം.

<u>ശ്രീ. കെ. പ്രവീൺ കുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെൻഡ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഫസലി വർഷത്തിൽനിന്നും സാമ്പത്തിക വർഷത്തിലേയ്ക്ക് വരുമ്പോൾ, ദേവസ്വം ബോർഡിനും മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും നിലവിലുള്ള ഒട്ടേറെ

പ്രയാസങ്ങൾ മറികടക്കാൻ ഇത് ഏറെ ഉപകാരപ്രദമാകും. ഇതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. അതുപോലെതന്നെ, മുമ്പ് മലബാറിലെ ജനപ്രതിനിധി കൂടിയായിരുന്ന ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിക്ക് ഇത് നേരിട്ട് അറിയാവുന്നതുമാണ്. പക്ഷെ എന്നെ അത്ഭുതപ്പെടുത്തുന്നത് പ്രതിപക്ഷാംഗങ്ങളുടെ സംസാരമാണ്! ഇവരുടെ പ്രസംഗം കേട്ടാൽ വിചാരിക്കും കഴിഞ്ഞ പത്തുവർഷക്കാലം നമ്മളായിരുന്നു ഭരിച്ചതെന്ന്. കഴിഞ്ഞ പത്തുവർഷക്കാലത്തിനിടയ്ക്ക് ബുദ്ധിമുട്ടനുഭവിക്കുന്ന പാവപ്പെട്ട ക്ഷേത്ര ജീവനക്കാർക്ക് അനുകൂലമായി ഒരു നടപടിയും സ്വീകരിക്കാതെയാണ് അവർ ഇന്നിവിടെ വന്ന് ഘോരഘോരം പ്രസംഗിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1300-ൽ അധികം അമ്പലങ്ങളുണ്ട്. അവിടത്തെ പ്രശ്നങ്ങളൊക്കെ സത്യവുമാണ്. സൂപ്പർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, എ, ബി, സി, ഡി എന്നിങ്ങനെ പല ഗ്രേഡുകൾ ക്ഷേത്രങ്ങൾക്കുണ്ട്. അതിൽ എ, ബി, സി, ഡി ഗ്രേഡുകളിൽ

വരുന്ന അമ്പലങ്ങളുടെ സ്ഥിതി വളരെ ഗുരുതരമാണ്. നാം അമ്പലത്തിൽ പോകുന്നത് ഈശ്വര പ്രീതിക്കായാണ്. എന്നാൽ ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഉത്തരവാദിത്വം ആ ക്ഷേത്രത്തിലെ ശാന്തിക്കാരനും കഴകക്കാരനുമൊക്കെയാണ്. ശാന്തിക്കാരന് ഭഗവാന് നല്ലൊരു പൂവ് അർപ്പിക്കാൻ സാധിച്ചില്ലെങ്കിൽ, അല്ലെങ്കിൽ ഒരു വിളക്ക് കത്തിക്കാൻ വകയില്ലെങ്കിൽ, ശംഖനാദം മുഴക്കുന്നവന് ശംഖ് ഇല്ലെങ്കിൽ, അടിച്ചുത്തളിക്കാരന് ശുചീകരണത്തിനുള്ള ഉപകരണങ്ങളില്ലെങ്കിൽ എന്തൊരു കഷ്ടമാണെന്ന് ആലോചിച്ചു നോക്കൂ. കഴിഞ്ഞ സർക്കാർ ഈ പത്ത് വർഷക്കാലത്തിനിടയ്ക്ക് ഇക്കാര്യങ്ങളിലൊക്കെ എന്തെങ്കിലും ചെയ്തോ? 2011 മുതൽ 2016 വരെ കേരളം ഭരിച്ചിരുന്ന ഉമ്മൻ ചാണ്ടി സർക്കാർ ചെയ്ത ആശ്വാസ നടപടികളല്ലാതെ, കഴിഞ്ഞ പത്തുവർഷക്കാലം മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കുവേണ്ടി ഒന്നും ചെയ്യാത്ത സർക്കാരായിരുന്നു പിണറായി വിജയൻ സർക്കാർ. ചില അമ്പലങ്ങളുടെ അവസ്ഥ എത്ര ദയനീയമാണെന്നു വച്ചാൽ, രാത്രി അത്താഴ പൂജയ്ക്ക് നിവേദ്യമില്ലെങ്കിൽ ജീവനക്കാർതന്നെ പട്ടിണി കിടക്കേണ്ട

സാഹചര്യമായിരുന്നു. ....(ബഹളം).... ഈ ജീവനക്കാരുടെ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുൻ സർക്കാരിന് നിരന്തരം നിവേദനങ്ങൾ നൽകിയിട്ടുമുണ്ട്. തടവുകാരുടെ വേതനം വർധിപ്പിച്ചു നൽകിയപ്പോൾ പോലും ഈ പാവപ്പെട്ട ക്ഷേത്ര ജീവനക്കാർക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞ സർക്കാർ തയ്യാറായില്ല. മാത്രവുമല്ല, അവിടെ ട്രസ്റ്റി ബോർഡ് രൂപീകരിച്ചത് ബഹുരസമാണ്. മഴകൊള്ളാതിരിക്കാൻ അമ്പലത്തിനകത്താണ് ഇവർ ട്രസ്റ്റി ബോർഡ് വച്ചത്. ചില ആളുകൾ ട്രസ്റ്റി ബോർഡിൽ വന്ന് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യും. അതേ ആളുകൾ തന്നെ പഞ്ചായത്ത് മെമ്പറാകുമ്പോൾ സഗൗരവം സത്യപ്രതിജ്ഞ ചെയ്യും. അങ്ങനെ അമ്പലവുമായി ഒരു ബന്ധവുമില്ലാത്ത ആളുകളെ ട്രസ്റ്റി ബോർഡിൽ തിരുകിക്കയറ്റി പല അമ്പലങ്ങളും തകർക്കുകയും രാഷ്ട്രീയവൽക്കരിക്കുകയുമാണ് അവർ ചെയ്തത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി അഷ്ടിക്ക് വകയില്ലാത്ത അമ്പലങ്ങളിൽനിന്നുപോലും മോഷണം നടന്നിട്ടും എന്തെങ്കിലും നടപടിയെടുത്തോ; മോഷണം നടത്തിയ ട്രസ്റ്റി ബോർഡിനെ പിരിച്ചുവിട്ടോ? ഒന്നുമുണ്ടായില്ല. അങ്ങനെയുള്ള ആളുകളാണ്

ഇന്നിവിടെ വന്ന് മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കായി സമഗ്ര പദ്ധതി വേണമെന്ന് പറയുന്നത്. എന്നാൽ എനിക്ക് ഉറപ്പുണ്ട്, ഈ സർക്കാരിന്റെ കൈയിൽ അതിനുള്ള വ്യക്തമായ പദ്ധതിയുണ്ട്. ആവശ്യമായ മാറ്റങ്ങൾ വരിക തന്നെ ചെയ്യും. അത് ഈ സർക്കാരിന്റെ പരിഗണനയിലുണ്ടെന്നുള്ള ഉറച്ച വിശ്വാസം എനിക്കുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. യു. ജനീഷ് കുമാർ ഇവിടെ ശബരിമലയെക്കുറിച്ച് പറയുകയുണ്ടായി. ശബരിമലയിൽ .....(ബഹളം).... ഞാൻ വഴങ്ങുന്നില്ല..... (ബഹളം)....

മി. സ്പീക്കർ: ശ്രീ. കെ. യു. ജനീഷ് കുമാർ... തർക്കം വേണ്ട. തീർക്കട്ടെ.. 4.30-ന് തീർക്കണം. എം.എൽ.എ.- മാർക്കെല്ലാം താക്കോൽ ദാനച്ചടങ്ങിൽ പോകേണ്ടതുണ്ട്.... സമയത്തിന്റെ കൺസ്ട്രയിനുണ്ട്.....വേഗം പറഞ്ഞ് തീർത്തോളൂ.....

ശ്രീ. കെ. പ്രവീൺ കുമാർ: സർ, ഞാൻ ചോദിക്കട്ടെ, ശബരിമലയെക്കുറിച്ച് ഇവിടെ ചിലർ പറയുകയുണ്ടായി. ഞാൻ കോഴിക്കോടുകാരനാണ്. തുലാമാസ പൂജയ്ക്ക് ശബരിമലയിലേയ്ക്ക് ധാരാളം

ആളുകൾ പോകുന്നുണ്ട്. അവിടേയ്ക്ക് പോകുന്നവരായ ഭക്തരെല്ലാം നല്ല സന്തോഷത്തിലാണ്, എല്ലാവർക്കും നല്ല ദർശനം ലഭിക്കുന്നുമുണ്ട്. ഒരുകാര്യം ഇവിടെ ഞാൻ ഉറപ്പിച്ച് പറയുകയാണ്: ശ്രീ. വി. ഡി. സതീശൻ മുഖ്യമന്ത്രിയും ശ്രീ. കെ. മുരളീധരൻ ദേവസ്വം വകുപ്പുമന്ത്രിയുമായ ഒരു കേരളം വരുമെങ്കിൽ, അയ്യപ്പന്റെ മുതലൊക്കെ തികച്ചും സുരക്ഷിതമായിരിക്കും. അതിനൊന്നും ഒരു കോട്ടവും തട്ടാൻ പോകുന്നില്ല. മാത്രമല്ല, യഥാർഥ വിശ്വാസികൾക്ക് യാതൊരു തടസ്സവുമില്ലാതെ നല്ല ദർശനം ലഭിക്കുകയും ചെയ്യും. എന്നാൽ, അമ്പലത്തിന്റെ അകത്ത് പോകാത്ത ആളുകൾ, തിരുപ്പതി അമ്പലത്തിന്റെ അകത്തുപോലും കയറാത്ത മെമ്പർമാർ എങ്ങനെയാണ് തിരുപ്പതിയെക്കുറിച്ചും ശബരിമലയെക്കുറിച്ചുമൊക്കെ സംസാരിക്കുക? ശബരിമലയുടെ അകത്തുപോയി അവിടെനിന്ന് മനസ്സറിഞ്ഞ് പ്രാർഥിച്ചിട്ടുള്ളവരാണ് ഞങ്ങൾ. 'തിരുപ്പതി മോഡൽ' ശബരിമല ആക്കുമെന്ന് വെറുതെ വന്ന് പറയുന്നവർ അതൊന്ന് മനസ്സിലാക്കണമെങ്കിൽ ജീവിതത്തിൽ ഒരു തവണയെങ്കിലും തിരുപ്പതിയിൽ പോകണം. ഒരു തവണയെങ്കിലും സന്നിധാനത്ത് പോയി അയ്യപ്പനെ

തൊഴാൻ തയ്യാറാകണം. അല്ലാത്ത ആളുകൾ വന്ന് ഇതിനെയൊക്കെ പരിഹസിക്കുമ്പോൾ, അത് സാക്ഷാൽ അയ്യപ്പനോട് ചെയ്യുന്ന ഏറ്റവും വലിയ നീതികേടാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഈ ബില്ലിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. അതോടൊപ്പംതന്നെ, മലബാർ ദേവസ്വം ജീവനക്കാരുടെ ദയനീയമായ പ്രശ്നങ്ങൾ പരിഗണിക്കാനും അവർക്ക് അനുയോജ്യമായ നല്ല കാര്യങ്ങൾ ചെയ്യാനും ഈ സർക്കാർ തയ്യാറാകുമെന്ന അടിയുറച്ച പ്രതീക്ഷയോടുകൂടി ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് മുഹസിൻ 6-ാം വകുപ്പിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് കോടതിയെ സമീപിക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ജീവനക്കാരുടെ അവകാശ സംരക്ഷണത്തിനായി കോടതിയെ സമീപിക്കുന്നതിൽ യാതൊരു തടസ്സവുമില്ല. എന്നാൽ, കലണ്ടർ വർഷത്തിന്റെ പേരിൽ നാളെ അത് കോടതിയിൽ ചോദ്യം ചെയ്യപ്പെടരുത്

എന്നുള്ളതുകൊണ്ടാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. നിയമസഭ അതിന്റെ പൂർണ്ണ പരിരക്ഷ നൽകുന്ന ബില്ലാണ് പാസാക്കിയിട്ടുള്ളത്. അതിൽ മാത്രമാണ് വ്യക്തത വരുത്തിയിട്ടുള്ളത്; അല്ലാതെ ജീവനക്കാരുടെ അവകാശങ്ങൾക്കുവേണ്ടി ആർക്കും കോടതിയിൽ പോകുന്നതിന് നമുക്ക് തടസ്സം നിൽക്കാനാകില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, അത് കുറച്ചുകൂടി വ്യക്തമായി പറയേണ്ടതുണ്ടോ എന്ന് ചോദിച്ചതിനോടും എനിക്ക് എതിരഭിപ്രായമില്ല. കലണ്ടർ വർഷത്തെക്കുറിച്ചാണോ പറയുന്നത് എന്ന് ബില്ലിൽ വ്യക്തമായി സൂചിപ്പിക്കാത്തതുകൊണ്ടാണ് ഞാൻ ആ വിഷയം എടുത്തുപറഞ്ഞത്.

ശ്രീ. കെ. മുരളീധരൻ: സർ, അതുകൂടി ചേർത്താണ് ഭേദഗതി കൊണ്ടുവന്നത്. ഭാവിയിൽ അത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാം എന്ന മുന്നറിയിപ്പുള്ളതുകൊണ്ടാണ് അദ്ദേഹം ആ ഭേദഗതി മുന്നോട്ടുവച്ചത്. ഇവിടെ ദേവസ്വം ബോർഡുകളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് സൂചിപ്പിച്ചത് 100

ശതമാനവും ശരിയാണ്. മലബാർ ദേവസ്വം എന്നത് കൊച്ചി ദേവസ്വം ബോർഡിനെയോ തിരുവിതാംകൂർ ദേവസ്വം ബോർഡിനെയോ പോലെയല്ല പ്രവർത്തിക്കുന്നത്. അവിടെയുള്ള ഭൂരിഭാഗം ക്ഷേത്രങ്ങളും ഇപ്പോഴും വിവിധ ട്രസ്റ്റുകളുടെ നിയന്ത്രണത്തിലാണ്. ഒരു സമഗ്ര ബിൽ കൊണ്ടുവരുമെന്ന് ഞാൻ ഈ നിയമസഭയിൽ വ്യക്തമാക്കിയപ്പോൾത്തന്നെ ചില ട്രസ്റ്റിമാർ നിവേദനങ്ങളുമായി എന്നെ സമീപിക്കുകയുണ്ടായി. തങ്ങളുടെ അവകാശങ്ങളിൽ ഇടപെട്ടാൽ കോടതിയിൽ പോകുമെന്നാണ് അവർ പറയുന്നത്. അവർ കോടതിയിൽ പൊയ്ക്കോട്ടെ. എന്തായാലും ഒരു കാര്യം എനിക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും - മലബാർ ദേവസ്വത്തിന് പൂർണ്ണ അധികാരമുള്ള സ്വതന്ത്രമായ ഒരു ദേവസ്വം ബോർഡ് ആവശ്യമാണ് എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. അതിന് അനുയോജ്യമായ നിയമനിർമ്മാണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ബന്ധപ്പെട്ട എല്ലാവരുമായും വിശദമായ ചർച്ചകൾ പൂർത്തിയാക്കിയശേഷം ആ നിയമം നമ്മൾ ഈ സഭയിൽ കൊണ്ടുവരികയും പാസാക്കിയെടുക്കുകയും ചെയ്യും.

നിലവിൽ ദേവസ്വം ബോർഡിന് സർക്കാർ ഗ്രാന്റുകൾ നൽകുന്നുണ്ടെങ്കിലും ബോർഡിന് അർഹമായ അധികാരങ്ങളൊന്നുമില്ലാത്ത അവസ്ഥയാണുള്ളത്. കാര്യങ്ങളെല്ലാം ഇപ്പോഴും നിയന്ത്രിക്കുന്നത് ട്രസ്റ്റിമാരാണ്. ഈയൊരു രീതിക്ക് മാറ്റം വന്നേ തീരൂ. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളെപ്പോലെ മലബാർ ദേവസ്വത്തിനും സ്വതന്ത്രമായ പദവി ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ വ്യക്തമായ നയം. മലബാർ ദേവസ്വം ബോർഡിന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരം പോലുമില്ലാത്ത അവസ്ഥയുണ്ട്. കോഴിക്കോട് നഗരത്തിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഒരു സ്ഥലം ഇതിനായി വിട്ടുനൽകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു. ആ സ്ഥലം ലഭ്യമാകുന്നതോടെ മലബാർ ദേവസ്വം ബോർഡിന് സ്വന്തമായൊരു ആസ്ഥാനം യാഥാർഥ്യമാകും. ഇതുമായി നേരിട്ട് ബന്ധമുള്ള വിഷയമല്ലെങ്കിലും ദേവസ്വം കാര്യങ്ങൾ ചർച്ച ചെയ്യുന്ന സാഹചര്യത്തിൽ ശബരിമലയെക്കുറിച്ച് ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ

ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കന്നി മാസ പൂജാ വേളയിൽ അരവണ സ്റ്റോക്കില്ലാത്ത ഒരു സാഹചര്യമുണ്ടാകുകയും അരവണ ലഭ്യതക്കുറവുമൂലം പ്രതിസന്ധി രൂപപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ദേവസ്വം ബോർഡുമായി ചില വിഷയങ്ങളിൽ തർക്കങ്ങൾ ഉയർന്നുവന്നത്. അതുകൊണ്ടാണ് സഭയിൽ അംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചത്. എന്നാൽ, ദേവസ്വം ബോർഡ് പ്രസിഡന്റുതന്നെ നേരിട്ട് മുൻകൈയെടുത്ത് അക്കാര്യത്തിൽ ആവശ്യമായ ഉറപ്പ് നൽകിയിട്ടുണ്ട്. ഇതിനിടയിൽ ചെറിയൊരു പ്രായോഗിക തടസ്സം നേരിടുകയുണ്ടായി. മുമ്പ് സർക്കാർ സമ്മതിച്ചിരുന്നതുപോലെ ചാലക്കയം-പമ്പ റോഡ് ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലാണെങ്കിലും അതിന്റെ നിർമ്മാണ പ്രവൃത്തികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ചെയ്യാമെന്ന് അറിയിച്ചിരുന്നു. എന്നാൽ, ഇതിനായി ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്ന് നൽകേണ്ടിയിരുന്ന ഉപക്ഷേപം പാസ്സാക്കി നൽകുന്നതിൽ താമസം നേരിട്ടതുകൊണ്ടാണ് കഴിഞ്ഞ തുലാം മാസത്തിൽ ആ റോഡ് പണി ചെയ്യേണ്ടി വന്നത്. ഈ

അനുമതി കുറച്ചുകൂടി നേരത്തെ ലഭിച്ചിരുന്നെങ്കിൽ ആ പ്രവൃത്തികൾ നേരത്തെ തന്നെ പൂർത്തിയാക്കാമായിരുന്നു. എങ്കിലും നിലവിൽ ആ തടസ്സങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ അതിൽ മറ്റ് പ്രശ്നങ്ങളൊന്നുമില്ല. നിലവിൽ 75 ലക്ഷം ടിൻ അരവണ ലഭ്യമാക്കുമെന്ന് ദേവസ്വം ബോർഡ് ഉറപ്പു നൽകിയിട്ടുമുണ്ട്. ദേവസ്വം ബോർഡ് എന്നത് ഒരു സ്വതന്ത്ര ബോഡിയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. അത്തരം ഒരു സ്വതന്ത്ര സ്ഥാപനത്തിന്റെ ദൈനംദിന കാര്യങ്ങളിൽ സർക്കാർ ഇടപെടാറില്ല. എന്നിരുന്നാലും ദേവസ്വം ബോർഡ് പ്രസിഡന്റും അംഗങ്ങളും നൽകിയ ഉറപ്പുകൾ ഞങ്ങൾ പൂർണ്ണമായും മുഖവിലയ്ക്കെടുക്കുന്നു. അരവണ നിർമ്മാണ പ്ലാന്റുകളിൽ ഒന്ന് തകരാറായിരുന്നു. ഈ ആഴ്ചയുള്ളിൽ, അതായത് 30-06-2026-ഓടെ ആ പ്ലാന്റിന്റെ കേടുപാടുകൾ തീർത്ത് പ്രവർത്തനസജ്ജമാക്കുന്നതാണ്. വരാനിരിക്കുന്ന ശബരിമല തീർഥാടന സീസൺ അവസാനിക്കുന്നതോടെ,

പുതിയ പ്ലാന്റുകൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള സമഗ്രമായ മാറ്റങ്ങൾ ബോർഡുമായി ആലോചിച്ച് തീരുമാനിക്കും. ഈ വർഷത്തെ ശബരിമല ദർശനവും തീർഥാടനവും വളരെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഞാൻ മുമ്പും പലതവണ ശബരിമലയിൽ പോയി തൊഴുത് മടങ്ങിയിട്ടുണ്ടെങ്കിലും അരവണ പ്ലാന്റ് നേരിട്ട് കാണാൻ സാധിക്കുന്നത് ഇതാദ്യമായാണ്. അക്കാര്യത്തിൽ ഒരു സത്യം പറയാതിരിക്കാൻ എനിക്ക് കഴിയില്ല. അതികഠിനവും ചൂടുപൊള്ളുന്നതുമായ അന്തരീക്ഷത്തിലാണ് അരവണ പ്ലാന്റിലെ ജീവനക്കാർ അഹോരാത്രം പണിയെടുക്കുന്നത്. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ, ആഴ്ചയിൽ ഏഴ ദിവസവും 24 മണിക്കൂറും (24x7) വിശ്രമമില്ലാതെ ജോലി ചെയ്യുന്നവരാണ് അവർ. സത്യത്തിൽ, ആ ജീവനക്കാരുടെ കഠിനാധ്വാനം ഒന്നു കൊണ്ടുമാത്രമാണ് നമുക്ക് ആവശ്യത്തിന് അരവണ ലഭ്യമാകുന്നത്. ഒരു ദിവസം ഞാൻ പ്ലാന്റിൽ സന്ദർശനം നടത്തിയ സമയത്ത് അരവണ സ്റ്റോക്കിനെ സംബന്ധിച്ച്

ചെറിയൊരു സംശയം പ്രകടിപ്പിക്കുകയും അക്കാര്യം ജീവനക്കാരുമായി പങ്കുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ, എന്റെ വാക്കുകൾ കേട്ട് തൊട്ടടുത്ത ദിവസം രാത്രി കൊണ്ടുതന്നെ ലക്ഷക്കണക്കിന് ടിൻ അരവണയാണ് അവർ നിർമ്മിച്ച് സജ്ജമാക്കിയത്. കഴിഞ്ഞ തുലാമാസത്തിൽ പതിവിലും കൂടുതൽ ഭക്തജനങ്ങൾ ശബരിമലയിൽ എത്തിയപ്പോഴും അവർക്ക് തടസ്സമില്ലാതെ അരവണ നൽകാൻ സാധിച്ചത് ഈ ജീവനക്കാരുടെ സമർപ്പണം കൊണ്ടാണ്. അതുകൊണ്ട്, ആ പ്ലാന്റിലെ ഓരോ ജീവനക്കാരനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മൾ പുറമേനിന്ന് വിമർശനങ്ങൾ ഉന്നയിക്കുമ്പോൾ, അതിനു പിന്നിൽ ഇത്രയും കഷ്ടപ്പെട്ട് പണിയെടുക്കുന്ന മനുഷ്യരുണ്ടെന്ന സത്യം ലോകം അറിയേണ്ടതുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം, അവരെയാണ് ഞാൻ ശരിക്കുള്ള ഭക്തരായി കാണുന്നത്. ഈ പ്രവർത്തനങ്ങൾക്കെല്ലാം സർക്കാരിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. തൽക്കാലം ഫിനാൻഷ്യൽ ഇയറുമായി ബന്ധപ്പെട്ട

പ്രായോഗിക ന്യൂനതകൾ പരിഹരിക്കാനാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഭാവിയിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നമുക്ക് സഭയിൽ കൊണ്ടുവരാം. അതിനായി സംസ്ഥാന സർക്കാരിന്റെ പൂർണ്ണമായ പിന്തുണയുണ്ടാകുമെന്ന് ഉറപ്പുനൽകിക്കൊണ്ട്, ഈ ബിൽ സഭ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട ഒരു അംഗം സംസാരിച്ചപ്പോൾ മുഖ്യമന്ത്രി അവിടെവന്ന് ശബരിമലയിലെ ഡയലോഗ് പറഞ്ഞു; റീൽ ഇട്ടിട്ടുപോയി; റീലും റിയാലിറ്റിയും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നൊക്കെ പറയുകയുണ്ടായി. അദ്ദേഹത്തിന് ഒരു അബദ്ധം പറ്റിയിട്ടുണ്ട്. അരവണ 75 ലക്ഷം ടിൻ ലഭ്യമാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞത്, ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ദേവസ്വം ബോർഡ് പ്രസിഡന്റ് സർക്കാരിന് നൽകിയ ഉറപ്പാണ്. ദേവസ്വം ബോർഡ് പ്രസിഡന്റിനെക്കൂടി അടുത്തിരുത്തിക്കൊണ്ടാണ് മുഖ്യമന്ത്രി അത് സഭയിൽ വ്യക്തമാക്കിയത്. ഇവിടെ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം -

അവിടെ അപ്പവും അരവണയും പ്രസാദവും തയ്യാറാക്കേണ്ടത് സംസ്ഥാന സർക്കാരല്ല. എന്നിട്ട് അവിടെ ശർക്കര എത്തിയിട്ടില്ലെന്ന് പറഞ്ഞ് സർക്കാരിനെ കുറ്റപ്പെടുത്തുകയകയാണ്. ശർക്കര എത്തിയിട്ടില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം സർക്കാരിന്റേതല്ല. ഇടതുപക്ഷ സർക്കാർ നിയമിച്ച ദേവസ്വം ബോർഡാണ് അപ്പവും അരവണയും പ്രസാദവും അവിടെ സജ്ജമാക്കേണ്ടത്. എന്നിരുന്നാലും ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയും ഞാനും ദേവസ്വം ബോർഡുമായി നേരിട്ട് സംസാരിക്കുകയും ആവശ്യമായ അരവണ ലഭ്യമാക്കുമെന്ന ഉറപ്പ് അവർ നൽകുകയും ചെയ്തിട്ടുണ്ട്. അത് ഞങ്ങൾ സഭയെ അറിയിച്ചപ്പോൾ ശർക്കര വന്നില്ലെന്ന് പറഞ്ഞ് വീണ്ടും ഈ സർക്കാരിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. റീലും റിയാലിറ്റിയും ഒന്നാണെന്ന് ശബരിമലയിൽ ഈ സർക്കാർ തെളിയിച്ചു തരും. ഈ സർക്കാർ റീൽ ഇട്ടിട്ടുണ്ടെങ്കിൽ അത് റിയാലിറ്റിയാക്കി മാറ്റുകതന്നെ ചെയ്യും. തിരുപ്പതി മോഡലിൽ ശബരിമലയിലെ സൗകര്യങ്ങൾ വികസിപ്പിക്കുമെന്ന് പറഞ്ഞാൽ, അത് തിരുപ്പതി മോഡലിൽ തന്നെ ഞങ്ങൾ മാറ്റിയെടുക്കും. അതോടൊപ്പം,

ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പ്രവീൺ കുമാർ സൂചിപ്പിച്ചതുപോലെ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായതുപോലെ വാതിലും കട്ടിളപ്പടിയും അവിടെ എത്തുന്ന നെയ്യുമൊന്നും വേറെ വഴിക്ക് ചോർന്നു പോകില്ലെന്ന് ഞങ്ങൾ ഉറപ്പുതരുന്നു. അത് കൃത്യമായി നോക്കാൻ ഈ സർക്കാരിന് അറിയാം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ,.....

മി. സ്പീക്കർ: ക്ലോസ് ചെയ്യാം. നേരത്തെതന്നെ പറഞ്ഞില്ലേ. ശ്രീ. കെ. യു. ജനീഷ് കുമാർ..... സമയമില്ല..... ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മറുപടിക്കുശേഷം നമ്മൾ ക്ലോസ് ചെയ്യുകയാണ്. അങ്ങേയ്ക്ക് എന്തെങ്കിലും ചോദ്യം ചോദിക്കാനുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ശബരിമലയിലെ കാര്യങ്ങളെല്ലാം ചെയ്യുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡാണെന്നും, ആ ദേവസ്വം ബോർഡ് പ്രസിഡന്റ് പറയുന്ന കാര്യങ്ങൾ പത്രസമ്മേളനത്തിൽ വിളിച്ചു പറയാൻ മാത്രമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയും ഇരിക്കുന്നതെങ്കിൽ, നിങ്ങൾ എന്തിനാണ് ഇത്രയധികം

അവലോകന യോഗങ്ങൾ വിളിച്ചുചേർത്തത്? ആ യോഗങ്ങളിൽ വച്ച് നിങ്ങൾ എന്തെല്ലാം തീരുമാനങ്ങളാണ് സ്വീകരിച്ചത്? കഴിഞ്ഞ മാസം അവിടെ കടുത്ത അരവണ ദൗർലഭ്യമുണ്ടായിരുന്നു എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഭാവിയിൽ അത്തരം ഒരു സാഹചര്യം ഉണ്ടാകരുത്. അത് ഉണ്ടാകാതിരിക്കണമെങ്കിൽ മുൻകൂട്ടി തന്നെ ശർക്കര അവിടെ എത്തിക്കണം; ശർക്കര വന്നതുതൊണ്ടു മാത്രം കാര്യമായില്ല; അവിടെയുള്ള അരവണ പ്ലാന്റിന്റെ തകരാറുകൾ പരിഹരിച്ച് അത് പ്രവർത്തനസജ്ജമാക്കണം. ആ പ്ലാന്റ് ശരിയായി പ്രവർത്തിച്ച് ആവശ്യത്തിന് അരവണ ഉൽപാദിപ്പിക്കുകയും അത് ഭക്തജനങ്ങൾക്ക് തടസ്സമില്ലാതെ നൽകുകയും വേണം എന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ 'റീൽ' ഇട്ടുവെന്ന് ഞാൻ പറഞ്ഞപ്പോൾ, "ഞാൻ പോകുന്ന വഴിയിൽ ആർക്കും ബുദ്ധിമുട്ടുണ്ടാകരുത്" എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം ഓർമ്മപ്പെടുത്തുകയാണ്. എന്നാൽ അങ്ങ് ശബരിമലയിൽ വന്ന ദിവസം ചാലക്കയം മുതൽ എരുമേലി വരെ ചരിത്രത്തിൽ ആദ്യമായി കിലോമീറ്ററുകളോളം റോഡ് ബ്ലോക്കായിരുന്നു. അയ്യപ്പഭക്തന്മാർ അന്ന് എത്രമാത്രം പ്രയാസപ്പെട്ടുവെന്നറിയാമോ?

ചാലക്കയം മുതൽ നിലയ്ക്കൽ വരെയുള്ള റോഡ് പണി തടസ്സപ്പെടുത്തുന്ന വകുപ്പുകളെ വെറുതെ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല ഇത്. ചുരുങ്ങിയത് ഈ തീർഥാടന സമയത്തെങ്കിലും ഭക്തജനങ്ങൾക്ക് സുഗമമായ തീർഥാടന സൗകര്യം അവിടെ ഒരുക്കണം. അതിനെ വ്യക്തിപരമായി എടുത്ത് സഭയിൽ വാചക കസർത്തുനടത്തി നിയമസഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, വാചകക്കസർത്ത് നടത്തിയത് ആരാണെന്ന് ഇപ്പോൾ എല്ലാവർക്കും മനസ്സിലായല്ലോ? അപ്പവും അരവണയും പ്രസാദവുമൊക്കെ തയ്യാറാക്കേണ്ടത് ദേവസ്വം ബോർഡാണെന്നാണ് ഞാൻ പറഞ്ഞത്. അതിൽ സർക്കാരിന് നേരിട്ട് യാതൊരു ജോലിയുമില്ല. എന്നാൽ കഴിഞ്ഞ പ്രാവശ്യം ദേവസ്വം ബോർഡ് കൃത്യമായി അരവണ വിതരണം നടത്താത്തതു കാരണം ചില സംശയങ്ങളും ആശങ്കകളും ഉണ്ടായതുകൊണ്ട്, ഈ സീസണിൽ യാതൊരു പ്രശ്നവും ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ആവശ്യപ്പെടുകയായിരുന്നു. അപ്പോൾ അപ്പവും അരവണയും തടസ്സമില്ലാതെ

ലഭ്യമാക്കാമെന്ന് ദേവസ്വം ബോർഡ് ഞങ്ങൾക്ക് ഉറപ്പുനൽകിയതാണ്. ഞങ്ങൾ വിളിച്ചുചേർത്ത അവലോകന യോഗങ്ങൾ അപ്പവും അരവണയും പ്രസാദവും ഉണ്ടാക്കാൻ വേണ്ടിയല്ല; മറിച്ച് ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങളും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനാണ്. ഉദാഹരണത്തിന്, ചാലക്കയം മുതൽ പമ്പ വരെയുള്ള റോഡ് നിർമ്മാണത്തിന് പണം അനുവദിച്ചെങ്കിലും ദേവസ്വം ബോർഡ് അതിനുള്ള ഔദ്യോഗിക അനുമതി നൽകിയാൽ മാത്രമേ പി.ഡബ്ല്യു.ഡി.-ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആ അനുമതി വൈകിയെങ്കിലും തിരുവനന്തപുരത്ത് ഞങ്ങൾ പ്രത്യേക യോഗം ചേർന്ന് ആ പ്രശ്നം പരിഹരിക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ ആ റോഡ് നിർമ്മാണം നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ടെൻഡർ വിളിച്ചു, എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ഒരു മാസം കഴിഞ്ഞ് ഒന്നാം തീയതി അവിടെ ചെല്ലുമ്പോൾ ആ റോഡ് പണി തുടങ്ങി. സർക്കാർ ഏറ്റെടുത്ത പണി ആ സീസണിന് മുമ്പ് തീരും. ഞങ്ങൾ അവിടെ തീരുമാനിച്ച ഫോറസ്റ്റ്, പോലീസ്, ഫയർ ഫോഴ്സ്, വാട്ടർ അതോറിറ്റി,

ഇറിഗേഷൻ തുടങ്ങിയ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം എന്താണ് ചെയ്യേണ്ടതെന്ന്; അവിടെയൊരു സ്ലാബ് മോശമായിട്ട് കിടക്കുന്നതുവരെ ഞങ്ങൾ ചൂണ്ടിക്കാണിച്ചു. അവിടെ വേയ്സ്റ്റ് ഒക്കെ ഭസ്മക്കുളത്തിലേക്ക് പോകുകയാണ്, അന്നദാനമണ്ഡത്തിന്റെ അവിടെനിന്നുള്ള വേയ്സ്റ്റ് ആണ്. ഇതെല്ലാം കൃത്യമായി പറഞ്ഞ് ചെയ്തതാണ്. എന്നിട്ട് അവിടെ ശർക്കര വന്നില്ലെങ്കിൽ കുറ്റം നിങ്ങൾ നിയമിച്ച ദേവസ്വം ബോർഡിന്റേതാണ്; അല്ലാതെ സർക്കാരിന്റെയല്ല. അപ്പോൾ വാചകക്കസർത്ത് ആരാണ് നടത്തിയതെന്ന് ഇപ്പോൾ മനസ്സിലായല്ലോ. പറയുമ്പോൾ ഓരോ ജോലിയും ആരുടെതാണെന്ന് മനസ്സിലാക്കിയിട്ട് വേണം പറയാൻ. ഞങ്ങൾ ഇപ്പോൾ നിങ്ങളുടെ കാലത്ത് രൂപീകരിച്ച ദേവസ്വം ബോർഡുമായി സഹകരിച്ച്; പ്രസിഡന്റും മെമ്പർമാരുമായി സഹകരിച്ചാണ്; കാരണം അവിടെ നല്ല രീതിയിൽ പോകണം. ഇപ്പോൾ സീസൺ തുടങ്ങിയിട്ടില്ല. സീസൺ തുടങ്ങുന്നത് അടുത്ത വൃശ്ചികം ഒന്നാം തീയതിയുടെ തലേ ദിവസം മുതലാണ്. കഴിഞ്ഞ ഒന്നാം തീയതി സീസൺ തുടങ്ങിയിട്ടില്ല. സീസൺ തുടങ്ങുന്നതിനുമുമ്പ് ഈ

ഗവൺമെന്റും ഇതിലെ മന്ത്രിമാരുമെടുത്ത തീരുമാനങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ആദ്യമായി ശബരിമലയിൽ ഉണ്ടാവുകയാണെന്നുകൂടി ബഹുമാനപ്പെട്ട അങ്ങയെയും സഭയെയും അറിയിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് ഇപ്പോൾ ചെയ്യുന്ന കാര്യങ്ങളെപ്പറ്റി പറഞ്ഞു. ആദ്യമായിട്ടാണ് ശബരിമല ഉണ്ടായതെന്നും ശബരിമലയിൽ ഇതെല്ലാം ചെയ്യുന്നതെന്നും പറയുന്നു. ആദ്യമായിട്ടല്ല, സ്ഥിരമായിട്ട് ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റുകൾ തുടർച്ചയാണ്. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, ഉമ്മൻചാണ്ടി തുടങ്ങി എത്രയോ പ്രഗത്ഭരായ മുഖ്യമന്ത്രിമാർ നേരത്തെ ഉണ്ടായിട്ടുണ്ട്. ഇത് ആദ്യമായിട്ടല്ല, അതിനകത്ത് സഭയിൽ ....(ബഹളം)...

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... ഒരു മിനിട്ട് ഇരിക്കൂ, ഞാൻ പറയാം. ഞാൻ മനസ്സിലാക്കിയിടത്തോളം ദേവസ്വം ബോർഡ് ചെയ്യേണ്ടത് ദേവസ്വവുമായി ബന്ധപ്പെട്ട കാര്യങ്ങളും അവരെ ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങളുമാണ്. ശബരിമലയുമായി ബന്ധപ്പെട്ട ഏഴ് ലൈൻ

ഡിപ്പാർട്ടുമെന്റുകളെപ്പറ്റി മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ലൈൻ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്താൽ മാത്രമേ ശബരിമലയിലെ എല്ലാ സംവിധാനങ്ങളും സുഗമമായി പ്രവർത്തിക്കുകയുള്ളൂ. അതിനുവേണ്ടി റോഡുകൾ, വാട്ടർ സോഴ്സുകൾ സംബന്ധിച്ച്, കുന്നാറിൽ നിന്നുള്ള വെള്ളത്തിന്റെ ഒഴുക്ക് അനുസരിച്ച്, വേസ്റ്റ് മാറ്റുന്നത് അടക്കമുള്ള കാര്യങ്ങളെല്ലാം ഏഴ് ലൈൻ ഡിപ്പാർട്ടുമെന്റുകൾ ഒരുമിച്ച് ചെയ്തെങ്കിലേ ഈ കോ-ഓർഡിനേഷൻ കറക്ട് ആവുകയുള്ളൂ. ആ കോ-ഓർഡിനേഷൻ കറക്ടാകുന്നതിനെക്കുറിച്ചാണ് മുഖ്യമന്ത്രി പറഞ്ഞതെന്ന് ഞാൻ കരുതുന്നു. അതിൽ ദേവസ്വവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന് റോളുണ്ട്. അത് കോടതിയുടെ നിഗമനങ്ങളിൽ ഉണ്ട്. അത് കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലെ വരികയുള്ളൂ. പക്ഷേ അഡ്മിനിസ്ട്രേറ്റീവ് ആയി കേരളത്തിന്റെ ടെറിട്ടറിയിൽ നിൽക്കുന്നതിനാൽ ഈ ടെറിട്ടറിയുടെ ഭരണാധികാരമുള്ള ഗവൺമെന്റിനാണ് പുറത്തുള്ള കാര്യങ്ങളുടെ ചുമതല. ആയത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചർച്ച

അവസാനിപ്പിക്കാം.

മി. സ്പീക്കർ: ശ്രീ. പി. പി. സുമോദ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രവീൺ കുമാർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പ്രവീൺ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം മൂന്നും നാലും വകുപ്പുകൾ

(ഭേദഗതി ഇല്ല)

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri K. Rajan: Sir, I move the following amendment:

159. After section 79 of the principal Act proposed to be amended by clause 5, the following section shall be inserted:
"79A. Transition period provision.–Any budget, return, or

audit report initiated or pending under the fasli year system prior to the commencement of this Act shall be regularized and adapted to the financial year system in such manner as may be prescribed."

മി. സ്പീക്കർ: 160 മുതൽ 165 വരെയുള്ള ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

Minister for Health and Devaswoms (Shri K. Muraleedharan): Sir, I move the following official amendment:

167. After clause 5, the following clause shall be added, namely:-

"6. *Special provision and validation*.- Notwithstanding anything contained in the principal Act or in any judgment, decree or order of any court,-

(a) the use of the expression " fasli year" in the principal Act on and from the 1st day of January, 1994 to the date of commencement of the Madras Hindu Religious and Charitable Endowments (Amendment) Act.....(.....of....), shall be deemed to be a " year" as defined in sub-clause (42) of section 2 of the Travancore-Cochin Interpretation and General Clauses Act, 1125 (ME) (Act VII of 1125) and all acts, proceedings and anything done or taken or deemed to have been done or taken by the Government or the Board or religious institutions based on such year shall, for all purposes, be deemed to have been validly done or taken in accordance with law as per the principal Act;

(b) no suit or other legal proceedings shall be instituted, maintained, or continued in any court against the Government, the Board, any religious institution or any other

person or authority in respect of any claim whatsoever." .

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: പുതിയതായി ചേർത്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പുതിയതായി ചേർത്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പുതിയതായി ചേർത്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Minister for Health and Devaswoms (Shri K. Muraleedharan): Sir, I move the following official amendment:

166. In clause 1, for sub-clause (2), the following sub-clause shall be substituted, namely:-

"(2) It shall come into force on such date as the Government may, by notification in the Official Gazette, appoint."

Smt. Geetha Gopi: Sir, I move the following amendments:

118. In the preamble for the word " expedient" the word " beneficial" shall be substituted.

132. In the preamble for the words " the purposes hereinafter appearing" the words ' following purposes' shall be substituted.

143. In the preamble for the word " appearing" the word " included" shall be substituted.

148. In clause 1(2) for the words " on such date as the Government may by notification in the official gazette appoint" the words and figures " on the 1st of April 2027" shall be substituted.

154. Clause 1(2) shall be recast as follows:-
" (2) It shall come into force at once"

Shri C. Ajayaprasad: Sir, I move the following amendments:

124. In the preamble for the word " expedient" the word " convenient" shall be substituted.

138. In the preamble for the word " purposes" the word " objectives" shall be substituted.

149. In clause 1(2) after the words " in the official gazette appoint" the words " within three months from the date of assent of the Act" shall be inserted.

150. In clause 1(2) for the word " gazette" the word " Gazette" shall be substituted.

Smt. K. K. Rema: Sir, I move the following amendments:

131. In the preamble for the words " the purposes hereinafter appearing" the words " enacting the following" shall be substituted.

146. In clause 1(2) for the words " on such date as the Government may by notification in the official gazette appoint" the words " at once" shall be substituted.

Shri K. Rajan: Sir, I move the following amendment:

137. In the preamble for the word " purposes" the word " intentions" shall be substituted.

മി. സ്പീക്കർ: 111 മുതൽ 117 വരെയുള്ള ഭേദഗതികളും 125 മുതൽ 130 വരെയുള്ള ഭേദഗതികളും ചട്ടം 82(3) പ്രകാരം ക്രമാനുസൃതമല്ലാത്തതിനാലും 119 മുതൽ 123 വരെയുള്ള ഭേദഗതികൾ 118-ാം നമ്പർ ഭേദഗതിക്കും 133

മുതൽ 136 വരെയുള്ള ഭേദഗതികൾ 132-ാം നമ്പർ ഭേദഗതിക്കും 139 മുതൽ 142 വരെയുള്ള ഭേദഗതികളും 144, 145 എന്നീ നമ്പർ ഭേദഗതികളും 143-ാം നമ്പർ ഭേദഗതിക്കും 147-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും 151-ാം നമ്പർ ഭേദഗതി 150-ാം നമ്പർ ഭേദഗതിക്കും 152, 153 എന്നീ നമ്പർ ഭേദഗതികളും 155 മുതൽ 158 വരെയുള്ള ഭേദഗതികളും 154-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബില്ലിലെ ഭേദഗതി മൂവ് ചെയ്യ. അംഗങ്ങൾ പ്രസ് ചെയ്യുന്നുണ്ടോയെന്ന് ചെയർ ചോദിക്കണം. അത് അങ്ങ് ചോദിച്ചിട്ടില്ല.

മി. സ്പീക്കർ: പ്രസ് ചെയ്യുന്നുണ്ടോയെന്ന് ഞാൻ ചോദിക്കുന്ന സമയത്ത് അവരുതന്നെ ഇല്ലായെന്ന് പറയുന്നു. ശ്രീ. കെ. എൻ. ബാലഗോപാൽ മുമ്പിൽ ഇരിക്കുന്നതുകൊണ്ടാണ് കാണാത്തത്. ഞാൻ ഇവരെ എല്ലാവരെയും കണ്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മൂവ് ചെയ്യുന്നുണ്ടോയെന്ന് ചെയർ ചോദിച്ചു. മൂവ് ചെയ്യുന്നുവെന്ന് പറയുകയും ചെയ്തു.

മി. സ്പീക്കർ: മൂവ് ചെയ്യുന്നുവെന്ന് പറഞ്ഞത് ശ്രീ. കെ. രാജൻ മാത്രമാണ്. ശ്രീമതി കെ. കെ. രമ മൂവ് ചെയ്യുന്നുവെന്ന് പറഞ്ഞിരുന്നോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പറഞ്ഞിരുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭ

നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഗീതാ ഗോപി അവതരിപ്പിച്ച 118, 132, 143, 148, 154, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. അജയപ്രസാദ് അവതരിപ്പിച്ച 124, 138, 149, 150, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 131, 146 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ-സംരക്ഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബില്ലിന്റെ അവതരണ വേളയിൽ ഈ കാര്യത്തെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും വളരെ വിശദമായി സംസാരിച്ചതാണ്. തീർച്ചയായും ഇവിടെ ഉയർന്നുവന്ന പരമാവധി കൺസ്ട്രക്റ്റീവായ അഭിപ്രായങ്ങൾ ഈ ബില്ലിൽ ഇൻകോർപ്പറേറ്റ് ചെയ്യുമെന്ന് അന്ന് ഞാൻ ഉറപ്പുനൽകിയിരുന്നു. ഇവിടെ ഒരുപാട് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവ വിശദമായി പരിശോധിച്ചിട്ടുണ്ട്. ഒരു

കാലത്തും ഇല്ലാത്ത തരത്തിലുള്ള വളരെ പോസിറ്റീവായ സമീപനമാണ് ഇരു വശത്തുമുള്ള മെമ്പർമാർ ഈ ബില്ലിലെ ഭേദഗതികളോട് കാണിച്ചിട്ടുള്ളത്. വളരെ സജീവമായി ഈ നിയനിർമ്മാണവേളയിൽ പങ്കെടുക്കാൻ മെമ്പർമാർ ശ്രമിച്ചിട്ടുണ്ട്. തീർച്ചയായും അവർ മുന്നോട്ടുവച്ച നല്ല ആശയങ്ങൾ അതിനകത്തുണ്ട്. അതെല്ലാം ബില്ലിന്റെ ഭേദഗതികൾ അവതരിപ്പിക്കുന്ന വേളയിൽ തീർച്ചയായും പരിഗണിക്കാം. ചർച്ചയിൽ എന്തെങ്കിലും പുതിയ കാര്യങ്ങൾ വന്നാൽ ഞാൻ അതിന് മറുപടി പറയാം.

മി. സ്പീക്കർ: 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. മൂന്ന് അംഗങ്ങളാണ് വിയോജനക്കുറിപ്പ് നൽകിയിരിക്കുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിലെ വയോജനങ്ങൾക്കുവേണ്ടി വളരെ ശ്രദ്ധേയമായ നിലപാടുകൾ സ്വീകരിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഈ സർക്കാർ കൊണ്ടുവന്ന നിയമം ആ മേഖലയിലെ ഒരു കാൽവയ്പ് തന്നെയാണ്. പക്ഷെ നിലവിൽ,

തൊട്ടുമുമ്പത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൊണ്ടുവന്ന ഒരു നിയമമുണ്ട്. അതിനകത്തും കേരളത്തിലെ വയോജനങ്ങളെ സംരക്ഷിക്കുന്നതിനും ഇതേ ആശയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അത് നിലനിൽക്കുന്ന സമയത്ത് ഒരു പുതിയ നിയമംകൂടി വരുമ്പോൾ പഴയ നിയമത്തെ എങ്ങനെ സൂപ്പർസീഡ് ചെയ്യുമെന്നതടക്കമുള്ള സാങ്കേതിക പ്രശ്നങ്ങളുണ്ട്. വേറെ ചില സാങ്കേതിക പ്രശ്നങ്ങൾ കമ്മിറ്റി തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. പുതിയ നിയമം ബി.എൻ.എസ്.എസ്.-ന്റെ പരിധിയിൽ വരുന്ന കേന്ദ്ര നിയമപ്രകാരം കോഗ്നൈസബിളും ഗൗരവമേറിയതുമായ കുറ്റങ്ങളെ ലഘൂകരിച്ച് ജാമ്യം ലഭിക്കുന്ന തരത്തിലേയ്ക്ക് ഈ ബില്ലിൽ വരുന്നുണ്ട്. കേന്ദ്ര നിയമത്തിൽ അങ്ങനെ ഇളവ് അനുവദിക്കുമ്പോൾ രാഷ്ട്രപതിയുടെ പ്രത്യേക മുൻകൂർ അനുമതി വേണമെന്നാണ് എന്റെ ധാരണ. അത് നിയമപരമായ പ്രശ്നമാണ്. അതുപോലെ, ധനകാര്യ മെമ്മോറാണ്ടത്തിൽ ബാധ്യതകളൊന്നും വരില്ലെന്ന് പറയുന്നുണ്ടെങ്കിലും, 20-ാം വകുപ്പ് പ്രകാരം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗര സൈബർ സെൽ സ്ഥാപിക്കുമെന്നും 5, 6, 8

വകുപ്പുകൾ പ്രകാരം സംസ്ഥാന, ജില്ലാ തലങ്ങളിൽ പുതിയ യൂണിറ്റുകളും ഫോറങ്ങളും രൂപീകരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് കാര്യമായ ചെലവ് വരുമെങ്കിലും അതിന്റെ സാമ്പത്തിക ബാധ്യത ഇതിൽ വ്യക്തമാക്കുന്നില്ലെന്നത് ബില്ലിന്റെ അടിസ്ഥാനപരമായ പ്രശ്നമായി ചൂണ്ടിക്കാണിക്കാം. മറ്റൊരു കാര്യം, ദേശസാൽക്കൃത ബാങ്കുകളിലേയ്ക്ക് അക്കൗണ്ട് മാറ്റുന്നതിനേക്കാൾ ട്രഷറിയിൽത്തന്നെ നിക്ഷേപിക്കുന്നതായിരിക്കും നല്ലതെന്ന് കാണിച്ചു. ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന നിലയിൽ മുതിർന്ന പൗരന്മാർക്ക് ലിവിങ് വിൽ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിലെ 28-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി കർശന മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രായമായ ഒരാൾ തന്റെ വിൽപത്രം തയ്യാറാക്കുമ്പോൾ എങ്ങനെയായിരിക്കും തയ്യാറാക്കേണ്ടത് എന്നുള്ളതിന് ഒരു മാനദണ്ഡമുണ്ട്. ആ മാനദണ്ഡം അനുസരിച്ച് 2018-ലെ വിധിയിലും 2023-ൽ വരുത്തിയ ഭേദഗതിയിലും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളത്, ലിവിങ് വിൽ തയ്യാറാക്കുന്നതിനുള്ള പ്രധാന

നടപടിക്രമത്തിന്റെ ഭാഗമായി സ്വതന്ത്രരായ രണ്ട് സാക്ഷികൾ വേണമെന്നാണ്. അതുപോലെ നോട്ടറിയുടെയോ ഗസറ്റഡ് ഓഫീസറുടെയോ മുമ്പാകെയാണ് ഈ രേഖ സാക്ഷ്യപ്പെടുത്തേണ്ടത്. എന്നാൽ, സുപ്രീംകോടതി നിർദേശിച്ചിട്ടുള്ള പ്രസ്തുത പ്രൊവിഷൻ ഇവിടെ കാണുന്നില്ല. 28-ാം വകുപ്പ് പ്രകാരം ജില്ലാതല മുതിർന്ന പൗരസംരക്ഷണ ഫോറത്തിന്റെയോ മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റെയോ ചെയർപേഴ്സണിന്റെ സാന്നിധ്യത്തിൽ ലിവിങ് വിൽ തയ്യാറാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതൊക്കെ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള കാര്യങ്ങളാണ്. കേന്ദ്ര നിയമം ഉണ്ട്, സുപ്രീംകോടതിയുടെ ഡയറക്ടീവ്സ് ഉണ്ട്, അതിൽ നിന്നും വ്യത്യസ്തമായി കാര്യങ്ങൾ വരുന്നത്. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലാണ് അതിവേഗം നമ്മുടെ ജനസംഖ്യയുടെ 30 ശതമാനത്തിലേയ്ക്ക്, ഇപ്പോൾ 20 ശതമാനമുണ്ട്. അത് ഉടനെ 30 ശതമാനത്തിലേയ്ക്ക് എത്തും. നമ്മുടെ ആരോഗ്യരംഗത്തുണ്ടായ പുരോഗതിയുടെ ഫലമായാണ് മുതിർന്ന പൗരന്മാർ കൂടുതൽ കാലം ആരോഗ്യത്തോടെ ജീവിക്കുന്നത്. അവർക്ക് ആവശ്യമായ

എല്ലാ സഹായങ്ങളും നൽകണം. അതിനുവേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതിന്റെ ഭാഗമായാണ് ക്ഷേമ പെൻഷൻ, സർവീസ് പെൻഷൻ തുടങ്ങി മറ്റു മേഖലകളിൽ ധാരാളം കാര്യങ്ങൾ നമ്മൾ ചെയ്യുന്നത്. നമ്മുടെ സംസ്ഥാനം ഈ വിഷയത്തിൽ ആ താൽപര്യത്തോടെയാണ് നിൽക്കുകയാണ്. പിണറായി സർക്കാർ 2025-ൽ കൊണ്ടുവന്ന കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന്റെ അടിസ്ഥാനത്തിൽ വളരെ എഫക്ടീവായി കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം പരിശോധിക്കാൻ സാധിക്കുന്ന കമ്മീഷൻ നിലവിലുണ്ട്. ആ കമ്മീഷന് സിവിൽ കോടതിയുടെ അധികാരങ്ങൾ കൊടുക്കുന്ന വ്യവസ്ഥയുണ്ട്. അഡ്വൈസറി നേച്വറല്ല. ഇടപെടലുകൾ നടത്താനും അതുപോലെ പരാതികൾ പരിഹരിക്കുന്നതിനും നിലപാടുകൾ സ്വീകരിക്കുന്നതിനും കമ്മീഷന് സാധിക്കും. അതിൽ ചെയർപേഴ്സണിന് ഗവൺമെന്റ് സെക്രട്ടറിയ്ക്ക് തുല്യമായ പദവി നൽകിയിട്ടുണ്ട്. മൂന്ന് അംഗങ്ങളിൽ ഒരാൾ എസ്.എസി/ എസ്.ടി. വിഭാഗത്തിൽനിന്നുള്ള ആളും ഒരാൾ വനിതയും ആയിരിക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങളെല്ലാം

അതിൽ പറഞ്ഞിരിക്കുന്നു. അതുമാത്രമല്ല, വയോജന നയം ആ ഗവൺമെന്റ് തന്നെ പാസ്സാക്കി. ഗവൺമെന്റുകൾ തുടർച്ചയാണ്. ആ ഗവൺമെന്റ് ചെയ്തു, അതിനുമുമ്പുള്ള ഗവൺമെന്റ് ചെയ്തു എന്നിങ്ങനെ വേർതിരിവില്ല. തുടർച്ചയുടെ ഭാഗമാണ്, വിപുലമായ വയോജന നയം നമ്മൾ പാസ്സാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഓർമ്മക്കുറവ് നേരിടുന്നവർക്കായി പ്രത്യേക മെമ്മറി ക്ലിനിക്കുകൾ, പാലിയേറ്റീവ് കെയർ വിപുലീകരണം, ടെലിമെഡിസിൻ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം പറഞ്ഞിട്ടുണ്ട്. റിവേഴ്സ് മോർട്ട്ഗേജ് പ്രധാനപ്പെട്ട ഏരിയയാണ്. നല്ല സ്വത്തുള്ളവരാണ്, പ്രായമായി, വീടും സ്വത്തും എല്ലാമുണ്ട്. അതെല്ലാം മക്കൾക്ക് കൊടുത്തിട്ട് ഇവരെ നോക്കാത്ത സ്ഥിതിയൊക്കെ നമുക്ക് അറിയാമല്ലോ; അതുകൊണ്ട് റിവേഴ്സ് മോർട്ട്ഗേജ് സംവിധാനം ലോകമെമ്പാടും നിലവിലുണ്ട്. അതിനുവേണ്ടിയുള്ള പ്രൊവിഷനുകളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. സെന്റർ ഓഫ് എക്സലൻസ് ഇൻ ജെറോന്റോളജി തുടങ്ങിയ കാര്യങ്ങളെല്ലാം നേരത്തെയുണ്ടായിരുന്ന ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇപ്പോൾ ഈ ബിൽ ഇവിടെ വരുമ്പോൾ, വാസ്തവത്തിൽ, ആദ്യത്തെ നിയമനിർമ്മാണം എന്ന നിലയിൽ നേരത്തെ

തന്നെ ഇങ്ങനെയൊരു കമ്മീഷൻ നിയമിച്ചിരുന്നു, വയോജന പോളിസി അംഗീകരിച്ചിരുന്നു. അതനുസരിച്ച് കുറേ സംവിധാനങ്ങൾ ഉണ്ടായിരുന്നു. ആ നിയമം നിലനിൽക്കുന്നുണ്ട്, അതിന്റെ അവസ്ഥയെന്താണ്, ആ നിയമത്തെ എങ്ങനെ ഇതുമായി ചേർത്ത് ബലപ്പെടുത്തി കൊണ്ടുപോകാം തുടങ്ങിയ കാര്യങ്ങൾ പറയേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന നിയമത്തിന് വ്യത്യസ്തമായി പറഞ്ഞിരിക്കുന്ന കാര്യങ്ങളാണെന്ന് വരും. ഏറ്റവും ആശങ്കാജനകയ കാര്യം, ലിവിങ് വില്ലിന്റെ കാര്യത്തിനകത്ത് സുപ്രീംകോടതിയുടെ നിർദേശങ്ങൾ മാറ്റി നിർത്തിയിരിക്കുന്ന കാര്യങ്ങളുണ്ട്. ഈ കാര്യങ്ങളിലെല്ലാം ഗൗരവമായ ശ്രദ്ധ ആവശ്യമാണ്. ഇതുകൂടി ഉൾപ്പെടുത്തി അതനുസരിച്ചുള്ള വ്യവസ്ഥകൾ ബില്ലിൽ കൊണ്ടുവരണം. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞ കാര്യങ്ങളിൽ ചിലത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതൊക്കെ രാഷ്ട്രീയ വിരോധത്തിന്റെയോ അഭിപ്രായ വ്യത്യാസത്തിന്റെയോ പേരിൽ പറയുന്ന കാര്യങ്ങളല്ല. അങ്ങും ഞാനുമൊക്കെ ഈ കമ്മിറ്റിയിൽ അംഗങ്ങളാണ്. കാരണം, ഇത്തരം കാര്യങ്ങൾ ചർച്ചകളിലൂടെ വരുമ്പോഴാണ് നമുക്ക് പല കാര്യങ്ങളും ഉൾക്കൊള്ളാനും അവ

മെച്ചപ്പെടുത്താനും കഴിയുന്നത്. അതിനുവേണ്ടിയാണ് ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. പ്രതിപക്ഷത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം തന്നെ, ഇത്തരം ബില്ലുകളിലെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളും ക്ലോസുകളും ചൂണ്ടികാണിക്കുകയും അതുകൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുക എന്നതാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയമായ വ്യത്യാസങ്ങളൊന്നുമില്ല. മുതിർന്ന പൗരന്മാർക്ക് പരമാവധി സഹായം ലഭ്യമാക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട ജീവിതം നയിക്കാൻ സഹായിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. അതുപോലെ കെയർ സെന്ററുകൾ വളരെ വലിയ കൊമേഴ്സ്യൽ താൽപര്യങ്ങളോടെ നടത്തുന്നവരുമുണ്ട്. അതിനെക്കുറിച്ചൊക്കെ ഇതിൽ പരാമർശിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച് കുറച്ചുകൂടി പൊട്ടൻഷ്യൽ ഉണ്ടാകണമെന്നുള്ള തരത്തിൽ ആവശ്യമായ കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കണം എന്നാണ് പറയാനുള്ളത്.

ശ്രീ. പി. കെ. പ്രവീൺ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി

പുറപ്പെടുവിച്ചിട്ടുള്ള കർശന മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായാണ് ഇത് വരുന്നത്. 2018-ലെ ചരിത്രപരമായ വിധിയിലൂടെയും പിന്നീട് 2023 ജനുവരിയിൽ വരുത്തിയ സുപ്രധാനമായ ഭേദഗതിയിലൂടെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി 'ലിവിങ് വിൽ' തയ്യാറാക്കുന്നതിനുള്ള കർശന വ്യവസ്ഥകൾ പുറപ്പെടുവിച്ചത്. കോടതി നിർദേശിച്ച പ്രധാന നടപടിക്രമങ്ങൾ പ്രകാരം, 'ലിവിങ് വിൽ' സ്വമേധയാ തയ്യാറാക്കിയതാണെന്ന് ഉറപ്പുവരുത്താൻ മുൻഗണനാടിസ്ഥാനത്തിൽ സ്വതന്ത്രരായ രണ്ടു സാക്ഷികൾ അതിൽ ഒപ്പു വയ്ക്കേണ്ടതുണ്ട്. അതുപോലെ ഒരു നോട്ടറി അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ മുമ്പാകെയാണ് ഈ രേഖ സാക്ഷ്യപ്പെടുത്തേണ്ടത്. പക്ഷെ, ഈ ബില്ലിലെ 28-ാം വകുപ്പ് പ്രകാരം ഒരു മുതിർന്ന പൗരൻ, ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റേയോ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റേയോ ചെയർപേഴ്സന്റെ സാന്നിധ്യത്തിൽ 'ലിവിങ് വിൽ' തയ്യാറാക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ഈ ബിൽ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ വേണ്ടിയാണ് നോട്ടറിയുടെയോ

ഗസറ്റഡ് ഓഫീസറിന്റേയോ സാക്ഷ്യപ്പെടുത്തലുകളും സാക്ഷികളും കോടതി നിർബന്ധമാക്കിയത്. ഇതൊന്നും പരാമർശിക്കാതെയാണ് ഒരു ചെയർപേഴ്സന്റെ സാന്നിധ്യം മതിയാകുമെന്ന് പറയുന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി കൊണ്ടുവന്ന സുരക്ഷാ മാനദണ്ഡങ്ങളെ പൂർണമായി ലഘൂകരിക്കുന്നതാണിത്. ഭരണഘടനയുടെ അനുഛേദം 141 പ്രകാരം കോടതി പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾ രാജ്യത്തെ പരമോന്നത നിയമമായതിനാൽ അവ മറികടക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടോ എന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. കെ. രാജൻ</u>: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് വളരെ നല്ലൊരു ചർച്ചയ്ക്ക് അവസരമുണ്ടാക്കണം എന്നുള്ള താൽപര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഇതിനകത്ത് വിയോജനക്കുറിപ്പ് പറയുമ്പോഴും രേഖപ്പെടുത്തേണ്ടത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും രണ്ട് അംഗങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം പൂർണമായും അംഗീകരിച്ചുകൊണ്ട് അത് ആവർത്തിക്കാതെ ചില കാര്യങ്ങൾ സൂചിപ്പിക്കണമെന്ന ആലോചനയാണ് യഥാർഥത്തിലുള്ളത്. ഈ ബില്ലിലെ 2 (എ)-ൽ 'പീഡനം'

എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റിയും ചർച്ച ചെയ്തിട്ടുള്ളതാണ്. വയോജനങ്ങൾക്ക് എതിരെയുള്ള അബ്യൂസ് എന്ന ആശയത്തെ സൂചിപ്പിക്കാൻ 'പീഡനം' എന്ന പദം പ്രയോഗിക്കുന്നത് അത്ര ഭംഗിയുള്ള കാര്യമാണോ എന്ന് സ്വാഭാവികമായിട്ടും നമ്മൾ പരിശോധിക്കേണ്ടതാണ്. ശാരീരികവും മാനസികവും സാമ്പത്തികവുമായ ചൂഷണം, സ്വത്ത് അവകാശങ്ങളുടെ ലംഘനം, ഭീഷണിപ്പെടുത്തൽ, അവഗണന, നിർബന്ധിത സ്വത്ത് കൈമാറ്റം ഇങ്ങനെ വിവിധതരത്തിലുള്ള അതിക്രമങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ 'പീഡനം' എന്ന വാക്കിനു പകരം 'അതിക്രമം' എന്ന വാക്കായി മാറ്റുന്നത് നല്ലതുപോലെ ക്ലാരിറ്റിയുണ്ടാക്കാൻ ഗുണകരമായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. ഒന്ന്, വയോജനങ്ങൾക്ക് മികച്ച അവകാശങ്ങളും ഡിജിറ്റൽ ഉൾപ്പെടുത്തലും ഈ ബില്ലിൽ ഉറപ്പുനൽകുന്നുണ്ടെങ്കിലും ഈ അവകാശങ്ങൾ കൃത്യമായി നടപ്പിലാക്കാൻ ബില്ല് വിഭാവനം ചെയ്യുന്ന ഔദ്യോഗിക സംവിധാനങ്ങൾക്ക്, ഇതിൽ പറയുന്ന എൻഫോഴ്സ്മെന്റ് മെഷിനറിക്ക്

സാധിക്കുമോ എന്നതിൽ ചില ആശങ്കകൾ വിദഗ്ർ പ്രകടിപ്പിച്ചിട്ടുണ്ട്. പ്രഖ്യാപനങ്ങൾക്കപ്പുറത്തു ഇത് പ്രായോഗികവൽക്കരിക്കാൻ എൻഫോഴ്സ്മെന്റിന്റെ നല്ല ഇടപെടൽ സ്വാഭാവികമായും വേണ്ടിവരും. ഈ ബില്ലുമായി ബന്ധപ്പെട്ട് വിപുലമായ വാദ്ധാനങ്ങളും പദ്ധതികളും നടപ്പിലാക്കണമെങ്കിൽ സംസ്ഥാനത്തിന് വരാവുന്ന വലിയ സാമ്പത്തിക ബാധ്യതകൾ എങ്ങനെ നേരിടും എന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഒരു സാമ്പത്തിക ആസൂത്രണം നമുക്ക് ഉണ്ടാകേണ്ടതുണ്ട്. വയോജന സെസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അക്കാര്യത്തിൽ നമുക്ക് ആലോചിക്കാൻ കഴിയേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ലിവിങ് വില്ലുമായി ബന്ധപ്പെട്ട സംവിധാനത്തെക്കുറിച്ച് രണ്ട് അംഗങ്ങളും സൂചിപ്പിച്ചത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ലിവിങ് വിൽ തയ്യാറാക്കാൻ അനുമതി നൽകുന്നുണ്ട്. യഥാർഥത്തിൽ ബില്ലിൽ വ്യക്തികൾക്ക് അവസാനകാല ചികിത്സകളെ സംബന്ധിച്ച് മുൻകൂട്ടി തീരുമാനങ്ങൾ എടുക്കാൻ അഡ്വാൻസ്ഡ് മെഡിക്കൽ ഡയറക്ടീവ്സ് അനുസരിച്ച് അനുമതി നൽകുന്നുണ്ട്. ഇത് ഡിസ്ട്രിക്ട് ലെവൽ സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ ഫോറം അധ്യക്ഷന്റെ

സാന്നിധ്യത്തിലാണ് ഒപ്പുവയ്ക്കേണ്ടത്. ഒരു മെഡിക്കൽ ബോർഡിന്റെയോ ജൂഡീഷ്യൽ സംവിധാനത്തിന്റെയോ കൃത്യമായ മേൽനോട്ടം ഇല്ലാതെ ഇത്തരം തന്ത്രപ്രധാനമായൊരു രേഖ ഒപ്പ് വക്കാൻ ഒരു അഡ്മിനിസ്ട്രേറ്റീവ് ഫോറത്തിന് അനുവാദം നൽകുന്നത് പിൽക്കാലത്ത് ദുരുപയോഗം ചെയ്യപ്പെടാനും സ്വത്ത് തട്ടിയെടുക്കൽ പോലെയുള്ള വഞ്ചനകൾക്ക് കാരണമാകുമോ എന്ന ഭീഷണി വളരെ ഗൗരവമായി ഈ ബില്ലിനകത്ത് പരിശോധിക്കപ്പെടേണ്ടതുണ്ട്. ബില്ലിലെ 28-ാം വകുപ്പിലെ ലിവിങ് വില്ലുമായി ബന്ധപ്പെട്ട രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ പരിശോധിച്ചിട്ടില്ല. ഒന്ന്, ലിവിങ് വിൽ തയ്യാറാക്കുന്ന ആളുകളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച സാക്ഷ്യപത്രവും രണ്ട്, ലിവിങ് വിൽ ഏതെങ്കിലും ഘട്ടത്തിൽ പിൻവലിക്കണമെങ്കിൽ പിൻവലിക്കാനുള്ള നടപടിയും ഈ ബില്ലിനകത്ത് സൂചിപ്പിക്കപ്പെട്ടിട്ടില്ല എന്ന ഗുരുതരമായ പ്രശ്നം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിൽ പറഞ്ഞിട്ടുള്ള ശ്രദ്ധേയമായൊരു കാര്യം, എല്ലാ ഹോംകെയർ ഏജൻസികളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും തങ്ങളുടെ കീഴിലുള്ള കെയർ ഗിവർമാരുടെ വിവരങ്ങൾ

നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്നും മൂന്ന് വർഷത്തിലൊരിക്കൽ ഇവർക്ക് നിർബന്ധിത റിഫ്രഷ്മെന്റ് കോഴ്സുകളും പോലീസ് വെരിഫിക്കേഷനും വേണമെന്നും ബില്ലിലുണ്ട്. അത് പൊതുവേ നല്ലതാണ്. പക്ഷേ ഇതിലൊരു അപകടം വരുന്നത് കേരളത്തിലെ അസംഘടിത ഹോം കെയർ മേഖലയുമായി ബന്ധപ്പെട്ട് ഈ വ്യവസ്ഥ നടപ്പിലാക്കുമ്പോൾ പ്രായോഗികമായി നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. കൂടുതൽ നിയന്ത്രണങ്ങൾ കാരണം വയോജനങ്ങളെ നോക്കാൻ ആളുകളെ കിട്ടാത്ത അവസ്ഥയുണ്ടാകും എന്നുമാത്രമല്ല കെയർ ഗിവർമാരുടെ സേവനനിരക്കുകൾ വൻതോതിൽ വർധിക്കാനുള്ള സാധ്യത ഇതുമായി ബന്ധപ്പെട്ട് കാണാനുണ്ട്. നമുക്കറിയാം, നമ്മുടെയൊക്കെ വീടുകളിൽ ഇത്തരം ആവശ്യങ്ങൾക്ക് കെയർ ഗിവർമാരെ കിട്ടണമെങ്കിൽ ഏതെങ്കിലും വിധത്തിൽ തുല്യതയില്ലാത്തൊരു റേറ്റ്, ഏതെങ്കിലും തരത്തിൽ നമുക്ക് ബോധ്യപ്പെടാത്ത വിധത്തിലുള്ളൊരു റേറ്റാണ് പറയുന്നത്. ഇതുകൂടിവേണ്ടിവന്നാൽ അത് കുറച്ചുകൂടി ഗൗരവമായിട്ട് ബാധിക്കും എന്ന പ്രശ്നം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. വയോജനങ്ങളുടെ അവകാശത്തെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോഴും

തൊഴിൽമേഖലയിലോ മറ്റ് പൊതു ഇടങ്ങളിലോ മുതിർന്ന പൗരന്മാർ നേരിടുന്ന പ്രായ വിവേചനങ്ങൾക്കെതിരെ ബില്ലിൽ വ്യക്തമായ ശിക്ഷാ വ്യവസ്ഥകളോ നിരോധനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല എന്ന പ്രശ്നവും ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. വയോജനങ്ങൾക്ക് ഒരു സ്റ്റേറ്റ് റിസർവ് ഫണ്ട് രൂപീകരിക്കുമെന്ന് ബില്ലിൽ പറയുന്നുണ്ടെങ്കിലും ഇതിലേക്ക് ആവശ്യമായ തുക എവിടെനിന്ന് കണ്ടെത്തുമെന്നോ ഇതിന്റെ വാർഷിക ബജറ്റ് വിഹിതം എത്രയായിരിക്കുമെന്നോ വ്യക്തമായ സാമ്പത്തിക പ്ലാൻ ബില്ലിലില്ല. അതിനു ചില പ്രയാസങ്ങളുണ്ടാകും. സ്വാഭാവികമായിട്ടും നമുക്ക് മനസ്സിലാക്കാവുന്നതാണ്. എങ്കിലും അക്കാര്യത്തിൽ ഒരു ഗൗരവമായൊരു ഇടപെടൽ വേണം. പ്രസ്തുത ബില്ലിലെ അഞ്ചും ആറും വകുപ്പുകളിൽ രണ്ട് സമിതികൾ രൂപീകരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ ആ സമിതികളുടെ ഒരു പ്രധാനപ്പെട്ട പ്രശ്നമായി തോന്നിയത്, ആ സമിതികൾക്കകത്ത് ഒരു വിധത്തിലുമുള്ള ജനപ്രതിനിധികളുടെ സാന്നിധ്യം ഉണ്ടാകുന്നില്ല. സംസ്ഥാനതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റും ജില്ലാതല മുതിർന്ന പൗര പരിരക്ഷാ ഫോറവും പൂർണമായും ബ്യൂറോക്രസിക്ക്

കൈമാറുന്ന വിധത്തിലുള്ള നടപടിക്രമമാണ് ഇതിലുള്ളത്. ഇതിൽ എം.എൽ.എ.-മാർക്കോ മന്ത്രിമാർക്കോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ജില്ലാപഞ്ചായത്തിനോ ഏതെങ്കിലും തരത്തിലുള്ള പങ്കാളിത്തമോ സംവിധാനമോ ഇല്ല. ബന്ധുക്കൾ ആധാരംവഴി സ്വത്ത് എഴുതി വാങ്ങി പിന്നീട് അവഗണിക്കുന്നത് തടയാൻ ഇതിൽ വ്യവസ്ഥയില്ല. അത്തരത്തിലുള്ള ആധാര രജിസ്ട്രേഷനെക്കുറിച്ച് ഒരു വകുപ്പുമില്ല. കേന്ദ്രനിയമത്തിൽ, മെയിന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് പാരന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്ടിന്റെ സെക്ഷൻ 23-ൽ ഇതിന്റെയൊരു വ്യവസ്ഥയുണ്ടെന്ന് നമ്മൾ കണ്ടിട്ടുണ്ടാകും. പക്ഷേ പ്രായോഗികതലത്തിൽ അത് മാത്രം വച്ചുകൊണ്ട് ഈ നിയമത്തിനു മുന്നോട്ട് പോകാൻ പറ്റുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. സ്വത്ത് കൈവശപ്പെടുത്തുന്നതിനുള്ള ശിക്ഷ വകുപ്പ് 30(3)-ൽ കെയർ സെന്ററിന്റെ ചുമതലക്കാരന് മാത്രമായിട്ട് വരികയാണ്. സ്വത്ത് തട്ടിയെടുക്കുന്ന കുടുംബാംഗങ്ങൾക്ക് ഇത് ബാധകമല്ല. മുക്തിയാർ കൈവശമുള്ളവർ, സ്വത്ത് ലഭിച്ചവർ തുടങ്ങിയവരാരും കുറ്റക്കാരുടെ പട്ടികയിലില്ല എന്ന ഗൗരവപ്പെട്ട

പ്രശ്നവും നാം ഈ ബില്ലിന്റെ മറ്റ് എല്ലാ വിധത്തിലുള്ള കാര്യങ്ങളിലേക്ക് കടക്കുമ്പോഴും പ്രധാനപ്പെട്ട ഒരു വിയോജിപ്പായി കാണേണ്ടതുണ്ട്. ജാമ്യ വ്യവസ്ഥകളിൽ വിചാരണയ്ക്കുള്ള സമയപരിധിയില്ല.

മി. സ്പീക്കർ: യെസ്....

ശ്രീ. കെ. രാജൻ: സർ, ഞാനൊരു രാഷ്ട്രീയവും പറയുന്നില്ല. പോയിന്റ് മാത്രമേ പറയുന്നുള്ളൂ. ബില്ല് നമുക്ക് ചർച്ച ചെയ്യാൻ സമയമില്ലായെന്നു എനിക്ക് അറിയാമെങ്കിലും ഞാൻ വളരെ ചുരുങ്ങിയ സമയപരിധിക്കുള്ളിലാണ് നിൽക്കുന്നത്. ജാമ്യവ്യവസ്ഥകളും വിചാരണയ്ക്കുള്ള സമയ പരിധിയും ഇതിൽ ഇല്ല. ജില്ലാ ഫോറത്തിന് സംരക്ഷണ ഉത്തരവോ റസിഡന്റ്സ് താമസ ഉത്തരവോ നൽകാൻ അധികാരമില്ല. അപ്പോൾ സ്വാഭാവികമായിട്ടും തീരുമാനത്തിന് ഒരു സമയപരിധിയില്ല എന്നുള്ള പ്രശ്നമുണ്ട്. ബാക്ക് അപ്പ് അക്കൗണ്ട് സംരക്ഷണം കേവലം അവകാശ പ്രഖ്യാപനം മാത്രമായിട്ട് നിൽക്കുകയാണ്. അത് നടപ്പിലാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ഇതിൽ പറയുന്നില്ല. പീഡനം റിപ്പോർട്ട് ചെയ്യുന്നവർക്ക് സംരക്ഷണമില്ല. അത് വളരെ

പ്രധാനപ്പെട്ട ഘടകമാണ്. യഥാർഥത്തിൽ പീഡനം നടക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നവർക്ക് സംരക്ഷണം നൽകാനുള്ള വകുപ്പ് ഇതിലുൾപ്പെടുത്തിയിട്ടില്ല. റിപ്പോർട്ട് ചെയ്യുന്നവർക്ക് ഏതെങ്കിലും വിധത്തിലുള്ള സംരക്ഷണമില്ലാതെ ഉദ്യോഗസ്ഥന്മാർക്ക് മാത്രമായി അവസാനിക്കും. വയോജനങ്ങൾക്ക് സ്വകാര്യ ആശുപത്രികൾ അമിത ബില്ലിങ് നൽകുന്നത് നിയന്ത്രിക്കാൻ വ്യവസ്ഥയില്ല. ഇതിൽ പറയുന്നത് ഇൻഷ്വറൻസിന്റെ വകുപ്പ് 22 മാത്രമാണ്. അത് ഇൻഷ്വറൻസിന്റെ വ്യവസ്ഥയാണ്. അത് ഐച്ഛികം മാത്രമാണ്. അതിനൊരു പരിരക്ഷ ഉറപ്പാക്കാൻ ഏതെങ്കിലും വിധത്തിലുള്ള സേവിങ് ക്ലോസുകളില്ല. 2007-ലെ കേന്ദ്ര നിയമപ്രകാരം ട്രിബ്യൂണലിനെ സമീപിക്കാൻ ജില്ലാ യൂണിറ്റ് സഹായിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. എന്നാലത് കാണാനില്ല. സബ് രജിസ്ട്രാർ ഓഫീസ്, ബാങ്ക്, പൊലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ വയോജനങ്ങളുടെ നിയമപ്രകാരമുള്ള അവകാശങ്ങൾ പ്രദർശിപ്പിക്കാനുള്ള വകുപ്പുകൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് കേവലമൊരു റെഗുലേറ്ററി ബിൽ മാത്രമായി അവസാനിക്കുമോ എന്ന ഭയമാണ് ഒരു

പ്രധാനപ്പെട്ട പ്രശ്നമായി വരുന്നത്. സർക്കാർ അവതരിപ്പിക്കുന്ന ഈ ബിൽ ഓൾഡ് ഏജ് ഹോമുകളെയും കെയർടേക്കർ ഏജൻസികളെയും രജിസ്റ്റർ ചെയ്യാനും നിയന്ത്രിക്കാനും മാത്രമുള്ള ഒരു സാധാരണ ഭരണനിർവഹണ നടപടിയായി ചുരുങ്ങിപ്പോകരുത്. വയോജന ക്ഷേമമെന്നാൽ സ്ഥാപനവൽക്കരണമോ കെയർടേക്കർമാരുടെ നിയന്ത്രണമോ മാത്രമല്ല. അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ സമൂഹത്തിൽ വയോജനങ്ങളുടെ വലിയ വർധനവാണുള്ളത്. 1964-ലെയും 2021-ലെയും കണക്കുകൾ പരിശോധിക്കുമ്പോൾ 18, 19 ശതമാനത്തിലധികം വയോജനങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. ചില ആഗോള കാഴ്ചപ്പാടുകൾകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഒരു സ്വിറ്റ്സർലൻഡ് മാതൃക വളരെ ശ്രദ്ധേയമായ വിധത്തിൽ നാം കാണുകയുണ്ടായി. അവിടെ 'ടൈം ബാങ്കിങ്' (Time Banking) സിസ്റ്റം എന്ന ഒരു സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. അതായത്, യുവജനങ്ങൾക്കും മുതിർന്ന പൗരന്മാർക്കുമുൾപ്പെടെ പ്രായമായവരെ പരിചരിക്കുന്നതിനായി സമയം നീക്കിവയ്ക്കാവുന്നതാണ്. ആ മണിക്കൂറുകൾ ഒരു ഡിജിറ്റൽ ടൈം അക്കൗണ്ട്

സംവിധാനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെടുകയും ഇങ്ങനെ പരിചരിച്ചവരുടെ ഡിജിറ്റൽ ടൈം അക്കൗണ്ടുനോക്കി അവർക്ക് സേവനം ആവശ്യമായി വരുമ്പോൾ ഈ ക്രെഡിറ്റ് ഉപയോഗിച്ച് അവർക്ക് സൗജന്യ പരിചരണ സേവനങ്ങൾ തിരികെ ആവശ്യപ്പെടുകയും ചെയ്യാവുന്ന വിധത്തിലുള്ള സ്വിറ്റ്സർലൻഡ് മാതൃക ലോകത്തിൽതന്നെ വയോജന സംവിധാനത്തിൽ വളരെ ശ്രദ്ധേയമാണ്. കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, എൻ.എസ്.എസ്., യൂത്ത് ക്ലബ്ബുകൾ ഇവയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു സ്റ്റേറ്റ് ടൈം ബാങ്ക് നെറ്റ്വർക്ക് നിർമ്മിക്കാൻ ഈ ബില്ലിൽ അധികാരം നൽകിയാൽ അതൊരു ശ്രദ്ധേയമായ കാര്യമാകും. ഇങ്ങനെ ആഗോള തലത്തിൽ നിർബന്ധമായി നടപ്പാക്കുന്ന ചില മാതൃകകളുണ്ട്. ജപ്പാൻ നടത്തുന്ന കമ്മ്യൂണിറ്റി ഇന്റഗ്രേറ്റഡ് കെയർ സിസ്റ്റം, സിംഗപ്പൂർ നടത്തുന്ന ആക്ടീവ് ഏജിങ് ഹബ്ബ്സ് (Active Ageing Hubs) തുടങ്ങിയവ അതിലുൾപ്പെടും. ഈ ബില്ലിൽ വയോജനങ്ങൾക്ക് അവരുടെ സമയം ക്രമീകരിക്കാൻ കേവലം വൃദ്ധസദനങ്ങളിലേക്ക് അവരെ അയയ്ക്കുകയെന്ന സംവിധാനത്തിലേക്ക് നാം പോകുകയല്ലേ? സംസാരത്തിനിടയിൽ അങ്ങ്

ശ്രദ്ധിച്ചോയെന്ന് എനിക്കറിയില്ല. ഇതൊരു റെഗുലേറ്ററി ബിൽ അല്ലാതെ നിൽക്കണമെങ്കിൽ ഇവരുടെ സമയം ഉപയോഗിക്കാൻ കഴിയുന്ന മറ്റേതെങ്കിലും മാതൃകകൾകൂടി അവതരിപ്പിക്കാൻ കഴിയണം. അങ്ങ് പോസിറ്റീവായി എടുക്കുന്നതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. ഞാൻ അങ്ങയുടെ മുമ്പിൽവയ്ക്കുന്ന പ്രധാനപ്പെട്ട കാര്യം, പകൽവീടുകളും വൃദ്ധസദനങ്ങളുമല്ലാതെ വയോജന വിദ്യാലയങ്ങൾ എന്ന ഒരു പുതിയ ആശയംകൂടി ഈ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമോ? വൃദ്ധസദനങ്ങളെ നാം അംഗീകരിക്കുന്ന വിഷയമില്ല, പകൽവീടുകൾ ഏറ്റവും ശ്രദ്ധേയമായ സംവിധാനമാണ്. പകൽ സമയങ്ങളിൽ ഡിജിറ്റൽ സാക്ഷരത, യോഗ, സംഗീതം, വിനോദം ഇവയെല്ലാം ഏർപ്പെടുത്താൻ കഴിയുന്നവിധത്തിൽ കുഞ്ഞുങ്ങളെ സ്കൂളിലേക്ക് അയയ്ക്കുന്നതുപോലെ പ്രത്യേകമായി, പ്രായമുള്ള ആളുകൾക്ക് പഠിക്കാനും അവർക്ക് ആവശ്യമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനും കഴിയുന്നവിധത്തിൽ വയോജന വിദ്യാലയം എന്ന പ്രധാനപ്പെട്ട ആശയംകൂടി കൈമാറാൻ കഴിഞ്ഞാൽ മാത്രമെ ഗുണകരമായ മാറ്റമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. മറ്റൊരു

പ്രധാനപ്പെട്ട കാര്യമാണ് വയോജനങ്ങൾക്കായുള്ള ലഘുവായ വരുമാന പദ്ധതികൾ. വലിയ ശാരീരിക ബുദ്ധിമുട്ടുകളില്ലാതെ നിർമ്മിക്കാൻ കഴിയുന്ന ഹാൻഡ്ക്രാഫ്റ്റ്, ഓർഗാനിക് ഫാമിംങ് തുടങ്ങിയവ അവരെക്കൊണ്ടുണ്ടാക്കാനും അവരുടെ ഉൽപന്നങ്ങൾമാത്രം വിറ്റഴിക്കാൻ കഴിയുന്ന വയോജന ചന്തകളും സൗജന്യ സ്റ്റാളുകളും അനുവദിക്കുകയെന്നതും പ്രധാനപ്പെട്ട കാര്യങ്ങളാണ്. രണ്ട് പോയിന്റുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഒന്ന്, ബില്ലിലെ നിയമപരവും സാമ്പത്തികവുമായുള്ള പോരായ്മകളാണ്. ഇതിൽ നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ ഉദ്ദേശിക്കുന്ന സംസ്ഥാന കരുതൽ നിധിയിലേക്ക് കൃത്യമായ പ്ലാൻഫണ്ട് തുക നീക്കിവച്ചിട്ടില്ല. 25 ലക്ഷം രൂപ വാർഷിക ചെലവാണ് ബില്ലിലെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ നൽകിയിട്ടുള്ളത്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഒരു നിശ്ചിത ശതമാനം തുക ഇതിലേക്ക് നീക്കിവയ്ക്കാൻ കഴിയുന്ന വിധത്തിൽ ഒരു ഇന്റഗ്രേറ്റഡ് സ്റ്റേറ്റ് റിസർവ് ഫണ്ട് പോലെ ശ്രദ്ധേയമായ ഒരു നിധിയുടെ അഭാവം വളരെ

ഗൗരവമായി ഇതിൽ കാണുന്നുണ്ട്. മൂന്നാമത്തെ പോയിന്റിൽ ഞാൻ അവസാനിപ്പിക്കാം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം അധികാര വികേന്ദ്രീകരണത്തിന്റെ അഭാവമാണ്. എല്ലാ അധികാരങ്ങളും തിരുവനന്തപുരത്തുള്ള ഡയറക്ടറേറ്റിലും ബ്യൂറോക്രസിയിലും കേന്ദ്രീകരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, ഇതിന്റെ വകുപ്പ് 5, 6 പ്രകാരം രൂപീകരിക്കപ്പെടുന്ന ഒരു സമിതികളിലും പ്രാദേശിക ഭരണകൂടങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാർഡ് സഭകൾ, പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ അംഗങ്ങളല്ല. ഇത് തിരുവനന്തപുരത്ത് കേന്ദ്രീകരിക്കപ്പെടുകയാണ്. അധികാരകേന്ദ്രത്തിൽ തിരുവനന്തപുരത്തുള്ള ഡയറക്ടർ, അതിന്റെ ബ്യൂറോക്രസി സംവിധാനങ്ങൾ മുതലായവ ഏറ്റവും ജനകീയമായി താഴത്തേക്ക് കൊണ്ടുവരാൻ കഴിയുന്ന വിധത്തിലുള്ള നടപടിക്രമങ്ങളിലേക്കുകൂടി കടക്കണമെന്ന ആശയംകൂടി മുന്നോട്ടുവയ്ക്കുകയാണ്. ഇക്കാര്യങ്ങളിൽ നേരത്തെ ബഹുമാനപ്പെട്ട രണ്ട് നിയമസഭാംഗങ്ങൾ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. ഇതെല്ലാം

നാട്ടിൽ സാധ്യമായതാണ്. വയോജന കമ്മീഷൻ കേരളത്തിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകമായി പറയേണ്ടത് ബഹുമാനപ്പെട്ട അംഗം കെ. എൻ. ബാലഗോപാൽ 2026-ൽ ഇന്ത്യയിലാദ്യമായി വയോജനങ്ങൾക്ക് മാത്രമായി ഒരു 'വയോജന ബജറ്റ്' (Elderly Budget) അവതരിപ്പിച്ചുവെന്നതാണ്. 'വയോജനമിത്രം' പോലുള്ള ധാരാളം പദ്ധതികൾ കഴിഞ്ഞകാല ഗവൺമെന്റുകൾ മാറി മാറി കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ നിയമവുമായി ബന്ധപ്പെട്ട് കൂട്ടിയോജിപ്പിക്കുമോ എന്ന പ്രശ്നവും ഉയർന്നുവരുന്നുണ്ട്. അതിനാൽ ഇക്കാര്യങ്ങളിൽ ബില്ലിന്റെ പൊതു ആശയത്തോട് ഐക്യപ്പെടുന്നുണ്ടെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിനോടുള്ള വിയോജനക്കുറിപ്പ് ഈ നിർദേശങ്ങൾക്കൊപ്പം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. പി. കെ. ഫിറോസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നുള്ള 1(എ) ഭേദഗതി അവതരിപ്പിക്കുന്നു.

അങ്ങ് സമയത്തെക്കുറിച്ച് ഇടയ്ക്ക് ഓർമ്മിപ്പിക്കുമ്പോൾ ഞാൻ പ്രസംഗം വളരെ ചുരുക്കണമെന്ന് വിചാരിച്ചതാണ്. പ്രസംഗംതന്നെ ഒഴിവാക്കിയാലോ എന്നുപോലും ആലോചിച്ചു. ഇതുപോലൊരു ബില്ലിനെക്കുറിച്ച് പ്രസംഗിക്കാൻ അവസരം ലഭിക്കുമ്പോൾ സംസാരിക്കാതിരിക്കുന്നത് ബില്ലിനോട് കാണിക്കുന്ന അനീതിയായിരിക്കുമെന്നതിനാലാണ് ഞാൻ ഏഴുന്നേറ്റുനിന്നത്.

മി. സ്പീക്കർ: നാലര മണിക്കുമുമ്പ് താക്കോൽ കൈമാറണ്ടേ? അതിനുമുമ്പ് ഇത് തീർക്കേണ്ടിവരും.

ശ്രീ. പി. കെ. ഫിറോസ്: സർ, കേരള നിയമസഭയിൽ അംഗമാകാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്നാൽ മുതിർന്ന പൗരൻമാരുടെ അവകാശം സംരക്ഷിക്കുന്ന ബിൽ അവതരിപ്പിച്ച നിയമസഭയിൽ അംഗമാകാൻ സാധിച്ചതാണ് ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കാണുന്നത്. പൊതുവെ നമ്മുടെ നാട്ടിലെല്ലാം സംസാരിക്കുന്ന ഒരു നാടോടിക്കഥയുണ്ട്. ഒരു വീട്ടിൽ പ്രായമായൊരു മുത്തച്ഛൻ മകനോടും മരുമകളോടുമൊപ്പം താമസിക്കുകയായിരുന്നു. ഒരു ദിവസം വൃദ്ധനായ

മുത്തച്ഛന് അവർ സൂപ്പ് നൽകി. എന്നാൽ സൂപ്പ് കഴിച്ചുകൊണ്ടിരുന്ന സമയത്ത് പാത്രം മറിഞ്ഞ് സൂപ്പ് തറയിലാകെ ചിതറിപ്പോയി. ഇതിൽ ദേഷ്യംവന്ന മകനും മരുമകളും മുത്തച്ഛനെ വീടിന്റെ ചായ്പ്പിലേക്ക് മാറ്റുകയും പിന്നീട് ഒരു മൺപാത്രത്തിൽ സൂപ്പ് നൽകാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ആ മൺപാത്രവും മുത്തച്ഛന്റെ കൈയിൽനിന്ന് താഴെവീണ് പൊട്ടിപ്പോയി. അതിനുശേഷം അവർ മുത്തച്ഛന് ഒരു മരപ്പാത്രം വാങ്ങി നൽകി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ അച്ഛന്റെയും അമ്മയുടെയും മകൻ, ഈ വൃദ്ധന്റെ നാല് വയസ്സുകാരനായ പേരക്കുട്ടി കുറച്ച് മരക്കഷ്ണങ്ങൾ അടുക്കിവെക്കുന്നത് അച്ഛൻ കാണുകയാണ്. എന്തിനാണ് മരക്കഷ്ണങ്ങൾ അടുക്കിവെക്കുന്നതെന്ന് അച്ഛൻ ചോദിച്ചപ്പോൾ ആ കുട്ടി പറഞ്ഞത് "അച്ഛന് പ്രായമാകുമ്പോൾ സൂപ്പ് നൽകാൻവേണ്ടി ഞാൻ പാത്രമെടുത്തുവയ്ക്കുകയാണെന്നാണ്". ഇങ്ങനെ നമ്മളെ നടന്ന്, നടത്തിച്ച് വളർത്തി വലുതാക്കിയ പ്രായമായവരുടെ കൈകൾ വിറയ്ക്കുമ്പോൾ ആ കൈകളെ ചേർത്തുപിടിക്കുന്ന ഒരു ബില്ലാണ് കേരള നിയമസഭയിൽ ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ചത് എന്നുപറയുന്നതിൽ എനിക്ക് അതിയായ

സന്തോഷമുണ്ട്. നമ്മുടെ സംസ്ഥാനത്ത് വലിയ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്ന മാതാപിതാക്കളുണ്ട്. അവരുടെ മക്കൾ വിദേശത്താണ്. എന്നാൽ, അവരെ കുറ്റം പറയാൻ സാധിക്കില്ല; കാരണം, അവർക്കും ജീവിക്കണം. എല്ലാമാസവും മാതാപിതാക്കൾക്കാവശ്യമായ പണം അയച്ചുകൊടുക്കാറുണ്ടെങ്കിലും അവർക്ക് മരുന്ന് എടുത്തുകൊടുക്കാനും ആശുപത്രിയിൽ കൊണ്ടുപോകാനും അവരോട് സംസാരിച്ചിരിക്കാനും ആരുമില്ല; വല്ലാത്തൊരു ശൂന്യതയാണ്. ആ ശൂന്യതയിലേക്കുള്ള കൈനീട്ടൽ, പ്രായമായവർക്കുള്ള ഒരു ഷേക്ക്ഹാൻഡാണ്. ആ ഷേക്ക്ഹാൻഡാണ് കേരള നിയമസഭയിൽ അവതരിപ്പിച്ച ഈ ബില്ലെന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു ടോൾ ഫ്രീ നമ്പർ പ്രഖ്യാപിക്കണമെന്ന ഒരു നിർദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ വയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. പ്രായമായ, ഒറ്റപ്പെട്ടുകിടക്കുന്ന ആളുകൾക്ക് അവരുടെ പ്രയാസങ്ങൾ വിളിച്ചുപറഞ്ഞാൽ ഓടിയെത്താൻ എൻ.എസ്.എസ്.-ന്റെ വോളന്റിയർമാരെ ഉപയോഗപ്പെടുത്താം. ഇതിനുവേണ്ടി പ്രത്യേകമായി വോളന്റിയർമാരെ സജ്ജീകരിക്കാം. നമ്മുടെ

സംസ്ഥാനത്ത് പ്രയാസമനുഭവിക്കുന്ന പ്രായമായ ഏതൊരാൾക്കും ഒരു വിളിപ്പാടകലെ ആളുണ്ടെന്ന് പറയാൻ കഴിയുന്ന ടോൾ ഫ്രീ നമ്പർ ഇതിനുവേണ്ടി സജ്ജീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മുതിർന്നവരോടുള്ള കടമയെക്കുറിച്ച് കേരളത്തിന്റെ എല്ലാ വിശ്വാസ പാരമ്പര്യങ്ങളും ഒരേ സ്വരത്തിലാണ് സംസാരിക്കുന്നത്. കേരളത്തിന്റെ മാത്രമല്ല, ലോകത്തിലെ എല്ലാ വിശ്വാസ പാരമ്പര്യങ്ങളും പരിശോധിച്ചാൽ മുതിർന്നവരെ ബഹുമാനിക്കണമെന്നാണ് പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ-ൽ പറയുന്നത് "നിങ്ങളിൽ ഒരാളോ രണ്ടുപേരോ വാർദ്ധക്യം പ്രാപിച്ചാൽ, പ്രായമായാൽ അവരോട് 'ഛെ' എന്നുപോലും പറയരുത്, അവർക്കുവേണ്ടി പ്രാർഥിക്കണമെന്നാണ്". ഉപനിഷത്തുകളിലും മാതൃദേവോ ഭവ! പിതൃദേവോ ഭവ! മാതാവിനെയും പിതാവിനെയും ദൈവത്തെപോലെ തുല്യരായി കാണണമെന്നാണ് പറയുന്നത്. ബൈബിളിൽ പറയുന്നതും അങ്ങനെതന്നെയാണ്. "നരച്ച തലയെ കാണുമ്പോൾ എഴുന്നേറ്റുനിന്ന് ബഹുമാനിക്കണം, വൃദ്ധന്റെ മുഖത്തെ ബഹുമാനിക്കണം" എന്നാണ് ബൈബിൾ പഠിപ്പിച്ചത്. ഇതെല്ലാമാണ് നമ്മുടെ പാരമ്പര്യമെങ്കിലും നമ്മുടെ

നാട്ടിലെ കുടുംബവ്യവസ്ഥകൾ മാറിയപ്പോൾ ഈ മൂല്യങ്ങളെല്ലാം തകിടം മറിഞ്ഞുപോകുന്ന സ്ഥിതിയാണ് സംഭവിച്ചിരിക്കുന്നത്. ആ കടമ നിർവഹിക്കാനാണ് സംസ്ഥാന സർക്കാർ ഇത്തരത്തിലുള്ള ബില്ലുമായി കടന്നുവന്നിട്ടുള്ളത്. മുതിർന്നവരോടുള്ള കടമ നിർവഹിക്കാൻ പ്രത്യേക വ്യവസ്ഥകളുണ്ടാക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം (41)-ൽ വളരെ കൃത്യമായി പറയുന്നുണ്ട്. ഭരണഘടനയുടെ ആ നിർദേശത്തിന്റെ കേരള മോഡലാണ് കേരള നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചതെന്ന് ഈ ബിൽ പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും. നല്ല നിർദേശങ്ങൾ വന്നാൽ ഇനിയും പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. നമ്മുടെ നാട്ടിലെ വയോജനങ്ങൾക്കിടയിൽ നല്ല കലാകാരൻമാരുണ്ട്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് അവരുടെ അവസരങ്ങൾ പ്രദർശിപ്പിക്കാനുള്ള ധാരാളം മേഖലകളുണ്ട്. യുവജനങ്ങൾക്ക് നാൽപത് വയസുവരെ അവരുടെ കലാമികവ് പ്രകടിപ്പിക്കാൻ കേരളോത്സവമുണ്ട്. കോളേജുകളിലും സ്കൂളുകളിലുമൊക്കെ കലോത്സവങ്ങളുണ്ട്. പക്ഷേ വയോജനങ്ങൾക്കായി

ഇവിടെയൊരു കലോത്സവം സംഘടിപ്പിക്കാനുള്ള സംവിധാനമില്ല. വയോജനങ്ങൾക്കായി ഒരു കലോത്സവം സംഘടിപ്പിക്കുകയും അവരുടെ കലാ-കായിക രംഗത്തെ മികവ് പ്രകടിപ്പിക്കാൻ ഒരു അവസരമുണ്ടാക്കുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെ നമ്മുടെ നാട്ടിൽ നല്ല എക്സ്പീരിയൻസുള്ള വയോജനങ്ങളുണ്ട്. അവരുടെ പ്രോഡക്ടുകൾ നല്ല മികവുള്ളതാണ്. ആ മികവുള്ള പ്രോഡക്ടുകളെ മാർക്കറ്റ് ചെയ്യാനുള്ള സംവിധാനങ്ങളുണ്ടാകണം. നിർഭാഗ്യവശാൽ ഇപ്പോൾ അങ്ങനെയുള്ള സംവിധാനങ്ങളില്ല. നല്ല എക്സിബിഷൻസ്, അതുപോലെതന്നെ അതിനെ മാർക്കറ്റ് ചെയ്യാൻ; ഈ കഴിവിനെ ലോകത്തിന് മുമ്പിൽ; നമ്മുടെ നാട്ടിലെ വയോജനങ്ങളുടെ ഒരു പ്രോഡക്ട് അന്താരാഷ്ട്ര വിപണിയായ ആമസോണിലും ഫ്ലിപ്കാർട്ടിലുമൊക്കെ ലഭ്യമാകുന്ന തരത്തിലുള്ള അവസരമൊരുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായിട്ടൊന്നും സംസാരിക്കുന്നില്ല. 1999-ൽ ഐക്യരാഷ്ട്രസഭ

അന്താരാഷ്ട്ര വയോജന വർഷമായി ആചരിച്ചപ്പോൾ മുന്നോട്ടുവച്ച പ്രധാനപ്പെട്ടൊരു മുദ്രാവാക്യം എല്ലാ പ്രായക്കാർക്കുമുള്ള ഒരു സമൂഹമെന്നുള്ളതാണ്, എല്ലാവരെയും ഉൾക്കൊള്ളുന്ന സമൂഹം. നമ്മുടെ നാട്ടിലെ വയോജനങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട് കിടക്കുമ്പോൾ അവരെക്കൂടി ഉൾകൊള്ളുന്ന എല്ലാവർക്കുമുള്ള സമൂഹമാണ് കേരളീയ സമൂഹമെന്ന് ലോകത്തോട് വിളിച്ചുപറയാൻ കഴിയുന്ന കെല്പുള്ള ഒരു ബില്ലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഇവിടെ വിമർശിച്ചുകൊണ്ട് പലരും സംസാരിച്ചു. പല പോരായ്മകളുണ്ടെന്ന് സൂചിപ്പിച്ചു. ഇവിടെ സുപ്രീംകോടതിയുടെ വിധിയുണ്ടെന്ന് പറഞ്ഞു. ശരിയാണ്, സുപ്രീംകോടതിയുടെ വിധി ‘ Law of the Land 'ആണ്, രാജ്യത്തെ എല്ലാവർക്കും ബാധകമാണ്. പക്ഷേ സുപ്രീംകോടതിയുടെ വിധികളിലും നമ്മുടെ നാട്ടിൽ ഇപ്പോഴുള്ള ബി.എൻ.എസ്. ഉൾപ്പെടെയുള്ള നിയമങ്ങളിലുമെല്ലാം പല ലൂപ്പ്ഹോളുകളുമുണ്ട്. ആ ലൂപ്പ്ഹോളുകളൊക്കെ അടയ്ക്കുന്ന, ആ പോരായ്മകളൊക്കെ നികത്തുന്ന ഒരു ബില്ലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ചത്. അതുകൊണ്ട് എൻ.എൻ.

കക്കാടിന്റെ രണ്ടുവരി കവിത ചൊല്ലി ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

"കാലമിനിയുമുരുളും..
വിഷുവരും വർഷം വരും
തിരുവോണം വരും
പിന്നെയൊരോതളിരിനും
പൂ വരും കായ്വരും
അപ്പോഴാരെന്നും
എന്തെന്നും ആർക്കറിയാം..
നമുക്കിപ്പോഴീയാർദ്രയെ
ശാന്തരായ് സൗമ്യരായ്
എതിരേൽക്കാം"

അതിനാൽ ഈ ബില്ലിനെ നിങ്ങൾ ശാന്തരായി സൗമ്യരായി വരവേൽക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു, നന്ദി.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീമതി ഉമ തോമസ്: സർ, മുതിർന്ന പൗരൻമാർക്കായി ഒരു പുതിയ

വകുപ്പുതന്നെ രൂപീകരിച്ചുകൊണ്ട് ചരിത്രത്തിലിടംനേടുന്ന ബഹുമാനപ്പെട്ട വി. ഡി. സതീശൻ അവർകൾ മുഖ്യമന്ത്രിയായിരിക്കുന്ന ഈ നിയമസഭയിൽ അംഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞതിലും എനിക്ക് വലിയ സന്തോഷമുണ്ട്. കേരളത്തിന്റെ സാമൂഹിക പുരോഗതിക്കും ജനക്ഷേമത്തിനും ദൂരവ്യാപകമായ പ്രാധാന്യമുള്ള ഒരു നിയമനിർമ്മാണമാണിത്. നമ്മുടെ മുതിർന്ന പൗരൻമാരുടെ പരിചരണവും ക്ഷേമവും അവകാശസംരക്ഷണവും ഉറപ്പാക്കുന്നതിനായി സമഗ്രമായ ഒരു നിയമ സംവിധാനമൊരുക്കാനുള്ള ഈ ഇടപെടലിനെ ഞാൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു. ഒരു സമൂഹത്തിന്റെ വളർച്ച അളക്കേണ്ടത് സാമ്പത്തിക വികസനത്തിന്റെ കണക്കുകൾകൊണ്ട് മാത്രമല്ല. ആ സമൂഹം മുതിർന്ന തലമുറയോട് എത്രത്തോളം കരുതലും ആദരവും കാണിക്കുന്നുവെന്നതുകൂടി പരിഗണിച്ചാണ് അത് തീരുമാനിക്കുന്നത്. നമ്മളെ വളർത്തുകയും സമൂഹത്തെ കെട്ടിപ്പടുക്കുകയും ചെയ്ത തലമുറയ്ക്ക് സുരക്ഷിതവും അന്തസുള്ളതുമായ ജീവിതം

ഉറപ്പാക്കുകയെന്നത് നമ്മുടെ കടമയാണ്. ഈ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് മുതിർന്ന പൗരൻമാരുടെ പരിചരണത്തിനും അവകാശസംരക്ഷണത്തിനും നിയമപരമായ അടിത്തറയൊരുക്കുന്ന ഈ ബിൽ കേരളത്തിന്റെ സാമൂഹികക്ഷേമ മേഖലയിലെ സുപ്രധാനമായ ഒരു ചുവടുവയ്പാണ്. കേരളം ഇന്ന് ജനസംഖ്യാപരമായ ഒരു സുപ്രധാന മാറ്റത്തിലൂടെയാണ് കടന്നുപോകുന്നത്. ആയുർദൈർഘ്യം വർധിക്കുകയും ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുകയും ചെയ്തതോടെ മുതിർന്ന പൗരൻമാരുടെ എണ്ണം വർധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ വയോജനക്ഷേമത്തെക്കുറിച്ചുള്ള നമ്മുടെ സമീപനത്തിലും കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുണ്ട്. കുടുംബഘടനയിലുണ്ടായ മാറ്റങ്ങളും കൂട്ടുകുടുംബത്തിൽനിന്ന് അണുകുടുംബത്തിലേക്കുള്ള വർധനവും തൊഴിൽ ആവശ്യങ്ങൾക്കായി മക്കൾ മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുന്ന സാഹചര്യവും കണക്കിലെടുത്ത് ഒറ്റയ്ക്ക് താമസിക്കുന്നവർക്കും ദീർഘകാല പരിചരണം ആവശ്യമായവർക്കും കൂടുതൽ പിന്തുണ നൽകേണ്ടതുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിച്ച മുതിർന്ന

പൗരൻമാരുടെ അനുഭവസമ്പത്തും പരിചയവും വരുംതലമുറയ്ക്ക് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുമെന്ന സന്ദേശംകൂടിയാണ് ഈ ബില്ലിലൂടെ പൊതുസമൂഹത്തിലേക്കെത്തുന്നത്. സംസ്ഥാന ജില്ലാതല മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റെ രൂപീകരണവേളയിൽ സർവീസ് പെൻഷണർ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള ഒരു നിർദേശമാണ് എനിക്ക് പറയാനുള്ളത്. സർക്കാർ സംവിധാനത്തെക്കുറിച്ചെല്ലാം ഈ പെൻഷണേഴ്സിന് വളരെയധികം അനുഭവജ്ഞാനമുണ്ട് എന്നുള്ളതുകൊണ്ടുതന്നെ അവർക്ക് കൂടുതൽ നന്നായി ഈ മേഖലയിൽ പ്രവർത്തിക്കാൻ കഴിയും. അവരുടെ പ്രവർത്തനം നമുക്കൊരു മുതൽക്കൂട്ടായിമാറുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ ബില്ലിലൂടെ മുതിർന്ന പൗരൻമാർക്ക് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനുള്ള ഒരു വേദികൂടിയാണ് കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഈ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ കേരളത്തിന് വയോജനക്ഷേമത്തിന്റെ മേഖലയിൽ കൂടുതൽ മാതൃകാപരമായ മുന്നേറ്റം കൈവരിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ മുതിർന്ന

പൗരൻമാർക്ക് സുരക്ഷിതവും ആരോഗ്യകരവും അന്തസ്സുള്ളതുമായ ജീവിതം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഈ ബില്ലിലെ വ്യവസ്ഥകൾ ഫലപ്രദമാക്കുന്നതിന് എല്ലാ പിന്തുണയും നൽകിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, വിലപ്പെട്ട നിർദേശങ്ങൾ മുന്നോട്ടുവച്ച എല്ലാ അംഗങ്ങളെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇവിടെ ചില സംശയങ്ങൾ ഡിസന്റ് നോട്ടുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങളാണ്. അതിൽ എല്ലാ കാര്യത്തിലും പരിഹാരമുണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായ in-consistent ആയ ഒരു പ്രൊവിഷൻപോലും ഈ നിയമത്തിലില്ല. കേന്ദ്ര നിയമവും സംസ്ഥാനം ഇതിനുമുമ്പ് പാസാക്കിയ നിയമവും തമ്മിലുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം, കേരളം പാസാക്കിയ പഴയ നിയമം ഒരു കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ്. നമ്മുടെ പുതിയ നിയമം പരിചരണവും അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. ലോകത്ത് ആദ്യമായാണ് മുതിർന്ന പൗരൻമാർക്ക്

അവരുടെ അവകാശങ്ങൾ ഗാരന്റി നൽകുന്നൊരു നിയമം പാസാക്കുന്നത്. ആ ഭാഗ്യം നമ്മുടെ നിയമസഭയ്ക്കാണുണ്ടായത്. ഗാരന്റിയാണ്, റൈറ്റിന്റെ ഗാരന്റിയാണ്. ഇതൊന്നും കേന്ദ്രനിയമത്തിലോ ഇതിനുമുമ്പ് പാസാക്കിയ സംസ്ഥാന നിയമത്തിലോ ഇല്ല. കേന്ദ്ര നിയമത്തിൽ പ്രധാനമായും സീനിയർ സിറ്റിസൺസിന്റെയും പേരന്റ്സിന്റെയും വെൽഫെയറിനും മെയിന്റനൻസിനുമാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. എങ്കിൽപോലും ആ രണ്ട് നിയമങ്ങളുടെയും ഒരു പ്രൊവിഷനുമായും ഈ നിയമം ഓവർലാപ്പ് ചെയ്യുന്നില്ല. കേന്ദ്ര നിയമത്തിന് വിരുദ്ധമായിട്ടുള്ളതൊന്നുമില്ല. കേന്ദ്ര നിയമത്തിലെ ചില പീനൽ പ്രൊവിഷൻസ് ഈ നിയമത്തിൽ വന്നുകഴിഞ്ഞപ്പോൾ അതിലെ വാചകങ്ങൾ അതുമായി സംശയമുള്ളതാണെന്ന് തോന്നിയപ്പോൾ, അത് സബ്ജക്ട് കമ്മിറ്റിയിൽവച്ചതന്നെ കൃത്യമായി തിരുത്തുകയുണ്ടായി. മുതിർന്ന പൗരൻമാരെ ഉപേക്ഷിക്കുന്നവർക്കുള്ള ശിക്ഷ സംബന്ധിച്ച വകുപ്പ് 30(5) ആണ്. കേന്ദ്ര നിയമത്തിന് സംശയം തോന്നാത്തരീതിയിൽ കൃത്യമായി ഔദ്യോഗിക ഭേദഗതി ഇവിടെ വരുന്നുണ്ട്. ഞാനത് ഇവിടെ സർക്കുലേറ്റ്

ചെയ്തിട്ടുണ്ട്. ശിക്ഷ സംബന്ധിച്ച വകുപ്പ് 30-ൽ കേന്ദ്ര നിയമങ്ങളിലെ വ്യവസ്ഥകൾക്കനുകൂലമാകുന്ന ഭേദഗതികൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ സബ്ജക്ട് കമ്മിറ്റിയിൽ വരുത്തിയിട്ടുണ്ട്. കൂടാതെ, ക്ലോസ് 28-മായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം. അത് 'ലിവിങ് വിൽ' സംബന്ധിച്ചുള്ള കാര്യമാണ്. 'ലിവിങ് വിൽ' സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ഉണ്ടായിരുന്നുവെന്നാണ് പറഞ്ഞത്. ആ സുപ്രീം കോടതി വിധി ധാരാളം മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നത് ശരിയാണ്. അതിവിടെയില്ലെന്നാണ് അംഗങ്ങൾ പറഞ്ഞത്. അത് തെറ്റാണ്. അത് ക്ലോസ് 28-ന്റെ വായനയിൽ സംഭവിച്ചതാണ്. അതായത് "ലിവിങ് വിൽ" തയ്യാറാക്കാൻ ആഗ്രഹിക്കുന്നപക്ഷം, അതതു സംഗതിപോലെ എന്ന് തുടങ്ങി ജില്ലാതല മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റെയോ ചെയർപേഴ്സന്റെയോ സാന്നിദ്ധ്യത്തിൽ, നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും, ആ മുതിർന്ന പൗരന്റെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുകൊണ്ടും ജീവിതാന്ത്യത്തിലേക്കുള്ള അദ്ദേഹത്തിന്റെ മുൻഗണനകൾ

നിശ്ചയിച്ചുകൊണ്ടുമുള്ള ഒരു പ്രഖ്യാപനം തയ്യാറാക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതാണ്". ക്ലോസ് 28-നെ വിമർശിച്ചയാളുകൾ രണ്ടുമൂന്ന് വാക്കുകൾ പറഞ്ഞിരുന്നു.

നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും, നിർണ്ണയിക്കപ്പെട്ട എന്നുപറഞ്ഞാൽ എന്താണ്, റൂൾസിൽ വരുമെന്നാണ് അതിന്റെ അർഥം. 2 (za) നോക്കൂ. 2 (za)-ൽ വളരെ കൃത്യമായി അത് പറയുന്നുണ്ട്. നിർണ്ണയിക്കപ്പെട്ട പ്രകാരം എന്നുപറഞ്ഞാൽ അത് റൂൾസിൽ വരുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാനദണ്ഡങ്ങൾ, സുപ്രീം കോടതിയുടെ വിധിയിൽ നിർദേശിച്ച കാര്യങ്ങളെല്ലാം റൂൾസ് ഫ്രയിം ചെയ്യുമ്പോൾവരും എന്ന് ക്ലോസിൽതന്നെ പറഞ്ഞിരിക്കുകയാണ്. ആക്ടിൽ പറയുന്നതുപോലെ നിർണ്ണയിക്കപ്പെട്ട പ്രകാരം റൂൾസ് ഫ്രയിം ചെയ്യുമ്പോൾ; അത് ശ്രീ. കെ. എൻ. ബാലഗോപാൽ വായിച്ചപ്പോഴും ശ്രീ. കെ. രാജൻ വായിച്ചപ്പോഴും ആ വാക്ക് ഉപയോഗിച്ചു, നിർണ്ണയിക്കപ്പെട്ട പ്രകാരം, അത് റൂൾസിൽ വരും. സുപ്രീംകോടതിയുടെ നിർദേശങ്ങൾ ഒന്നും ലംഘിക്കില്ല. സുപ്രീം കോടതി പറഞ്ഞിരിക്കുന്ന നിർദേശങ്ങളും നമ്മൾ പുതുതായി കൊണ്ടുവരുന്ന

കാര്യങ്ങളും ഉൾപ്പടെയെല്ലാം റൂൾസ് വരുമ്പോൾ ഉറപ്പുവരുത്തുമെന്ന് ഞാൻ പ്രത്യേകമായി പറയാനാഗ്രഹിക്കുകയാണ്. അതുപോലെ ഇതൊരു സ്പെഷ്യൽ ആക്ടാണ്. എന്തിനാണ് സ്പെഷ്യൽ ആക്ട്? അങ്ങനെയാണെങ്കിൽ നമുക്ക് BNSS-ഉം BNS-ഉം ആവശ്യമില്ലല്ലോ? സ്പെഷ്യൽ ആക്ട് എന്നുപറയുന്നതിന് ഒരു പ്രത്യേക പദവിയുണ്ട്. ഭരണഘടനാപരമായും അല്ലാതെയും പ്രത്യേകമായ കാര്യമുണ്ട്. എല്ലാ ശിക്ഷകൾക്കും നമുക്ക് ക്രിമിനൽ നിയമങ്ങളും സിവിൽ നിയമങ്ങളുമുണ്ട്. പക്ഷെ, സ്പെഷ്യൽ ആക്ട് കൊണ്ടുവരുന്നത് അതിന് പ്രത്യേകമായ ഫോക്കസ് കൊടുക്കാനാണ്. ഭരണഘടനാപരമായി സ്പെഷ്യൽ ആക്ട് ഇവിടെ നിലനിൽക്കും. അത് സെൻട്രൽ ആക്ടിലെ ഒരു പ്രൊവിഷനും എതിരായി നിൽക്കില്ല. അതുപോലെ, പീഡനം എന്ന വാക്കിനെ സംബന്ധിച്ച് ശ്രീ. കെ. രാജൻ ഒരു കാര്യം പറഞ്ഞു. കൂടുതൽ പത്രവാർത്തകളും മാധ്യമ വാർത്തകളും കേൾക്കുമ്പോൾ പീഡനം എന്ന വാക്ക് നമ്മുടെ മനസ്സിൽ വേറെ ഒരർഥത്തിലാണ് കിടക്കുന്നത്. പീഡനം എന്ന വാക്കിന്റെ അർഥം അത് മാത്രമല്ല. യഥാർഥത്തിൽ എല്ലാവരും കേൾക്കുമ്പോൾ, സ്ഥിരം വാർത്തകൾ

വായിച്ചുവായിച്ച്, കേട്ടുകേട്ട്, നമ്മൾ ഉണ്ടാക്കിയിരിക്കുന്നതാണ് പീഡനത്തിന്റെ അർഥം. യഥാർഥത്തിൽ പീഡനത്തിന്റെ അർഥം അതല്ല. പീഡനം എന്ന വാക്ക് ഇതിൽ കൃത്യമായി ഡിഫൈൻ ചെയ്യുന്നുണ്ട്, 'വിശ്വാസ വഞ്ചനാപരമായ പീഡനം, സാമ്പത്തിക ദുരുപയോഗം, ലൈംഗിക പീഡനം, വാക്കാലുള്ള അധിക്ഷേപം, നിർബന്ധിത നിയന്ത്രണം, ശാരീരികവും മാനസികവും വൈകാരികവുമായ മുറിവേൽപ്പിക്കൽ, മുതിർന്ന പൗരന് അന്തസ്സായി ജീവിക്കുന്നതിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ അവഗണിക്കൽ, അവശ്യസാധനങ്ങളും സേവനങ്ങളും നിഷേധിക്കൽ എന്നിവ ഉൾപ്പെടുന്നതാകുന്നു.' അതിനെകുറിച്ച് ഡെഫനിഷൻ ക്ലോസ് 2(എ)-ൽ വളരെ വ്യക്തമായി ആ വാക്ക് നിർവചിക്കപ്പെട്ടിട്ടുണ്ട്. തെറ്റായി വ്യാഖ്യാനിക്കാതിരിക്കാൻ വേണ്ടിയാണ് ഡെഫനിഷൻ ക്ലോസിൽ നിർവചിക്കപ്പെടുന്നത്. നമ്മുടെ മനസ്സിൽ കിടക്കുന്ന, അറിയാതെ പതിഞ്ഞുപോയ ഒരു വാക്കിന് ഈ ഒരർഥം മാത്രമേയുള്ളൂ എന്നാണ് നമ്മുടെയെല്ലാവരുടെയും വിചാരം. അതല്ല, അതിന് വേറെയും വലിയ അർഥങ്ങളുണ്ട്. അതുപോലെ, ഈ വിൽ തയ്യാറാക്കുമ്പോൾ വ്യക്തിയുടെ

മാനസികാവസ്ഥ പരിഗണിക്കണമെന്ന കാര്യങ്ങളെല്ലാം നമുക്ക് റൂൾസിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. ഇവിടെ ശ്രീ. പി. കെ. ഫിറോസ് വളരെ പ്രധാനപ്പെട്ട ചില നിർദേശങ്ങൾ മുന്നോട്ടുവച്ചു. ഒരു ടോൾ ഫ്രീ നമ്പർ വേണം, അത് ബില്ലിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. പക്ഷെ, പരാതി നൽകാനായി അത് ഗൗരവമായി ആലോചിക്കേണ്ട ഒരു കാര്യമാണ്. തീർച്ചയായും സർക്കാർ അത് പരിഗണിക്കും. അദ്ദേഹം രണ്ടാമതായി പറഞ്ഞത് അവരുടെ പ്രോഡക്ടുകൾ മാർക്കറ്റ് ചെയ്യാൻവേണ്ടി ഒരു സംവിധാനം വേണമെന്നാണ്. ഇത് ഒരു ഗ്രൂപ്പായി മാറും. അപ്പോഴാണ് വാർഡുകളിലും മറ്റ് തലങ്ങളിലും അവർ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത്. വെൽഫെയറല്ല ഇതിന്റെ യഥാർഥ ഉദ്ദേശ്യമെന്ന് ഇവിടെ പറഞ്ഞു. വെൽഫെയർ ഒരു കമ്പോണന്റ് മാത്രമാണ്. സീനിയർ സിറ്റിസൺസ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചതിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം സിൽവർ ഇക്കോണമിയാണ്. അതിന് demographic changes ഉണ്ടാകുമ്പോൾ കേരളത്തിലെ മുതിർന്ന പൗരന്മാരുടെ എണ്ണം ഗണ്യമായി വരുമ്പോൾ, അതിൽ ഒരു വലിയ വിഭാഗം ആക്ടീവായി നിൽക്കുന്നവരാണ്.

അവരെ കൂടുതൽ കൺസ്യൂമർമാരാക്കി, ആക്കീവാക്കി അവർക്ക് ചെയ്യാൻ കഴിയുന്ന ധാരാളം പദ്ധതികൾ നമ്മൾ അവർക്ക് ഷോക്കേസ് ചെയ്തുകൊടുക്കണം. അവർക്ക് നേതൃത്വം കൊടുക്കാൻ കഴിയും. ചെറുപ്പക്കാർ സ്റ്റാർട്ട്-അപ് സംരംഭങ്ങൾ തുടങ്ങുമ്പോൾ മുതിർന്ന പൗരന്മാരെക്കൊണ്ട് സഹായിപ്പിക്കാൻ സാധിക്കും. ഈ ഗവൺമെന്റിന്റെ മറ്റൊരു പ്രധാനപ്പെട്ട ലക്ഷ്യമെന്ന് പറയുന്നത് കുടുംബശ്രീകളിലെ സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുക എന്നുള്ളതാണ്. നമ്മൾ അതിനുവേണ്ടി ഒരു വലിയ ഡ്രൈവ് നടത്തുമ്പോൾ അനുഭവജ്ഞാനമുള്ള, പരിചയമുള്ള ഈ മുതിർന്ന പൗരന്മാരെ നമുക്ക് അതിനുവേണ്ടി നന്നായി ഉപയോഗിക്കാൻ സാധിക്കും. അവരെ ക്രിയേറ്റീവാക്കുക എന്നുള്ളതാണ്. ഏറ്റവും പ്രായമുള്ളവർക്ക് കെയർ എന്നുപറയുന്നത് ഒരു കമ്പോണന്റ് മാത്രമാണ്. നമുക്ക് ഡാറ്റാ കളക്ഷനാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എത്ര മുതിർന്ന പൗരന്മാരുണ്ട്? ആരോഗ്യമുള്ളവർ, കിടപ്പുരോഗികൾ, കാൻസർ ബാധിച്ചവർ, ഡിമെൻഷ്യാ ബാധിച്ചവർ എന്നിവരെല്ലാം എത്രപേർവീതമുണ്ട്? പാലിയേറ്റീവ് കെയർ എത്രപേർക്ക് ആവശ്യമാണ്? ഇതിനെല്ലാം കൃത്യമായ ഡാറ്റ വേണം.

അതെല്ലാം ലോക്കൽ ബോഡിയുടെ രജിസ്റ്ററിലുണ്ടാകും. അത് മാറിക്കൊണ്ടിരിക്കും. എന്നുപറഞ്ഞാൽ, ഇന്ന് ഒരു ഡാറ്റയുണ്ടെങ്കിൽ അടുത്ത വർഷം ആ ഡാറ്റയിൽ വ്യത്യാസമുണ്ടാകും. അതിനിടെ പുതിയ ആളുകൾ അതിലേയ്ക്ക് വരും, ചിലപ്പോൾ അതിലുള്ള കുറച്ചുപേർ മരിച്ചുപോകും. ആ ഡാറ്റ കൃത്യമായി റിവ്യൂ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനംവേണം. ഓരോ പഞ്ചായത്ത് മെമ്പർക്കും ജനപ്രതിനിധിക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഒരു വാർഡിൽ കെയർ ആവശ്യമുള്ള എത്രപേരുണ്ടെന്നുള്ള കൃത്യമായ കണക്കുണ്ടാകണം. എത്ര പേർക്കാണ് പാലിയേറ്റീവ് കെയർ വേണ്ടതെന്നുള്ള കണക്ക് ഇപ്പോൾതന്നെയുണ്ടല്ലോ? നിലവിലുള്ള പാലിയേറ്റീവ് കെയർ സംവിധാനത്തെ നമുക്ക് ഇതുമായി ലിങ്ക് ചെയ്യാൻ സാധിക്കും. ഞാൻ അതുകൊണ്ടാണ് പറഞ്ഞത്, ഇവിടെ കെയർ ഗിവിങ്ങിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം കെ. രാജൻ പറഞ്ഞു; വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അടുത്ത അധ്യയന വർഷമെങ്കിലും നമുക്ക് കെയർഗിവേഴ്സ് (caregivers) കോഴ്സ് ആരംഭിക്കണം. ആസ്ട്രേലിയയിൽനിന്നും യു.കെ.-യിൽനിന്നും ജർമനിയിൽനിന്നും നമ്മൾ അതിന്റെ സിലബസ്

കൊണ്ടുവന്നിട്ടുണ്ട്. ഞങ്ങളത് ഇന്റഗ്രേറ്റ് ചെയ്യുകയാണ്. കേരളത്തിന്റെ ഒരു പശ്ചാത്തലത്തിൽ ഒരു നല്ല caregiving കോഴ്സുകൂടി ആരംഭിക്കാം. നേഴ്സസിന്റെ തൊട്ടുതാഴെ നിൽക്കും. സർട്ടിഫിക്കറ്റ് കൊടുക്കാനായി ഒരു അതോറിറ്റി രൂപീകരിക്കുക, അവർക്ക് ഇന്റേൺഷിപ്പ് കൊടുക്കുക. ഞാൻ നേരത്തെ പറഞ്ഞതുപോലെ, പണമുള്ളവർക്ക് എക്പെർട്ടൈസുള്ളവരെ avail ചെയ്യാം. അല്ലാത്തയാളുകൾക്ക്, പാവങ്ങൾക്ക് ഗവൺമെന്റും ലോക്കൽ ബോഡികളും CSR-ഉം മറ്റ് സംവിധാനങ്ങളുമെല്ലാം ഉപയോഗിച്ചുകൊണ്ട് അവരെക്കൂടി കെയർചെയ്യുന്ന ഒരു സംവിധാനംകൂടി നമുക്ക് കൊണ്ടുവരാൻ സാധിക്കും. ആ കാര്യങ്ങൾ ബില്ലിൽ വരേണ്ടതല്ല. ബില്ലിൽ നമുക്കുള്ളത്, പരിചരണം, അത് നടത്തുന്ന സ്ഥാപനങ്ങളുടെ competency. ആർക്കും എന്തും ചെയ്യാൻ കഴിയുന്ന ഒരവസ്ഥ വരരുത്. രണ്ടാമത് അവർക്കുള്ള റൈറ്റ് നമ്മൾ ഗാരന്റി ചെയ്ത് കൊടുക്കുകയാണ്. പിന്നെ സ്വത്ത് എഴുതിവാങ്ങി അവരെ ചവിട്ടി പുറത്താക്കുക, അവരെ സംരക്ഷിക്കാൻ ബാധ്യതയുള്ള മക്കൾ പുറത്താക്കുക, ബന്ധുക്കൾ അവരെ ചൂഷണം ചെയ്യുക, അവർക്ക് മാനസികമായോ ശാരീരികമായോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത്

ദുരുപയോഗം ചെയ്ത് അവരെ ചൂഷണം ചെയ്യുക, അതിനെതിരായിട്ടുള്ള കർശനമായ നടപടികളാണ് വേണ്ടത്. ശ്രീ. പി. കെ. ഫിറോസ് മനോഹരമായ കഥയാണ് പറഞ്ഞത്. ആ കഥ പറഞ്ഞത്, സ്വന്തം മാതാപിതാക്കൾ അവരുടെ അച്ഛനമ്മമാർക്ക് മരത്തിന്റെ പാത്രത്തിൽ സൂപ്പ് കൊടുക്കുന്നത് കണ്ടപ്പോൾ തന്റെ അച്ഛനമ്മമാർക്കുവേണ്ടി അതേ മരപ്പാത്രമുണ്ടാക്കാൻ മരക്കഷ്ണം സൂക്ഷിച്ചുവയ്ക്കുന്ന കുട്ടിയെക്കുറിച്ചാണ്. നമ്മൾ ചെയ്യുന്നതെല്ലാം നമ്മുടെ കുഞ്ഞുങ്ങൾ കാണുന്നുണ്ട്. നമ്മൾ നമ്മുടെ മാതാപിതാക്കളോട് ചെയ്യുന്നതെല്ലാം നമ്മുടെ കുഞ്ഞുങ്ങളും നമ്മളോട് ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പണ്ടത്തെ ഒരു ചൊല്ലുണ്ട്; 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്നു പറഞ്ഞതുപോലെ, കുട്ടികൾ സൂക്ഷ്മനിരീക്ഷണത്തിന്റെ ആളുകളാണ്. ഇപ്പോഴത്തെ കുട്ടികളെക്കുറിച്ച് നിങ്ങൾക്കറിയാമല്ലോ, കളിച്ചുകൊണ്ടിരിക്കുകയാണെന്ന് നമ്മൾ വിചാരിക്കും, എന്നാൽ നമ്മൾ പറയുന്ന മോശം വാക്കുപോലും അവർ കേൾക്കുകയും ആ മോശം വാക്ക് പിറ്റേദിവസം സ്കൂളിൽപോയി പറയുകയും ചെയ്യും. നമ്മൾ ചെയ്യുന്നതെല്ലാം നമ്മുടെ കുഞ്ഞുങ്ങൾ

കണ്ടുകൊണ്ടിരിക്കുകയാണ്. നമ്മൾ നമ്മുടെ മാതാപിതാക്കളോട് മോശമായി പെരുമാറിയാൽ, നമുക്ക് പ്രായമാകുമ്പോൾ നമ്മളോട് ഈ കുഞ്ഞുങ്ങൾ അതുപോലെ പെരുമാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. തീർച്ചയായും അതുപോലുള്ള കാര്യങ്ങളെല്ലാം ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഖുർആനും ഉപനിഷത്തുമെല്ലാം ഉദ്ധരിച്ചു. 'വാർധക്യത്തിൽ എന്നെ തള്ളിക്കളയരുതെന്നും എനിക്ക് ബലക്ഷയം സംഭവിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതെന്നും' ബൈബിളിലെ സങ്കീർത്തനങ്ങളിൽ പറയുന്നുണ്ട്. ഉപനിഷത്തും ഖുർആനും ബഹുമാനപ്പെട്ട അംഗം പി. കെ. ഫിറോസ് ക്വാട്ട് ചെയ്തതുകൊണ്ട്, ഞാനത് ക്വാട്ട് ചെയ്യുന്നില്ല. എല്ലാത്തിലും പറയുന്നുണ്ട്. ഇവരെ സംരക്ഷിക്കുകയെന്നത് പൊതുസമൂഹത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ്. ഞാൻ നേരത്തെ ബിൽ അവതരിപ്പിച്ചപ്പോൾ നിങ്ങളോട് പറഞ്ഞതുപോലെ, നമ്മുടെ രാജ്യത്തിനും ലോകത്തിനും ഒരു മോഡലാക്കി ഈ മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഏറ്റെടുക്കണം. അതിനുവേണ്ടിയുള്ള ഒരു മാതൃകാ ബില്ലുമായാണ് ഈ നിയമസഭ ഒന്നടങ്കം മുന്നോട്ടുപോകുന്നത്. ഇപ്പോൾ ഇവിടെ പറഞ്ഞ ധാരാളം ഭേദഗതികൾ,

സാധാരണ നിയമനിർമ്മാണം നടക്കുമ്പോൾ എത്ര ഭേദഗതികൾ സ്വീകരിക്കുമെന്ന് സീനിയേഴ്സിന് എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ അങ്ങനെയല്ല, നല്ല സ്കൂട്ടിനി നടത്തി, നല്ല ഹോംവർക്ക് നടത്തി, വളരെ ഭംഗിയായിട്ടുള്ള നിർദേശങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്ന് വന്നിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ 1186 ആയിട്ട് പ്രത്യേക ഹെൽപ്‌ലൈൻ നമ്പർ ഭേദഗതിയിൽ വന്നിട്ടുണ്ട്, ശ്രീ. ജ്യോതികുമാർ ചാമക്കാല നൽകിയ നോട്ടീസിൽ പറഞ്ഞത് വന്നിട്ടുണ്ട്. അങ്ങനെ ധാരാളം ഭേദഗതികൾ വന്നിട്ടുണ്ട്. ഇരുവശത്തുമുള്ള ഭേദഗതികളിൽ നമുക്ക് ഈ ബില്ലിന്റെ ഭാഗമാക്കാൻ കഴിയുന്ന പരമാവധി ഭേദഗതികൾ സ്വീകരിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ നിയമമായിരിക്കുമിത്. ഈ സഭയിലെ അംഗങ്ങളായ നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന ഒരു മാതൃകാനിയമമായിരിക്കുമിത്. അതിനാൽ ഇത് പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. കെ. ഫിറോസ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി

സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ഫിറോസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ഫിറോസ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമാ തോമസ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്നുള്ള അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഉമാ തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ഉമാ തോമസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ള ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

മി. സ്പീക്കർ: ഞാൻ നേരത്തെ ഒരു കാര്യം പറഞ്ഞിരുന്നു, ഈ ബില്ലിൽ ഏകദേശം 1300-ഓളം ഭേദഗതികളുണ്ട്. എല്ലാം ഇന്ന് ഒരുദിവസം കൊണ്ട് തീർക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. നാലരമണിക്ക് പമ്പ ബ്ലോക്ക് താക്കോൽദാന പരിപാടിയുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, നാലര മണിക്ക് നൽകേണ്ട താക്കോൽ അഞ്ചര മണിക്ക് നൽകിയാലും കുഴപ്പമില്ല. പക്ഷെ, ഈ ബിൽ പകുതിയിൽവച്ച് നിർത്തരുത്, പൂർത്തിയാക്കണമെന്നാണ് എനിക്ക് അങ്ങയോടുള്ള അഭ്യർഥന.

മി. സ്പീക്കർ: അങ്ങയുടെ അഭ്യർഥന പൂർണ്ണമായി അംഗീകരിക്കുന്നു. പക്ഷെ അഞ്ചര മണിക്ക് എങ്കിലും തീരണമെന്നൊരു കോൺസെൻസസ്

ഉണ്ടാകണം. അതോടുകൂടി പ്രശ്നം അവസാനിക്കും.

രണ്ടാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1282. ഖണ്ഡം 2(ജി)-ൽ "വകുപ്പിലെ" എന്നതിന് പകരം "ഖണ്ഡത്തിലെ" എന്ന് ചേർക്കുകയും " വകുപ്പ്" എന്നതിന് പകരം "ഖണ്ഡം" എന്ന് ചേർക്കുകയും ചെയ്യുക.
1283. ഖണ്ഡം 2(കെ)-ൽ "ദത്തെടുത്ത പുത്രൻ, ദത്തെടുത്ത പുത്രി" എന്നതിന് പകരം "ദത്ത് പുത്രൻ, ദത്ത് പുത്രി" എന്ന് ചേർക്കുക.
1284. ഖണ്ഡം 2(പി)-ൽ "കഴിവില്ലാത്ത" എന്നതിന് പകരം "ശേഷിയില്ലാത്ത" എന്ന് ചേർക്കുക.
1285. ഖണ്ഡം 2(ആർ)-ൽ "സുരക്ഷിതത്വത്തോടെ അന്തസ്സുള്ള ജീവിതം" എന്നതിന് പകരം "സുരക്ഷിതത്വത്തോടെ മാന്യമായ ജീവിതം" എന്ന് ചേർക്കുക.
1286. ഖണ്ഡം 2(വി)-ൽ "അഥവാ" എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുകയും "അപ്രകാരം" എന്നത് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 2(എ)-ൽ " വാക്കാലുള്ള അധിക്ഷേപം" എന്നതിന് പകരം " വാക്കാലും അല്ലാതെയുമുള്ള അധിക്ഷേപം" എന്ന് ചേർക്കുക.
322. ഖണ്ഡം 2(ഇ)-ൽ " പരിചരണദാതാക്കൾക്കും" എന്നതിന് ശേഷം " മുതിർന്ന പൗരൻമാരുടെ" എന്ന് ചേർക്കുക.

334. ഖണ്ഡം 2(എഫ്)-ൽ, " സാമൂഹിക സേവനങ്ങൾ" എന്നതിന് ശേഷം " തൊഴിൽ സൗകര്യം," എന്ന് ചേർക്കുക.

357. ഖണ്ഡം 2(ജി)-ൽ " ഈ വകുപ്പ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുന്നു" എന്നതിന് പകരം " എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

401. ഖണ്ഡം 2(എൽ)-ൽ " രൂപീകരിക്കുന്ന" എന്നതിന് പകരം " സ്ഥാപിക്കുന്ന" എന്ന് ചേർക്കുക.

504. ഖണ്ഡം 2(ഇസഡ്)-ൽ "ആത്മീയമോ" എന്നത് ഒഴിവാക്കുക.

രണ്ടാം വകുപ്പിലെ ഖണ്ഡം 2(എ)-ൽ പറഞ്ഞിരിക്കുന്നതിൽ "പീഡനം" എന്നതിൽ വിശ്വാസവഞ്ചനാപരമായ പീഡനം, സാമ്പത്തിക ദുരുപയോഗം, ലൈംഗിക പീഡനം, "വാക്കാലുള്ള അധിക്ഷേപം" എന്നതിൽ "വാക്കാലും അല്ലാതെയുമുള്ള അധിക്ഷേപം" എന്ന് ചേർക്കണമെന്നാണ് ഭേദഗതിയായി ഞാൻ നിർദേശിച്ചിട്ടുള്ളത്. അതിന് കാരണം വാക്കാൽ മാത്രമല്ല അധിക്ഷേപമുണ്ടാകാറുള്ളത്, ആംഗ്യരൂപേണയും പേപ്പറിൽ എഴുതി കാണിച്ചുമൊക്കെ അധിക്ഷേപമുണ്ടാകാറുണ്ട് എന്നുള്ളതുകൊണ്ട് അത് " വാക്കാലും അല്ലാതെയുമുള്ള അധിക്ഷേപം" എന്ന് ചേർക്കണമെന്നാണ് എന്റെ 2(എ)-ലുള്ള ഭേദഗതി.

ഖണ്ഡം 2(ഇ)-ൽ " പരിചരണദാതാക്കൾക്കും" മുതിർന്ന കുടുംബാംഗങ്ങൾക്കും പരിശീലനം നൽകുന്ന ഒരു സ്ഥാപനമോ സംരംഭമോ

എന്നാണ് പറഞ്ഞിട്ടുള്ളത്, അത് ഡെഫനിഷനെ സംബന്ധിച്ചുള്ളതാണ്. പരിചരണദാതാക്കൾക്കും കുടുംബാംഗങ്ങൾക്കും എന്ന് വായിക്കുമ്പോൾ പരിചരണദാതാക്കളുടെ കുടുംബാംഗങ്ങൾ എന്ന് തെറ്റിധരിക്കപ്പെടാതിരിക്കാൻ അധ്യായം I-ലെ 2(കെ)-ൽ "കുടുംബാംഗം" ഡിഫൈൻ ചെയ്തിട്ടുള്ളതുകൊണ്ടുതന്നെ " പരിചരണദാതാക്കൾക്കും" എന്നതിന് ശേഷം " മുതിർന്ന പൗരൻമാരുടെ" എന്ന് ചേർക്കണമെന്നതാണ് എന്റെ രണ്ടാമത്തെ ഭേദഗതി.

ഖണ്ഡം 2(എഫ്)-ൽ "പരിചരണവും ക്ഷേമവും" എന്നാൽ മുതിർന്ന പൗരന്മാർക്കുള്ള ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യചികിത്സ, യാത്രാസൗകര്യം, സാമൂഹിക സേവനങ്ങൾ, വിനോദം എന്നതിനുശേഷം " തൊഴിൽ സൗകര്യം," എന്നുകൂടി ചേർക്കണമെന്നാണ് എന്റെ മറ്റൊരു നിർദ്ദേശം.

ഖണ്ഡം 2 (ജി)-ൽ ഏറ്റവും അവസാനഭാഗത്തുള്ള " ഒരു വ്യവസ്ഥയായാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുന്നു" എന്നാണ്. അങ്ങയുടെ ഔദ്യോഗിക ഭേദഗതിയിൽ "വകുപ്പ്" എന്നത്

"ഖണ്ഡം" എന്ന് തിരുത്തിയിട്ടുണ്ട്. പക്ഷെ ഡെഫനിഷൻ ക്ലോസിൽ വരുമ്പോൾ അവിടെ വ്യവസ്ഥ പാടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ " ഖണ്ഡം പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുന്നു" എന്നതിന് പകരം " എന്നർത്ഥമാകുന്നു" എന്ന് ചേർക്കണമെന്നതാണ് എന്റെ അടുത്ത നിർദേശമായി മുന്നോട്ടുവയ്ക്കുന്നത്.

ഖണ്ഡം 2 (എൽ)-ൽ നിധി എന്നാൽ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം " രൂപീകരിക്കുന്ന" എന്നതിന് പകരം " സ്ഥാപിക്കുന്ന" എന്ന് ചേർക്കണമെന്ന ഭേദഗതി ഞാൻ പിൻവലിക്കുന്നു. കാരണം അങ്ങയുടെ ഔദ്യോഗിക ഭേദഗതിയായി 1305 എന്നതിൽ ഖണ്ഡം 23(1)-ൽ " സ്ഥാപിക്കേണ്ടതാണ്" എന്നതിനുപകരം " രൂപീകരിക്കേണ്ടതാണ്" എന്ന് ചേർത്തിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതിയിൽ 1305 - ലേക്ക് എത്തുന്നതേയുള്ളൂ.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഔദ്യോഗിക ഭേദഗതി വന്നതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അത് ഞാൻ പിൻവലിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245 ഖണ്ഡം 2(എ)-ൽ " അധിക്ഷേപം" എന്നതിനുശേഷം " ഗുണപരമല്ലാത്ത" എന്ന് ചേർക്കുക.

250. ഖണ്ഡം 2(എ)-ൽ " സേവനങ്ങളും" എന്നതിനുശേഷം " വൈദ്യ സഹായങ്ങളും" എന്ന് ചേർക്കുക.

266. ഖണ്ഡം 2(ബി)-ൽ " ലക്ഷ്യംവച്ച്" എന്നതിന് പകരം " ലക്ഷ്യം വച്ച്" എന്ന് ചേർക്കുക.

315. ഖണ്ഡം 2(ഡി)-ൽ " പരിശീലനം" എന്നതിന് മുമ്പ് " അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന്" എന്ന് ചേർക്കുക

323. ഖണ്ഡം 2(ഇ)-ൽ " ഒരു" എന്നതിന് ശേഷം " അംഗീകൃത" എന്ന് ചേർക്കുക.

345. ഖണ്ഡം 2(ജി)-ൽ " ഹാനി വരുത്തണമെന്ന" എന്നതിനു മുൻപ് " സാമ്പത്തികമോ മാനസികമോ മറ്റു തരത്തിലോ ഉള്ള" എന്ന് ചേർക്കുക.

368. ഖണ്ഡം 2(ജെ)-യിൽ " അദൃശ്യ" എന്നതിന് പകരം " ദൃശ്യമോ അദൃശ്യമോ ആയ" എന്ന് ചേർക്കുക.

386. ഖണ്ഡം 2(കെ)-ൽ " മുതിർന്ന പൗരന്റെ" എന്നതിന് ശേഷം "പ്രായപൂർത്തിയായതും ബുദ്ധിസ്ഥിരതയുള്ളതുമായ" എന്ന് ചേർക്കുക.

400. ഖണ്ഡം 2(കെ)-ൽ " എന്നർത്ഥമാകുന്നതും എന്നാൽ ഇതിൽ മൈനർ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു" എന്നതിന് പകരം " എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

406. ഖണ്ഡം 2 (എൻ)-ൽ " ആവശ്യാനുസരണം" എന്നതിന് ശേഷം " മുതിർന്ന പൗരന്മാർക്കായുള്ള" എന്ന് ചേർക്കുക.

414. ഖണ്ഡം 2(എൻ)-ൽ "ഇടനിലക്കാരും" എന്നതിന് ശേഷം "ഓഫ്‌ലൈൻ ഇടനിലക്കാരും" എന്ന് ചേർക്കുക.

424. ഖണ്ഡം 2(ഒ)-യിൽ " ഒരു" എന്നതിന് ശേഷം

" അംഗീകൃത" എന്ന് ചേർക്കുക.

444. ഖണ്ഡം 2(കൃ)-ൽ, " നിർബന്ധിതനോ" എന്നതിന് ശേഷം " കുടുംബാംഗങ്ങളുടെ പരിചരണം തൃപ്തികരമല്ലെന്ന ബോധ്യത്തിൽ സ്വയം ഒറ്റപ്പെട്ട് കഴിയുന്നതോ" എന്ന് ചേർക്കുക.

451. ഖണ്ഡം 2(ആർ)-ൽ " മുക്തമായി" എന്നതിനു ശേഷം " വാർദ്ധക്യ സഹജമായ അനാരോഗ്യങ്ങൾക്ക് ആവശ്യമായ വൈദ്യസഹായം ലഭ്യമാകുന്ന" എന്ന് ചേർക്കുക.

460. ഖണ്ഡം 2(എസ്)-ൽ " വൈദ്യസഹായ ഉപാധികൾ" എന്നതിനു ശേഷം " ,മറ്റ് ആധുനിക ജീവൻരക്ഷാ ശാസ്ത്ര സാങ്കേതിക ഉപാധികൾ" എന്ന് ചേർക്കുക.

468. ഖണ്ഡം 2(റ്റി)-ൽ, " മുനിസിപ്പാലിറ്റിയോ" എന്നതിന് ശേഷം " മുനിസിപ്പൽ കോർപ്പറേഷനോ" എന്ന് ചേർക്കുക.

480. ഖണ്ഡം 2(വി)-ൽ " വ്യക്തിയോ" എന്നതിന് ശേഷം " ഈ ആവശ്യത്തിലേക്കായി സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ പ്രകാരം സർക്കാർ അംഗീകാരത്തോടെ" എന്ന് ചേർക്കുക.

485. ഖണ്ഡം 2(ഡബ്ല്യു)-ൽ " മാത്രം കൈകാര്യം ചെയ്യുന്നതിനായി നിയോഗിക്കുന്ന ഓരോ പോലീസ് സ്റ്റേഷനിലും" എന്നതിന് പകരം " കൈകാര്യം ചെയ്യുന്നതിനായി ഓരോ പോലീസ് സ്റ്റേഷനിലും സർക്കാർ നിയോഗിക്കുന്ന" എന്നത് ചേർക്കുക.

499. ഖണ്ഡം 2(വൈ)-ൽ "സംരഭമോ" എന്നതിന് ശേഷം "മതസ്ഥാപനങ്ങളോ സന്യാസിസമൂഹങ്ങളോ എൻ.ആർ.ഐ. സംഘടനകളോ ഇതര സംസ്ഥാന മലയാളി കൂട്ടായ്മകളോ" എന്ന് ചേർക്കുക.

510. ഖണ്ഡം 2(ഇസഡ്)-ൽ " 'അന്ത്യഘട്ട പരിചരണവും' " എന്നതിന് ശേഷം "വൈദ്യപരിചരണവും" എന്ന് ചേർക്കുക.

512. ഖണ്ഡം 2(ഇസഡ് ബി)-ൽ " സ്വത്തും" എന്നതിന് ശേഷം " ഷെയറുകളോ മറ്റ് തരത്തിലുള്ള ഡിജിറ്റലോ അല്ലാത്തതോ ആയ നിക്ഷേപങ്ങളും" എന്ന് ചേർക്കുക.

521. ഖണ്ഡം 2(ഇസഡ് ഇ)-ൽ " ലഭിക്കുന്നതോ" എന്നതിന് ശേഷം " മുതിർന്ന പൗരൻ മറ്റു തരത്തിൽ സ്വന്തഇഷ്ട പ്രകാരം

സ്വത്തവകാശിയായി നിശ്ചയിച്ചിട്ടുള്ളതോ" എന്ന് ചേർക്കുക.

522. ഖണ്ഡം 2(ഇസഡ് എഫ്)-ൽ " അതിവൃദ്ധർക്കോ" എന്ന് വരുന്നിടത്തെല്ലാം " മുതിർന്ന പൗരന്മാർക്കോ" എന്ന് ചേർക്കുക.

532. ഖണ്ഡം 2(ഇസഡ് ഐ)-ൽ " നൽകുന്ന ഒരു" എന്നതിന് ശേഷം " അംഗീകൃത" എന്ന് ചേർക്കുക.

536. ഖണ്ഡം 2(ഇസഡ് കെ)-ൽ " ഒരു" എന്നതിനു ശേഷം " സംസ്ഥാനതല" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(എ)-ൽ " അവഗണിക്കൽ" എന്നതിന് പകരം " നിഷേധിക്കൽ" എന്ന് ചേർക്കുക.

259. ഖണ്ഡം 2 (എ)-ൽ " നിഷേധിക്കൽ" എന്നതിന് ശേഷം " ,ഒറ്റപ്പെടുത്തൽ" എന്ന് ചേർക്കുക.

290. ഖണ്ഡം 2(സി)-ൽ " മെച്ചപ്പെടുത്തുന്നതിനുള്ള" എന്നതിന് പകരം " സംരക്ഷിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

311. ഖണ്ഡം 2(ഡി)-ൽ, " പിന്തുണയും" എന്നതിന് പകരം "സഹായവും" എന്ന് ചേർക്കുക.

314. ഖണ്ഡം 2(ഡി)-ൽ " നൽകുന്നതിന്" എന്നതിന് ശേഷം " സർക്കാർ അർദ്ധ സർക്കാർ അംഗീകൃത" എന്ന് ചേർക്കുക.

330. ഖണ്ഡം 2(എഫ്)-ൽ, " യാത്രാസൗകര്യം" എന്നതിന് മുമ്പ് "കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ സൗജന്യ" എന്ന് ചേർക്കുക.

363. ഖണ്ഡം 2(ഐ)-യിൽ " രൂപീകരിക്കപ്പെട്ട" എന്നതിന് പകരം " രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

403. ഖണ്ഡം 2(എൽ)-ൽ " ക്ഷേമത്തിനായുള്ള" എന്നതിന് പകരം " ഉന്നമനത്തിനായുള്ള" എന്ന് ചേർക്കുക.

413. ഖണ്ഡം 2(എൻ)-ൽ "വേതനത്തിനോ" എന്നതിന് ശേഷം "ഇവ

രണ്ടും അല്ലാതെയോ" എന്ന് ചേർക്കുക.

416. ഖണ്ഡം 2(ഒ)-യിൽ "നിലനിർത്തുന്നതിനും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

426. ഖണ്ഡം 2(പി)-ൽ " ശാരീരികമായി" എന്നതിന് പകരം " ശാരീരികമായും മാനസികമായും സാമ്പത്തികമായും" എന്ന് ചേർക്കുക.

429. ഖണ്ഡം 2(പി)-ൽ " ശാരീരികമായി സ്വയം സംരക്ഷിക്കാൻ കഴിവില്ലാത്ത" എന്നതിന് പകരം " ശാരീരികക്ഷമതയില്ലാത്ത" എന്ന് ചേർക്കുക.

435. ഖണ്ഡം 2(കൃ)-ൽ " വരുമാന മാർഗ്ഗമോ സ്രോതസ്സോ സ്വത്തോ" എന്നതിന് പകരം " യാതൊരു വരുമാനം" എന്ന് ചേർക്കുക.

453. ഖണ്ഡം 2(ആർ)-ൽ " സുരക്ഷിതത്വത്തോടെ" എന്നതിന് പകരം " സുരക്ഷിതത്വത്തോടെയും അഭിമാനബോധത്തോടെയും" എന്ന് ചേർക്കുക.

464. ഖണ്ഡം 2(എസ്)-ൽ, " പ്രഖ്യാപനം" എന്നതിന് പകരം " രേഖ" എന്ന് ചേർക്കുക.

482. ഖണ്ഡം 2(വി)-ൽ " വാർദ്ധക്യത്തിനുള്ള" എന്നതിന് പകരം " വാർദ്ധക്യസംരക്ഷണ" എന്ന് ചേർക്കുക.

508. ഖണ്ഡം 2(ഇസഡ്)-ൽ "മെച്ചപ്പെടുത്തുന്ന" എന്നതിന് പകരം "വർധിപ്പിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

251. ഖണ്ഡം 2(എ)-ൽ " നിഷേധിക്കൽ" എന്നതിന് പകരം " തടയുക" എന്ന് ചേർക്കുക.

298. ഖണ്ഡം 2(ഡി)-ൽ " ജീവിതനിലവാരത്തിൽ" എന്നതിന് മുമ്പ് " ദൈനംദിന" എന്ന് ചേർക്കുക.

304. ഖണ്ഡം 2(ഡി)-ൽ, " വൈദ്യപരവുമായ" എന്നതിന് പകരം

"ആരോഗ്യകരവുമായ" എന്ന് ചേർക്കുക.

346. ഖണ്ഡം 2(ജി)-ൽ " ഹാനി" എന്നതിന് പകരം " ബുദ്ധിമുട്ട്" എന്ന് ചേർക്കുക.

448. ഖണ്ഡം 2(ആർ)-ൽ " ഏതു തരത്തിലുള്ള ചൂഷണത്തിൽ നിന്നും" എന്നതിന് പകരം " ചൂഷണരഹിതമായ" എന്ന് ചേർക്കുക.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252. ഖണ്ഡം 2(എ)-ൽ " നിഷേധിക്കൽ" എന്നതിന് പകരം " തടയൽ" എന്ന് ചേർക്കുക.

318. ഖണ്ഡം 2(ഇ)-ൽ " പരിചരണത്തിൽ" എന്നതിന് പകരം " ശുശ്രൂഷയിൽ" എന്ന് ചേർക്കുക.

370. ഖണ്ഡം 2(ജെ)-യിൽ "അദൃശ്യ ആസ്തികൾ" എന്നതിന് പകരം " വ്യക്തിപരമായ നേട്ടങ്ങൾ" എന്ന് ചേർക്കുക.

411. ഖണ്ഡം 2(എൻ)-ൽ "പരിചരണദാതാക്കളെ" എന്ന് വരുന്നിടത്തെല്ലാം "പരിചരണം നൽകുന്നവരെ" എന്ന് ചേർക്കുക.

489. ഖണ്ഡം 2(എക്സ്)-ൽ " എൺപത്" എന്നതിന് പകരം " എഴുപത്തിയഞ്ച്" എന്ന് ചേർക്കുക.

526. ഖണ്ഡം 2(ഇസഡ് ജി) താഴെ പറയും പ്രകാരം മാറ്റുക " " മുതിർന്ന പൗരൻ" എന്നാൽ അറുപതോ അതിലധികമോ വയസ്സ് പൂർത്തിയായതുമായ ഏതൊരു ഇന്ത്യൻ പൗരൻ എന്നർത്ഥമാകുന്നു"

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

257. വകുപ്പ് 2 (എ)-ൽ " നിഷേധിക്കൽ" എന്നതിന് ശേഷം " ,

അപമാനിക്കൽ" എന്ന് ചേർക്കുക.

258. വകുപ്പ് 2 (എ)-ൽ " നിഷേധിക്കൽ" എന്നതിന് ശേഷം " അവഗണനയും " എന്ന് ചേർക്കുക.

285. ഖണ്ഡം 2(സി)-ൽ " ആരോഗ്യവും" എന്നതിന് ശേഷം " ആനന്ദവും" എന്ന് ചേർക്കുക.

324. ഖണ്ഡം 2(ഇ)-ൽ " ഏജൻസിയോ" എന്നതിന് ശേഷം " കൗൺസിലറോ" എന്ന് ചേർക്കുക.

353. ഖണ്ഡം 2(ജി)-ൽ " ഓൺലൈൻ സാമ്പത്തിക" എന്നതിന് ശേഷം " / വിപണനത്തിലെ" എന്ന് ചേർക്കുക.

398. ഖണ്ഡം 2(കെ)-ൽ " പൗത്രി" എന്നതിന് ശേഷം " പൗത്രന്റെ ഭാര്യ, പൗത്രിയുടെ ഭർത്താവ്" എന്ന് ചേർക്കുക.

443. ഖണ്ഡം 2(കൃ)-ൽ, " അംഗം" എന്നതിന് പകരം " അംഗങ്ങൾ" എന്ന് ചേർക്കുക.

479. ഖണ്ഡം 2(വി)-ൽ " ഏതെങ്കിലും" എന്നതിന് ശേഷം "സർക്കാർ അംഗീകൃത" എന്ന് ചേർക്കുക.

516. ഖണ്ഡം 2(ഇസഡ് സി)-ൽ " ക്ഷേമം" എന്നതിന് ശേഷം " , വിനോദം" എന്ന് ചേർക്കുക.

530. ഖണ്ഡം 2(ഇസഡ് എച്ച്)-ൽ " സ്ഥാപനമോ" എന്നതിന് മുമ്പ് " സർക്കാർ അംഗീകൃത" എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 2 (എ)-ൽ " നിഷേധിക്കൽ" എന്നതിന് ശേഷം " ,ഒറ്റപ്പെടുത്തൽ, ഉപേക്ഷിക്കൽ, ചികിത്സയും പരിചരണവും നിഷേധിക്കൽ" എന്ന് ചേർക്കുക.

286. ഖണ്ഡം 2(സി)-ൽ " മെച്ചപ്പെടുത്തുന്നതിനുള്ള" എന്നതിന് മുമ്പ് " നിലനിർത്തുന്നതിനും" എന്ന് ചേർക്കുക.

292. ഖണ്ഡം 2(ഡി)-ൽ " ഏകാന്തതയിലെ" എന്നതിന് മുമ്പ് " മാനസികോല്ലാസം" എന്ന് ചേർക്കുക.

293. ഖണ്ഡം 2(ഡി)-ൽ " സഹായം" എന്നതിന് പകരം " പിന്തുണ" എന്ന് ചേർക്കുക.
335. ഖണ്ഡം 2(എഫ്)-ൽ " വിനോദം" എന്നതിന് ശേഷം " , വിജ്ഞാനം" എന്ന ചിഹ്നവും വാക്കും ചേർക്കുക.
367. ഖണ്ഡം 2(ജെ)-യിൽ " വ്യക്തിത്വം" എന്നതിന് ശേഷം " ആരോഗ്യം" എന്ന് ചേർക്കുക.
399 ഖണ്ഡം 2(കെ)-ൽ " സഹോദരി" എന്നതിന് ശേഷം " മുതിർന്ന പൗരന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ അവകാശം സിദ്ധിച്ചവരും സ്ഥിരമായി ആശ്രയിച്ചവരും" എന്ന് ചേർക്കുക.
452. ഖണ്ഡം 2(ആർ)-ൽ " സുരക്ഷിതത്വത്തോടെ" എന്നതിന് ശേഷം " ആത്മാഭിമാനത്തോടെ" എന്ന് ചേർക്കുക.
511. ഖണ്ഡം 2(ഇസഡ് ബി)-ൽ " പിതൃസ്വത്തോ" എന്നതിന് പകരം " അനന്തരാവകാശമായി സിദ്ധിച്ച സ്വത്തോ" എന്ന് ചേർക്കുക.
520. ഖണ്ഡം 2(ഇസഡ് ഇ)-ൽ " അല്ലാത്തതും" എന്നതിന് ശേഷം " ആശ്രിതത്വത്തിൽ ജീവിച്ചിരുന്നവരും" എന്ന് ചേർക്കുക.

ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതോടൊപ്പം 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ എന്നത് "നിർബന്ധിത പരിചരണവും അവകാശ സംരക്ഷണവും" ബിൽ എന്നാക്കണമെന്ന നിർദ്ദേശം പ്രത്യേകം അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 2 (എ)-ൽ " നിഷേധിക്കൽ" എന്നതിന് ശേഷം " ,വസ്തു വകകൾ കൈവശപ്പെടുത്തൽ, സമ്പത്ത് കൈവശപ്പെടുത്തൽ"

എന്ന് ചേർക്കുക.

280. ഖണ്ഡം 2(സി)-ൽ " എന്നാൽ" എന്നതിന് ശേഷം "ആരോഗ്യപരമായ ചുറ്റുപാടിൽ" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 2(ബി)-ൽ " കഴിവ്" എന്നതിന് ശേഷം " ആരോഗ്യം" എന്ന് ചേർക്കുക.

440. ഖണ്ഡം 2(കൃ)-ൽ " കുടുംബാംഗം ഉണ്ടായിരുന്നിട്ടും ആ അംഗം സംരക്ഷിക്കാത്തതിനാൽ" എന്നതിന് പകരം " കുടുംബാംഗങ്ങൾ ഉണ്ടായിരുന്നിട്ടും അവർ സംരക്ഷിക്കാത്തതിനാൽ" എന്ന് ചേർക്കുക.

456. ഖണ്ഡം 2(എസ്)-ൽ " കീമോതെറാപ്പി," എന്നതിന് ശേഷം " ഡയാലിസിസ്," എന്ന് ചേർക്കുക.

ഖണ്ഡം 2(ബി)-ൽ " എന്നാൽ പ്രായം വരുമാനം കഴിവ് എന്നതിനു പകരം" " ആരോഗ്യം" എന്ന് കൂട്ടിച്ചേർക്കുന്നത് നല്ലതായിരിക്കും. ഖണ്ഡം 2(എസ്)-ൽ ശസ്ത്രക്രിയ, ഐ.വി. ഫ്ലൂയിഡുകൾ, കീമോതെറാപ്പി എന്നതിന്റെകൂടെ " ഡയാലിസിസ്," എന്നുകൂടി കൂട്ടിച്ചേർക്കുന്നത് നല്ലതായിരിക്കും. ഖണ്ഡം 2-ൽ ജീവിതം നയിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ് പ്രായം, ലിംഗം, വംശം എന്നതിൽ " ആരോഗ്യം" എന്ന് കൂട്ടിച്ചേർക്കുന്നത് നല്ലതായിരിക്കും.

ശ്രീ. വി. പി. സജീന്ദ്രൻ: .....(മൈക്ക് ഓഫ്).

മി. സ്പീക്കർ: ഭേദഗതികൾ മൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞാൽ മാത്രം പോരാ എല്ലാം റെക്കോർഡായി പോയാൽ മാത്രമേ നിയമത്തിനകത്ത് വരികയുള്ളൂ.

ശ്രീ. സി. കെ. കാസിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

267. ഖണ്ഡം 2(ബി)-ൽ " ഊർജ്ജസ്വലവും" എന്നതിന് ശേഷം " മാനസികവും" എന്ന് ചേർക്കുക.

306. ഖണ്ഡം 2-(ഡി)-ൽ, " വൈദ്യപരവുമായ" എന്നതിന് പകരം "ആരോഗ്യപരവുമായ" എന്ന് ചേർക്കുക.

327. ഖണ്ഡം 2(എഫ്)-ൽ, " യാത്രാസൗകര്യം" എന്നതിന് മുമ്പ് "സൗജന്യ" എന്ന് ചേർക്കുക.

387. ഖണ്ഡം 2(കെ)-ൽ " പുത്രൻ" എന്ന് വരുന്നയിടത്തെല്ലാം "മകൻ" എന്ന് ചേർക്കുക.

395. ഖണ്ഡം 2(കെ)-ൽ " പുത്രി" എന്ന് വരുന്നയിടത്തെല്ലാം " മകൾ" എന്ന് ചേർക്കുക.

421. ഖണ്ഡം 2(ഒ)-യിൽ "സാന്ത്വന" എന്നതിന് പകരം "ആരോഗ്യ" എന്ന് ചേർക്കുക.

445. ഖണ്ഡം 2(ആർ)-ൽ " ഏതു തരത്തിലുള്ള ചൂഷണത്തിൽനിന്നും" എന്നതിന് പകരം " ചൂഷണരഹിതമായി" എന്ന് ചേർക്കുക.

471. ഖണ്ഡം 2(യു)-ൽ " ഇൻഡ്യൻ മെജാറിറ്റി" എന്നതിന് പകരം " ഇന്ത്യൻ മെജോരിറ്റി" എന്ന് ചേർക്കുക.

496. ഖണ്ഡം 2(വൈ)-ൽ "സംസ്ഥാനത്ത്" എന്നതിന് ശേഷം "മുതിർന്ന പൗരർക്ക് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

272. ഖണ്ഡം 2(ബി)-ൽ " ഊർജ്ജസ്വലവും" എന്നതിന് ശേഷം "സന്തോഷകരവും" എന്ന് ചേർക്കുക.

303. ഖണ്ഡം 2(ഡി)-ൽ, " വൈദ്യപരവുമായ" എന്നതിന് പകരം "ചികിത്സാപരവുമായ" എന്ന് ചേർക്കുക.

344. ഖണ്ഡം 2(എഫ്)-ൽ " അശക്തരോ" എന്നതിന് ശേഷം " കിടപ്പുരോഗികളോ" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 2(ബി)-ൽ " വാർദ്ധക്യത്തിനായി" എന്നതിന് പകരം "വാർദ്ധക്യപരിചരണത്തിനായും" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

275. ഖണ്ഡം 2(ബി)-ൽ " സൗകര്യമൊരുക്കുക" എന്നതിന് പകരം "സൗകര്യപ്രദമായ സാഹചര്യമൊരുക്കുക" എന്ന് ചേർക്കുക.

ശ്രീ. കാരായി രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 2(സി)-ൽ " ആരോഗ്യവും" എന്നതിന് ശേഷം " വൈദ്യപരവുമായ" എന്ന് ചേർക്കുക.

316. ഖണ്ഡം 2(ഇ)-ൽ " വയോജന" എന്നതിന് പകരം " മുതിർന്ന പൗരൻമാരുടെ" എന്ന് ചേർക്കുക.

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 2(സി) താഴെപ്പറയും പ്രകാരം മാറ്റുക.

" (സി) "പരിചരണം" എന്നാൽ വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ക്ഷേമവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി നൽകുന്ന കരുതൽ മാർഗ്ഗങ്ങൾ

എന്നർത്ഥമാകുന്നു.”

ശ്രീ. കെ. നീലകണ്ഠൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

300. ഖണ്ഡം 2(ഡി)-ൽ “ വൈകാരികവും” എന്നതിന് പകരം “ മാനസികവും” എന്ന് ചേർക്കുക.

338. ഖണ്ഡം 2(എഫ്)-ൽ “ വിനോദം” എന്നതിന് ശേഷം “ , മാനസികാരോഗ്യ പരിചരണം” എന്ന് ചേർക്കുക.

ശ്രീ. സുധീർഷാ പാലോട്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

336. ഖണ്ഡം 2(എഫ്)-ൽ “ വിനോദം” എന്നതിന് ശേഷം “ , നിയമസഹായം” എന്ന് ചേർക്കുക.

385. ഖണ്ഡം 2(കെ)-ൽ “ മുതിർന്ന പൗരന്റെ" എന്നതിന് ശേഷം "ഭാര്യ, ഭർത്താവ്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. അഷ്റഫലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

347. ഖണ്ഡം 2(ജി)-ൽ " ഹാനി" എന്നതിന് പകരം " ബുദ്ധിമുട്ട്" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

373. ഖണ്ഡം 2(ജെ)-ൽ " സാമ്പത്തിക ചൂഷണം" എന്നതിന് ശേഷം " , സ്വത്ത് തട്ടിയെടുക്കൽ" എന്ന് ചേർക്കുക.

500. ഖണ്ഡം 2(വൈ)-ൽ "സംരംഭമോ" എന്നതിന് ശേഷം "സമിതിയോ" എന്ന് ചേർക്കുക.

<u>ശ്രീ. പഴകുളം മധു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

377. ഖണ്ഡം 2(ജെ)-ൽ " സാമ്പത്തിക ചൂഷണം" എന്നതിന് ശേഷം " , ഡിജിറ്റൽ / സൈബർ സാമ്പത്തിക തട്ടിപ്പ്" എന്ന് ചേർക്കുക.

518. ഖണ്ഡം 2(ഇസഡ് ഇ)-ൽ " അല്ലാത്തതും" എന്നതിന് ശേഷം

" അദ്ദേഹത്തെ സംരക്ഷിക്കുന്ന ആളും" എന്ന് ചേർക്കുക.

ശ്രീ. മനോജ് മൂത്തേടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 2(ജെ)-ൽ " സാമ്പത്തിക ചൂഷണം" എന്നതിന് ശേഷം " , വിൽപ്പത്രം / ആധാർ / ബാങ്ക് രേഖകളിൽ ബലപ്രയോഗം നടത്തി ഒപ്പിടുവിക്കൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

381. ഖണ്ഡം 2(ജെ)-ൽ " സാമ്പത്തിക ചൂഷണം" എന്നതിന് ശേഷം

" , സ്വത്ത് തട്ടിയെടുക്കൽ, വിൽപ്പത്രം / ആധാർ / ബാങ്ക് രേഖകളിൽ ബലപ്രയോഗം നടത്തി ഒപ്പിടുവിക്കൽ, വൈകാരികമായ ഭീഷണിപ്പെടുത്തൽ, ഡിജിറ്റൽ / സൈബർ സാമ്പത്തിക തട്ടിപ്പ്" എന്ന് ചേർക്കുക.

476. ഖണ്ഡം 2(വി)-ൽ " ഏതെങ്കിലും" എന്നതിന് ശേഷം "സന്നദ്ധ" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

425. ഖണ്ഡം 2(ഒ)-യിൽ " സംവിധാനമോ ആതിഥേയ സ്ഥലമോ" എന്നതിന് പകരം " ആതിഥേയ സ്ഥലമോ, അങ്ങനെയുള്ള സംവിധാനങ്ങളോ" എന്ന് ചേർക്കുക.

454. ഖണ്ഡം 2(ആർ)-ൽ " സൗകര്യങ്ങളോടു" എന്നതിന് പകരം " സാഹചര്യങ്ങളോടു" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

436. ഖണ്ഡം 2(കൃ)-ൽ " സ്രോതസ്സോ" എന്നത് ഒഴിവാക്കുക.

528. ഖണ്ഡം 2(ഇസഡ് ജി)-ൽ " ഇന്ത്യൻ" എന്നതിന് പകരം " ഭാരതത്തിലെ ഒരു" എന്ന് ചേർക്കുക.

531. ഖണ്ഡം 2(ഇസഡ് ഐ)-ൽ " പരിചരണത്തിനും" എന്നതിന് ശേഷം " അവകാശ സംരക്ഷണത്തിനും" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

457. ഖണ്ഡം 2(എസ്)-ൽ " വൈദ്യസഹായ ഉപാധികൾ" എന്നതിന് ശേഷം " ,മരണാനന്തര ചടങ്ങുകൾ" എന്ന് ചേർക്കുക.

ശ്രീ. എൻ. ശക്തൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

461. ഖണ്ഡം 2(എസ്)-ൽ, " എന്നിവ ഒഴിവാക്കുന്നതുൾപ്പെടെയുള്ള" എന്നതിനു പകരം " മരണാനന്തര ചടങ്ങുകൾ എന്നിവ ഒഴിവാക്കുന്നതും മരണശേഷം ശരീരം പഠനാവശ്യങ്ങൾക്ക് വിട്ടുനൽകുന്നതും ഉൾപ്പെടെയുള്ള" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

486. ഖണ്ഡം 2(ഡബ്ല്യു)-ൽ " ഓഫ് പോലീസ്" എന്നത് ഒഴിവാക്കുക.

487. ഖണ്ഡം 2(ഡബ്ല്യു)-ൽ " ജില്ലാതലത്തിലും

സംസ്ഥാനതലത്തിലും" എന്നതിന് പകരം " ജില്ലാതലത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട് റാങ്കിലും സംസ്ഥാനതലത്തിൽ ഇൻസ്പെക്ടർ ജനറൽ റാങ്കിലുമുള്ള" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

492. ഖണ്ഡം 2(എക്സ്)-ൽ " വയസ്സിന് മുകളിൽ പ്രായമുള്ള" എന്നതിന് പകരം "വയസ്സ് പൂർത്തിയായ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 247 മുതൽ 249 വരെയുള്ള ഭേദഗതികൾ 246-ാം നമ്പർ ഭേദഗതിക്കും 253 മുതൽ 256 വരെയുള്ള ഭേദഗതികൾ 252-ാം നമ്പർ ഭേദഗതിക്കും 265-ാം നമ്പർ ഭേദഗതി 264-ാം നമ്പർ ഭേദഗതിക്കും 268 മുതൽ 271 വരെയുള്ള ഭേദഗതികൾ 267-ാം നമ്പർ ഭേദഗതിക്കും 276 മുതൽ 279 വരെയും 281 മുതൽ 283 വരെയുള്ള ഭേദഗതികളും 280-ാം നമ്പർ ഭേദഗതിക്കും 287 മുതൽ 289 വരെയുള്ള ഭേദഗതികൾ 290-ാം നമ്പർ

ഭേദഗതിക്കും 294 മുതൽ 297 വരെയും 299-ാം നമ്പർ ഭേദഗതിയും 298-ാം നമ്പർ ഭേദഗതിക്കും 301, 302 എന്നീ നമ്പർ ഭേദഗതികൾ 300-ാം നമ്പർ ഭേദഗതിക്കും 305-ാം നമ്പർ ഭേദഗതിയും 307 മുതൽ 309 വരെയുള്ള ഭേദഗതികളും 306-ാം നമ്പർ ഭേദഗതിക്കും 310, 312, 313 എന്നീ നമ്പർ ഭേദഗതികൾ 311-ാം നമ്പർ ഭേദഗതിക്കും 317-ാം നമ്പർ ഭേദഗതിയും 319 മുതൽ 321 വരെയുള്ള ഭേദഗതികളും 318-ാം നമ്പർ ഭേദഗതിക്കും 325, 326, 328, 329 എന്നീ നമ്പർ ഭേദഗതികൾ 327-ാം നമ്പർ ഭേദഗതിക്കും 331 മുതൽ 333 വരെയുള്ള ഭേദഗതികൾ 330-ാം നമ്പർ ഭേദഗതിക്കും 337-ാം നമ്പർ ഭേദഗതി 336-ാം നമ്പർ ഭേദഗതിക്കും 339-ാംനമ്പർ ഭേദഗതി 338-ാം നമ്പർ ഭേദഗതിക്കും 341-ാംനമ്പർ ഭേദഗതി 340-ാം നമ്പർ ഭേദഗതിക്കും 343-ാംനമ്പർ ഭേദഗതി 342-ാം നമ്പർ ഭേദഗതിക്കും 348 മുതൽ 351 വരെയുള്ള ഭേദഗതികൾ 346-ാം നമ്പർ ഭേദഗതിക്കും 355, 356 ഭേദഗതികൾ

354-ാം നമ്പർ ഭേദഗതിക്കും 358 മുതൽ 362 വരെയുള്ള ഭേദഗതികളും 364 മുതൽ 366 വരെയുള്ള ഭേദഗതികളും 363-ാം നമ്പർ ഭേദഗതിക്കും 369, 371, 372 എന്നീ നമ്പർ ഭേദഗതികൾ 370-ാം നമ്പർ ഭേദഗതിക്കും 374-ാം നമ്പർ ഭേദഗതി 373-ാം നമ്പർ ഭേദഗതിക്കും 376-ാംനമ്പർ ഭേദഗതി 375-ാം നമ്പർ ഭേദഗതിക്കും 378-ാം നമ്പർ ഭേദഗതി 377-ാം നമ്പർ ഭേദഗതിക്കും 380-ാം നമ്പർ ഭേദഗതി 379-ാം നമ്പർ ഭേദഗതിക്കും 382-ാം നമ്പർ ഭേദഗതി 381-ാം നമ്പർ ഭേദഗതിക്കും 383, 384 എന്നീ നമ്പർ ഭേദഗതികൾ 385-ാം നമ്പർ ഭേദഗതിക്കും 388 മുതൽ 391 വരെയുള്ള ഭേദഗതികൾ 387-ാം നമ്പർ ഭേദഗതിക്കും 392 മുതൽ 394 വരെയുള്ള ഭേദഗതികളും 396-ാം നമ്പർ ഭേദഗതിയും 395-ാം നമ്പർ ഭേദഗതിക്കും 402, 404, 405 എന്നീ നമ്പർ ഭേദഗതികൾ 403-ാം നമ്പർ ഭേദഗതിക്കും 407 മുതൽ 410 വരെയുള്ള ഭേദഗതികൾ 411-ാം നമ്പർ ഭേദഗതിക്കും 415-ാം നമ്പർ ഭേദഗതി 416-ാം നമ്പർ ഭേദഗതിക്കും 419, 420, 422, 423 എന്നീ

" (ഡി) സർക്കാർ നാമനിർദേശം ചെയ്യുന്ന മൂന്ന് സാമൂഹിക പ്രവർത്തകർ അതിൽ ഒരാൾ വനിതയും, ഒരാൾ മുതിർന്ന പൗരനും, ഒരാൾ നിയമ വിദഗ്ധനും ആയിരിക്കേണ്ടതാണ്"

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

898. ഖണ്ഡം 8(1)(ഡി)-യ്ക്ക് പകരം താഴെപ്പറയുന്നത് ചേർക്കുക.
" (ഡി) സർക്കാർ നാമനിർദേശം ചെയ്യുന്ന മൂന്ന് സാമൂഹിക പ്രവർത്തകർ അതിൽ ഒരാൾ വനിതയും, ഒരാൾ 65 വയസ്സിൽ കൂടുതലുള്ള മുതിർന്ന പൗരനും, ഒരാൾ പാലിയേറ്റീവ് / നിയമ വിദഗ്ധനും ആയിരിക്കേണ്ടതാണ്"

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

899. ഖണ്ഡം 8(1)-ൽ (ഇ)-യ്ക്ക് ശേഷം (എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക.
" (എഫ്) മനോരോഗ വിദഗ്ധൻ"

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

908. ഖണ്ഡം 8(1)-ൽ (ഇ)യ്ക്ക് ശേഷം (എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക:
" (എഫ്) ഒരു ആരോഗ്യ വിദഗ്ധൻ"

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

914. ഖണ്ഡം 8(3)-ൽ " കാലാവധിയും" എന്നതിന് പകരം
" കാലാവധി 3 വർഷവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 885-ാം നമ്പർ ഭേദഗതി 884-ാം നമ്പർ ഭേദഗതിക്കും 888 മുതൽ 891 വരെയുള്ള ഭേദഗതികൾ 887-ാം നമ്പർ ഭേദഗതിക്കും 900 മുതൽ 907 വരെയുള്ള ഭേദഗതികൾ 899-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ

അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. സി. കെ. കാസിമിന്റെ 887-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേമൻ അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 884-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 886-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 893-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോണി കെ. ബേബി അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 897-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 898-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 899-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 914-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1293. ഖണ്ഡം 9(3)-ൽ "നൽകേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതുമാണ്" എന്ന് ചേർക്കുക.

1294. ഖണ്ഡം 9(6)-ൽ "ദാനം ചെയ്യുന്നതിനുള്ള കരാർ" എന്നതിന് പകരം "നൽകുന്നതിനും" എന്നും "ചെയ്യുന്നതിനുള്ള വിൽപത്രമോ കരാറോ എന്നിവ" എന്നതിന് പകരം "ചെയ്യുന്നതിനും ഉള്ള വിൽപത്രമോ സമ്മതപത്രമോ പ്രമാണമോ" എന്നും ചേർക്കുക.

1295. ഖണ്ഡം 9(7)-ൽ "ദാനം ചെയ്യുന്നതിനുള്ള കരാർ" എന്നതിന് പകരം "നൽകുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

935. ഖണ്ഡം 9(5)-ൽ " തന്റെ" എന്നതിന് പകരം " തങ്ങളുടെ" എന്ന് ചേർക്കുക.

941. ഖണ്ഡം 9(7)-ൽ " സ്ഥാവര" എന്നതിന് ശേഷം " , ജംഗമ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

936. ഖണ്ഡം 9(5)-ൽ " ക്രൂരതയോ" എന്നതിന് ശേഷം " നിയമലംഘനങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

940. ഖണ്ഡം 9(5)-ൽ " ക്രൂരതയോ" എന്നതിന് പകരം " അവഗണനയോ ചൂഷണമോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

942. ഖണ്ഡം 9(8)-ൽ " അനുയോജ്യമായ" എന്നതിന് മുൻപായി " കണ്ടെത്തി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 937 മുതൽ 939 വരെയുള്ള ഭേദഗതികൾ 936-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ആര്യാടൻ ഷൗക്കത്തിന്റെ 935, 941 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 936-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 942-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1296. ഖണ്ഡം 10(5)-ൽ "സർക്കാർ" എന്നതിന് പകരം "മുതിർന്ന പൗര വകുപ്പ് ഡയറക്ടർ " എന്ന് ചേർക്കുക.

ശ്രീ. ഫൈസൽ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

943. ഖണ്ഡം 10(1)-ൽ " സംഘടനയ്ക്കോ" എന്നതിന് മുമ്പ് "സാമൂഹ്യ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

948. ഖണ്ഡം 10(1)-ൽ " ക്ഷേമത്തിനുമായി" എന്നതിന് ശേഷം "ഈ ആക്ടിലെ ചട്ടങ്ങൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

960. ഖണ്ഡം 10(1)-ൽ " പരിശീലന കേന്ദ്രം," എന്നതിന് ശേഷം " ചലനശേഷിയില്ലാത്തവിധം കിടപ്പിലായ മുതിർന്ന പൗരന്മാരെ പരിചരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

978. ഖണ്ഡം 10(4)-ൽ "ഒരു തരത്തിലുമുള്ള" എന്നതിന് പകരം "യാതൊരു തരത്തിലുമുള്ള" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

990. ഖണ്ഡം 10(5)(എ)-ൽ " ഭവനങ്ങൾ" എന്നതിന് പകരം " കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ജി. ആർ. അനിലിന്റെ 977, 986 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

977. ഖണ്ഡം 10(3)-ൽ "വിനോദപരമോ" എന്നതിന് ശേഷം "ആത്മീയമോ" എന്ന് ചേർക്കുക.

986. ഖണ്ഡം 10(4)-ൽ " പീഡനങ്ങളോ" എന്നതിന് ശേഷം " പൗരാവകാശ ലംഘനങ്ങളോ ഭീഷണികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 944 മുതൽ 947 വരെയുള്ള ഭേദഗതികൾ 943-ാം നമ്പർ ഭേദഗതിക്കും 961, 964 എന്നീ നമ്പർ ഭേദഗതികൾ 960-ാം നമ്പർ ഭേദഗതിക്കും 970 മുതൽ 976 വരെയുള്ള ഭേദഗതികൾ 977-ാം നമ്പർ ഭേദഗതിക്കും 979 മുതൽ 982 വരെയുള്ള ഭേദഗതികൾ 986-ാം നമ്പർ ഭേദഗതിക്കും 983 മുതൽ 985 വരെയുള്ള ഭേദഗതികൾ 986-ാം നമ്പർ ഭേദഗതിക്കും 989 മുതൽ 994 വരെയുള്ള ഭേദഗതികൾ 990-ാം നമ്പർ

ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 978-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഫൈസൽ ബാബു അവതരിപ്പിച്ച 943-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 948-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അവതരിപ്പിച്ച 960-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1005. ഖണ്ഡം 11(1)-ൽ " മുതിർന്ന പൗര" എന്നതിന് പകരം "വയോജനക്ഷേമ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

1015. ഖണ്ഡം 11(1)-ൽ " രജിസ്ട്രേഷനായി" എന്നതിന് പകരം " രജിസ്ട്രേഷനും പരിശോധനയ്ക്കുമായി" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ഫിറോസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 11(1)-ൽ " നിയോഗിക്കേണ്ടതാണ്" എന്നതിന് പകരം " നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1023. ഖണ്ഡം 11(2)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.
" രജിസ്ട്രേഷൻ അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ വഴിയാക്കുകയും, രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണാൻ പാകത്തിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക".

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1024. ഖണ്ഡം 11(3)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.
" (4) Data Protection:- വ്യക്തിഗത വിവരങ്ങൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്."

മി. സ്പീക്കർ: 1017 മുതൽ 1021 വരെയുള്ള ഭേദഗതികൾ 1016-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1015-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ഫിറോസ് അവതരിപ്പിച്ച 1016-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1023-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 1024-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1297. ഖണ്ഡം 12(4)-ൽ "നിർണ്ണയിക്കപ്പെട്ട നിശ്ചിത" എന്നതിന് പകരം "മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത" എന്ന് ചേർക്കുക.

1298. ഖണ്ഡം 12(17)-ൽ "പിഴ ചുമത്തേണ്ടതും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷമുള്ള "രജിസ്ട്രേഷനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതുമാണ്." എന്നത് ഒഴിവാക്കേണ്ടതും "സ്ഥാപിക്കുന്ന" എന്നതിന് പകരം "രൂപീകരിക്കുന്ന" എന്നത് ചേർക്കേണ്ടതുമാണ്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1025. ഖണ്ഡം 12(1)-ൽ " കേന്ദ്രവും" എന്നതിന് ശേഷം "ചലന ശേഷി നഷ്ടപ്പെട്ട മുതിർന്ന പൗരന്മാരെ പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളും" എന്ന് ചേർക്കുക.

1051. ഖണ്ഡം 12(4)-ൽ " നിശ്ചിത സമയപരിധിക്കുള്ളിൽ" എന്നതിന് പകരം " 30 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. നവാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1033. ഖണ്ഡം 12(2)-ൽ "നിർണ്ണയിക്കുന്നതും" എന്നതിന് പകരം "നിശ്ചയിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1039. ഖണ്ഡം 12(3)-ൽ "രജിസ്റ്റർ ചെയ്ത്" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1040. ഖണ്ഡം 12(4)-ൽ "നിർണ്ണയിക്കപ്പെട്ട നിശ്ചിത സമയപരിധിക്കുള്ളിൽ" എന്നതിന് പകരം "30

ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. രമേശ് പിഷാരടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1052. ഖണ്ഡം 12(5)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക. " എന്നാൽ, രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കുന്നതിന് മുമ്പ് അപേക്ഷകന് പറയാനുള്ളത് പറയാൻ ഒരു അവസരം നൽകേണ്ടതാണ്."

ശ്രീ. കാരായി രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1055. ഖണ്ഡം 12(9)-ൽ "മുതിർന്ന പൗര" എന്നതിന് പകരം "വയോജനക്ഷേമ" എന്ന് ചേർക്കുക.

1062. ഖണ്ഡം 12(12)-ൽ "നൽകേണ്ടതാണ്" എന്നതിന് പകരം "സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1057. ഖണ്ഡം 12(10)-ൽ "ഉചിതമായ" എന്നതിന് പകരം "ബദൽ" എന്ന് ചേർക്കുക.

1067. ഖണ്ഡം 12(13)-ൽ "പ്രാബല്യത്തിൽ" എന്നതിന് പകരം "നിലവിൽ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. എം. വിജിന്റെ 1053-ാം നമ്പർ ഭേദഗതിയും ശ്രീ. സജി ചെറിയാന്റെ 1054-ാം ഭേദഗതി 'ഭേദഗതി 7-ാം ഉപവകുപ്പായി ചേർക്കുന്നതിനുപകരം 19-ാം ഉപവകുപ്പായി ചേർക്കാവുന്നതാണ്' എന്ന ഭേദഗതിയോടെയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1053. ഖണ്ഡം 12(6)-ൽ "രജിസ്റ്ററിൽ" എന്നതിന് പകരം "രജിസ്റ്ററിലും ഇ-രജിസ്ട്രേഷൻ പോർട്ടലിലും" എന്ന് ചേർക്കുക.

1054. ഖണ്ഡം 12(6)-നു ശേഷം (7) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.
"(7) ഓരോ മുതിർന്ന പൗരപരിചരണ കേന്ദ്രങ്ങളും രജിസ്റ്റർ ചെയ്തതിന് ശേഷം അവർക്ക് ലഭ്യമായ രജിസ്ട്രേഷൻ നമ്പർ വ്യക്തമായി കാണുന്നവിധം മുതിർന്ന പൗരപരിചരണ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്."

മി.സ്പീക്കർ: 1026 മുതൽ 1032 വരെയുള്ള ഭേദഗതികൾ 1025-ാം നമ്പർ ഭേദഗതിക്കും 1034 മുതൽ 1038 വരെയുള്ള ഭേദഗതികൾ 1033-ാം നമ്പർ ഭേദഗതിക്കും 1041 മുതൽ 1043 വരെയുള്ള ഭേദഗതികൾ 1040-ാം

നമ്പർ ഭേദഗതിക്കും 1044 മുതൽ 1050 വരെയുള്ള ഭേദഗതികൾ 1051-ാം നമ്പർ ഭേദഗതിക്കും 1058 മുതൽ 1061 വരെയുള്ള ഭേദഗതികൾ 1057-ാം നമ്പർ ഭേദഗതിക്കും 1063 മുതൽ 1066 വരെയുള്ള ഭേദഗതികൾ 1067-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അവതരിപ്പിച്ച 1025, 1051 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. നവാസ് അവതരിപ്പിച്ച 1033-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1039-ാം നമ്പർ ഭേദഗതി ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 1040-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് പിഷാരടി അവതരിപ്പിച്ച 1052-ാം നമ്പർ ഭേദഗതി ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കാരായി രാജൻ അവതരിപ്പിച്ച 1055, 1062 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1057, 1067 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1068. ഖണ്ഡം 13(ബി)-ൽ "സാമ്പത്തികവുമായ" എന്നതിന് പകരം "സാമ്പത്തിക ക്രിമിനൽ പശ്ചാത്തലം ഉൾപ്പെടെയുള്ള" എന്ന് ചേർക്കുക.

1078. ഖണ്ഡം 13(സി)-ൽ " അവഗണന" എന്നതിന് ശേഷം " ഭീഷണി, ഭയപ്പെടുത്തൽ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 1069 മുതൽ 1074 വരെയുള്ള ഭേദഗതികൾ 1068-ാം നമ്പർ ഭേദഗതിക്കും 1075 മുതൽ 1077 വരെയുള്ള ഭേദഗതികളും 1079 മുതൽ 1081 വരെയുള്ള ഭേദഗതികളും 1078-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി

ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1068, 1078 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1082. ഖണ്ഡം 14-ൽ " രണ്ട്" എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക.

1083. ഖണ്ഡം 14-ൽ " മൂന്ന്" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

1084. ഖണ്ഡം 14-ൽ " നാല്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1085. ഖണ്ഡം 14-ൽ " സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനതല" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 1082, 1083, 1084 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1085-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1299. ഖണ്ഡം 15(4)-ൽ " സർക്കാർ" എന്നത് ഒഴിവാക്കുക.

1300. ഖണ്ഡം 15(5)-ൽ " ഏജൻസികളിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് പരിചരണദാതാക്കളോട്" എന്നതിന് പകരം " പരിചരണദാതാക്കൾ ഏജൻസികളിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത്," എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1086. ഖണ്ഡം 15(1)-ൽ " സർക്കാരിനോ" എന്നതിന് ശേഷം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1087. ഖണ്ഡം 15(1)-ൽ " അംഗീകാരമുള്ള" എന്നതിന് മുമ്പ് "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1088. ഖണ്ഡം 15(2)-ൽ " വയോജന" എന്ന വാക്കിന് പകരം "മുതിർന്ന പൗര" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ടി. പി. അഷ്റഫലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1089. ഖണ്ഡം 15(2)-ൽ " സ്വീകരിക്കേണ്ടതാണ്" എന്ന വാക്കിന് പകരം "അംഗീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. വത്സരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1095. ഖണ്ഡം 15(3)-ൽ " സേവിക്കുന്നതിനായി" എന്നതിന് ശേഷം " സർക്കാർ നിർദ്ദേശപ്രകാരമുള്ള പാഠ്യപദ്ധതി പ്രകാരമുള്ള" എന്ന് ചേർക്കുക.

1103. ഖണ്ഡം 15(3)-ൽ " വ്യക്തമാക്കിയിട്ടുള്ള" എന്നതിന് പകരം

" നിഷ്കർഷിച്ചിട്ടുള്ള" എന്ന് ചേർക്കുക.

1110. ഖണ്ഡം 15(4)-ൽ " മുതിർന്ന പൗരവകുപ്പ് ഡയറക്ടർ" എന്നത് ഒഴിവാക്കുക.

1119. ഖണ്ഡം 15(4)-ൽ "സർക്കാർ" എന്നതിന് ശേഷം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1116. ഖണ്ഡം 15(4)-ൽ "മുതിർന്ന പൗരവകുപ്പ്" എന്നതിന് പകരം "വയോജന ക്ഷേമ വകുപ്പ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1090 മുതൽ 1094 വരെയുള്ള ഭേദഗതികൾ 1089-ാം നമ്പർ ഭേദഗതിക്കും 1096 മുതൽ 1102 വരെയുള്ള ഭേദഗതികൾ 1095-ാം നമ്പർ ഭേദഗതിക്കും 1104 മുതൽ 1107 വരെയുള്ള ഭേദഗതികൾ 1103-ാം നമ്പർ ഭേദഗതിക്കും 1108, 1109, 1111 മുതൽ 1115 വരെയുള്ള ഭേദഗതികൾ 1110-ാം നമ്പർ ഭേദഗതിക്കും 1117-ാം നമ്പർ ഭേദഗതി 1299-ാം നമ്പർ ഔദ്യോഗിക ഭേദഗതിക്കും 1118, 1120, 1121, 1122 എന്നീ നമ്പർ

ഭേദഗതികൾ 1119-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1086-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1087-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 1088-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. അഷ്റഫലി അവതരിപ്പിച്ച 1089-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1095, 1103, 1110, 1119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 1116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1124. ഖണ്ഡം 16(1)-ൽ " വയോജന" എന്നതിന് പകരം " മുതിർന്ന പൗര" എന്ന് ചേർക്കുക.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1125. ഖണ്ഡം 16(2)-ൽ " അതിന്റെ" എന്നതിന് ശേഷം " പ്രായോഗിക പരിശീലനവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1126 മുതൽ 1132 വരെയുള്ള ഭേദഗതികൾ 1125-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1124-ാം നമ്പർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അവതരിപ്പിച്ച 1125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1301. ഖണ്ഡം 17(2)-ൽ " സംബന്ധിച്ചതുൾപ്പെടെ," എന്നതിന് പകരം " സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി" എന്ന് ചേർക്കുക.

1302. ഖണ്ഡം 17(3)-ൽ " യൂണിറ്റ്" എന്നതിന് പകരം

" യൂണിറ്റിലേക്ക്" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1134. ഖണ്ഡം 17(1)-ൽ " വയോജന" എന്നതിന് പകരം " മുതിർന്ന പൗര" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1145. ഖണ്ഡം 17(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, " വെളിപ്പെടുത്താൻ" എന്നതിന് പകരം "വെളിപ്പെടുത്തുവാൻ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1145-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച

ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 1134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനെട്ടാം വകുപ്പ്</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

1152. ഖണ്ഡം 18(1)(എ)-ൽ " നിയമപ്രകാരം" എന്നതിന് പകരം " ചട്ടങ്ങൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1162. ഖണ്ഡം 18(1)(സി)-ൽ " പീഡനം," എന്നതിന് ശേഷം "അവഗണന," എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1152-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1303. ഖണ്ഡം 19(1)-ൽ " സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്" എന്നതിന് പകരം " മുതിർന്ന പൗര വകുപ്പ് ഡയറക്ടർ" എന്ന് ചേർക്കുക.

1304. ഖണ്ഡം 19(2)-ൽ " കണ്ടെത്തി" എന്നതിന് ശേഷം " മുതിർന്ന പൗര വകുപ്പ് ഡയറക്ടർ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഔദ്യോഗിക

ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപതാം വകുപ്പ്</u>

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1186. ഖണ്ഡം 20-ൽ " നിയോഗിക്കേണ്ടതുമാണ് " എന്നതിന് പകരം " നിയോഗിക്കേണ്ടതും ഒരു പ്രത്യേക ഹെൽപ്പ് ലൈൻ

നമ്പർ മുഖേന മുതിർന്ന പൗരന്മാർക്ക് വേണ്ടി 24 മണിക്കൂറും ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിപ്പിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1186-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

(ഭേദഗതിയില്ല)

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്ന

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. ടി. എം. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1187. ഖണ്ഡം 22-ൽ " പ്രവർത്തിക്കുന്ന" എന്നതിന് ശേഷം " സർക്കാർ/പൊതുമേഖലാ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എം. ശശി അവതരിപ്പിച്ച 1187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1305. ഖണ്ഡം 23(1)-ൽ " സ്ഥാപിക്കേണ്ടതാണ്" എന്നതിന് പകരം " രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1306. ഖണ്ഡം 23(5)-ൽ " ചട്ടങ്ങളിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

1188. ഖണ്ഡം 23(1)-ൽ " ക്ഷേമം" എന്നതിന് ശേഷം " ,ചികിത്സ" എന്ന് ചേർക്കുക.

1213. ഖണ്ഡം 23(4)-ൽ "ക്ഷേമം" എന്നതിന് ശേഷം ",ചികിത്സ" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1193. ഖണ്ഡം 23(2)(ഡി)-ൽ " ഫീസ്" എന്നതിന് പകരം " ഫീസ്," എന്ന് ചേർക്കുക.

ശ്രീ. കെ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1194. ഖണ്ഡം 23(2)(എഫ്) ഒഴിവാക്കുക.

1209. ഖണ്ഡം 23(3)-ൽ "ദേശസാൽകൃത ബാങ്കിൽ" എന്നതിന് പകരം "സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1189 മുതൽ 1192 വരെയുള്ള ഭേദഗതികൾ 1305-ാം നമ്പർ ഭേദഗതിക്കും 1195 മുതൽ 1201 വരെയുള്ള ഭേദഗതികൾ 1194-ാം നമ്പർ ഭേദഗതിക്കും 1203 മുതൽ 1208 വരെയും 1210-ാം നമ്പർ ഭേദഗതിയും

1209-ാം നമ്പർ ഭേദഗതിക്കും 1212-ാം നമ്പർ ഭേദഗതി 1211-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. പി. എ. മുഹമ്മദ് റിയാസ് നോട്ടീസ് നൽകിയതും അവതരിപ്പിക്കാത്തതുമായ 1202-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1202. ഖണ്ഡം 23(2)(എഫ്)-ൽ "ബാങ്ക് അക്കൗണ്ടിലെ" എന്നതിന് പകരം "ബാങ്ക് അക്കൗണ്ടിലേയോ ട്രഷറി അക്കൗണ്ടിലേയോ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ബാലഗോപാൽ നോട്ടീസ് നൽകിയതും അവതരിപ്പിക്കാത്തതുമായ 1211-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1211. ഖണ്ഡം 23(3)-ൽ "ദേശസാൽകൃത ബാങ്കിൽ" എന്നതിന് പകരം "ദേശസാൽകൃത ബാങ്കിലോ ട്രഷറിയിലോ" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 1193-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 1305, 1306, 1202, 1211 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മുഖ്യമന്ത്രി സ്വീകരിച്ച 1193-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1188, 1213 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 1194, 1209 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1307. ഖണ്ഡം 25-ന്റെ മാർജിനൽ ശീർഷകത്തിൽ " വാർഷിക റിപ്പോർട്ടും ഭരണ റിപ്പോർട്ടും" എന്നതിന് പകരം " വാർഷിക ഭരണ റിപ്പോർട്ട്" എന്ന് ചേർക്കുക.

1308. ഖണ്ഡം 25(1)-ൽ " ചട്ടങ്ങളിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1217. ഖണ്ഡം 25(2)-ൽ " ആറ് മാസത്തിനുള്ളിൽ" എന്നതിന് ശേഷം " റിപ്പോർട്ട്" എന്നത് ഒഴിവാക്കുക.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1219. ഖണ്ഡം 25(2) താഴെപ്പറയും പ്രകാരം മാറ്റുക;
" റിപ്പോർട്ട് ലഭിച്ചാലുടൻ സർക്കാർ അത് ആഡിറ്റ് ചെയ്ത കണക്കുകളുടെ സ്റ്റേറ്റുമെന്റ് സഹിതം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്."

മി. സ്പീക്കർ: 1216-ാം നമ്പർ ഭേദഗതി 1308-ാം നമ്പർ ഭേദഗതിക്ക്

തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 1307, 1308 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1219-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1309. ഖണ്ഡം 26(3)-ൽ " പോലീസ് വകുപ്പിന്" എന്നതിന് പകരം " ആഭ്യന്തര വകുപ്പിന്" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1221. ഖണ്ഡം 26(1)-ൽ " വിധേയമായി" എന്നതിന് പകരം " അനുസൃതമായി" എന്ന് ചേർക്കുക.

1248. ഖണ്ഡം 26(6)-ൽ " മെഡികെയർ" എന്നതിന് പകരം " വൈദ്യസഹായം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

1237. ഖണ്ഡം 26(2)-ൽ " സൗകര്യങ്ങളുള്ള ഒരു മുറിയെങ്കിലും ഉണ്ടായിരിക്കണമെന്നും, അതനുസരിച്ചാണ് കെട്ടിടനിർമ്മാണ പെർമിറ്റുകൾ നൽകുന്നതെന്നും ഉറപ്പാക്കുന്നതിന്, സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്" എന്നതിന് പകരം " സൗകര്യങ്ങളുള്ളതാകണം" എന്ന് ചേർക്കുക.

ഇതാണ് എന്റെ ഭേദഗതി നിർദേശം. അല്ലെങ്കിൽ പെർമിറ്റ് ലഭിക്കുന്നതിനുള്ള വലിയ പ്രയാസം നേരിടും. ഇത് വലിയ പ്രശ്നങ്ങൾക്കിടയാക്കും.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1238. ഖണ്ഡം 26(2)-ൽ " നിർദ്ദേശങ്ങൾ നൽകേണ്ടതാണ്" എന്നതിനു പകരം " ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ദീപക് ജോയ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1254. ഖണ്ഡം 26(9)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

" (10)പരിചരണത്തിൽ വീഴ്ച വരുത്തിയതായി

നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ, മുതിർന്ന പൗരനെ പരിചരിക്കാമെന്ന വ്യവസ്ഥയിൽ ലഭിച്ച സ്വത്ത്, ദാനം, വിൽപത്രം തുടങ്ങിയവ സംബന്ധിച്ച പ്രമാണങ്ങൾ/കരാറുകൾ/രേഖകൾ റദ്ദ് ചെയ്ത് സ്വത്ത് തിരികെ നൽകാൻ മുതിർന്ന പൗര വകുപ്പ് ഡയറക്ടർ റവന്യൂ-രജിസ്ട്രേഷൻ വകുപ്പുമായി ചേർന്ന് 30 ദിവസത്തിനുള്ളിൽ നടപടി പൂർത്തിയാക്കേണ്ടതാണ്.

മി. സ്പീക്കർ: 1222 മുതൽ 1226 വരെയുള്ള ഭേദഗതികൾ 1221-ാം നമ്പർ ഭേദഗതിക്കും 1249 മുതൽ 1253 വരെയുള്ള ഭേദഗതികൾ 1248-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1237-ാം നമ്പർ ഭേദഗതിയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി വാക്കാൽ അവതരിപ്പിക്കുന്നു.

ഉപവകുപ്പ് (2) താഴെപ്പറയുംപ്രകാരം മാറ്റുക.

(2)“ ഈ ആക്ട് പ്രാബല്യത്തിൽ വന്നശേഷം തയ്യാറാക്കുന്ന കെട്ടിടം, കെട്ടിട യൂണിറ്റ്, അപ്പാർട്ട്മെന്റ്, കോളനി, ഷോപ്പിങ് കോംപ്ലക്സ് അല്ലെങ്കിൽ മറ്റേതെങ്കിലും സിവിൽ നിർമ്മിതികൾ എന്നിവയുടെ

നിർമ്മാണത്തിനുള്ള ഓരോ ഭൂവികസന പ്ലാനും രേഖാചിത്രവും മുതിർന്ന പൗര സൗഹൃദമായി രൂപകൽപന ചെയ്തിട്ടുള്ളതാണെന്നും, ഈ ആക്ട് പ്രാബല്യത്തിൽ വന്ന ശേഷം പുതുതായി നിർമ്മിക്കുന്ന ഓരോ താമസ കെട്ടിടത്തിലും മുതിർന്ന പൗരന്മാർക്ക് സുഗമമായ പ്രവേശന സൗകര്യവും മുതിർന്ന പൗര സൗഹൃദമായ താമസ സൗകര്യങ്ങളുമുള്ളതാണെന്നും ഉറപ്പാക്കുന്നതിന് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ നിർദേശങ്ങൾ നൽകേണ്ടതാണ്."

മൂന്നാം വകുപ്പ് പരിഗണനയ്ക്കെടുത്തപ്പോൾ ശ്രീ. നജീബ് കാന്തപുരം 629-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിരുന്നു. അത് ഇരുപത്തിയാറാം വകുപ്പിൽ ഉൾപ്പെടുത്താമെന്ന് അപ്പോൾ ഞാൻ പറഞ്ഞിരുന്നു. മൂന്നാം വകുപ്പിൽ ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതിയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് അത് 26-ാം വകുപ്പിൽ ഔദ്യോഗിക ഭേദഗതിയായി താഴെപ്പറയുംപ്രകാരം ഉൾപ്പെടുത്തുന്നുവെന്ന് വാക്കാൽ അവതരിപ്പിക്കുന്നു.

ഇരുപത്തിയാറാം വകുപ്പിലെ 11-ാം ഉപവകുപ്പായി താഴെപ്പറയുംപ്രകാരം ചേർക്കുക.

(11) " വിദ്യാർഥികളിൽ സാമൂഹിക പ്രതിബദ്ധതയും മാനവികമൂല്യങ്ങളും വളർത്തുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് വിദ്യാലയ പരിസരത്തുള്ള മുതിർന്ന പൗര

പരിചരണ കേന്ദ്രം സന്ദർശിക്കുന്നതിനും മുതിർന്ന പൗരന്മാരെ പരിചരിക്കുന്നതിനും അവർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനും അവസരമൊരുക്കുന്ന ഇന്റേൺഷിപ് പദ്ധതി നടപ്പിലാക്കാവുന്നതും ഇതിലൂടെ ഒറ്റപ്പെടൽ അനുഭവിക്കുന്ന വയോജനങ്ങളുമായി സൗഹൃദം സ്ഥാപിക്കുക, അവരുടെ ദൈനംദിന ജീവിതത്തിലെ പ്രയാസങ്ങൾ മനസിലാക്കുക, ആരോഗ്യക്ഷേമ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ വിദ്യാർഥികൾക്ക് പങ്കാളികളാകുന്നതിന് അവസരമൊരുക്കാവുന്നതാണ്."

ശ്രീ. എം. എസ്. അരുൺ കുമാർ നോട്ടീസ് നൽകിയതും അവതരിപ്പിക്കാത്തതുമായ 1227-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

1227. ഖണ്ഡം 26(1)-ൽ " ഏജൻസികൾക്കും" എന്നതിന് ശേഷം "വകുപ്പുകൾക്കും" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ഔദ്യോഗിക ഭേദഗതിയും വാക്കാൽ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 1309, 1227 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മുഖ്യമന്ത്രി വാക്കാൽ അവതരിപ്പിച്ച 629, 1237 എന്നീ നമ്പർ ഔദ്യോഗിക

ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1221, 1248 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1238-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ദീപക് ജോയ് അവതരിപ്പിച്ച 1254-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1310. ഖണ്ഡം 27(1)-ന്റെ മാർജിനൽ ശീർഷകത്തിൽ " സ്വമേധയായുള്ള സംഭാവനകൾ നൽകുന്നതിനുള്ള" എന്നതിന് പകരം " സ്വത്തുക്കൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനുള്ള" എന്ന് ചേർക്കുക.

1311. ഖണ്ഡം 27(1)-ൽ " സ്വമേധയാ ദാനം ചെയ്യാൻ" എന്നതിന് പകരം " ലഭിക്കത്തക്ക രീതിയിൽ വ്യവസ്ഥ ചെയ്യാൻ" എന്നും " കരാർ" എന്ന് വരുന്നിടത്തെല്ലാം പകരം " പ്രമാണം" എന്ന് ചേർക്കുകയും ചെയ്യുക.

1312. ഖണ്ഡം 27(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " നിയമങ്ങൾ പ്രകാരമുള്ള സ്വത്ത് കൈമാറ്റത്തിന് ഈ വകുപ്പിലെ യാതൊന്നും അധികാരം നൽകുന്നില്ല" എന്നതിന് പകരം " നിയമങ്ങളെ ഈ വകുപ്പ് യാതൊരു രീതിയിലും ബാധിക്കുന്നതല്ല" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1255. ഖണ്ഡം 27-ൽ " വരുമാനമോ" എന്നതിന് ശേഷം " പ്രസ്തുത" എന്ന് ചേർക്കുക.

സ്വമേധയാ സംഭാവനകൾ നൽകുന്നതിനുള്ള നടപടിക്രമം: ഒരു

മുതിർന്ന പൗരപരിചരണ കേന്ദ്രത്തിലെ ഒരു അന്തേവാസി തന്റെ സ്വത്തോ ബാങ്ക് നിക്ഷേപമോ മറ്റേതെങ്കിലും വരുമാനമോ കേന്ദ്രത്തിനോ സംസ്ഥാന കരുതൽ നിധിക്കോ എന്നുപറയുമ്പോൾ, കേന്ദ്ര ഗവൺമെന്റിനോ എന്ന് തെറ്റിദ്ധരിക്കാനുള്ള സാധ്യതയുണ്ട്. ഇവർ താമസിക്കുന്ന പരിചരണകേന്ദ്രത്തെക്കുറിച്ചാണ് അവിടെ പറയുന്നത്. അതുകൊണ്ട് പ്രസ്തുത കേന്ദ്രത്തിനോ എന്നാക്കി മാറ്റിയാൽ കൺഫ്യൂഷൻ ഒഴിവാക്കുന്നതിന് സഹായിക്കും.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1256. ഖണ്ഡം 27-ൽ " ഉടൻ തന്നെ" എന്നതിന് ശേഷം
" പകർപ്പ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 1257 മുതൽ 1259 വരെയുള്ള ഭേദഗതികൾ 1256-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന്

അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 1310, 1311, 1312 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 1256-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1260. ഖണ്ഡം 28-ൽ " ചെയർപേഴ്സന്റെ സാന്നിദ്ധ്യത്തിൽ" എന്നതിന് ശേഷം " സ്വതന്ത്രരായ രണ്ട് സാക്ഷികൾ ഒപ്പ് വയ്ക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1261. ഖണ്ഡം 28-ൽ " അതിന്റെ ഒരു" എന്നതിന് പകരം " ഒരു നോട്ടറി അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ." എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 1206-ാം നമ്പർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 1261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1262. ഖണ്ഡം 29(1)-ൽ " അധികാരി," എന്നതിന് ശേഷം " പരേതന്റെ" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

1265. ഖണ്ഡം 29(3)-ൽ " ദഹിപ്പിക്കലിനോ സംസ്കാരത്തിനോ" എന്നതിന് ശേഷം " നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1263, 1264 എന്നീ നമ്പർ ഭേഭഗതികൾ 1262-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 1262-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച 1262-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1313. ഖണ്ഡം 30(2)-ൽ " ഉത്സാഹിപ്പിക്കുകയോ" എന്നതിന് പകരം " പ്രോത്സാഹിപ്പിക്കുകയോ" എന്ന് ചേർക്കുക.

1314. ഖണ്ഡം 30(4)-ന്റെ വിശദീകരണത്തിൽ " നിർബന്ധിതനാക്കാൻ ഇടയുള്ളതോ" എന്നതിന് ശേഷം " അല്ലെങ്കിൽ മുതിർന്ന പൗരന് അന്തസ്സായി ജീവിക്കുന്നതിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ അവഗണിക്കൽ അല്ലെങ്കിൽ അവശ്യസാധനങ്ങളും സേവനങ്ങളും നിഷേധിക്കൽ" എന്ന് ചേർക്കുക.

1315. ഖണ്ഡം 30(5)-ന് പകരം താഴെപ്പറയുന്നത് ചേർക്കുക.
" (5) ഒരു മുതിർന്ന പൗരന്റെ പരിചരണത്തിനോ സംരക്ഷണത്തിനോ ചുമതലയുള്ള ഏതൊരാളും, ആ മുതിർന്ന

പൗരനെ പൂർണ്ണമായും ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ ഏതെങ്കിലും ഒരു സ്ഥലത്ത് അവരെ ഉപേക്ഷിക്കുന്നപക്ഷം, 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്ടിലെ (2007-ലെ 56-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നടപടിക്രമങ്ങൾക്ക് വിധേയനാക്കപ്പെടാനും ശിക്ഷിക്കപ്പെടാനും ബാധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, അത്തരം ഉപേക്ഷിക്കലിൽ (4)-ാം ഉപവകുപ്പ് പ്രകാരം കുറ്റകരമാകുന്ന ശാരീരികമോ മാനസികമോ ആയ ക്രൂരത ഉൾപ്പെടുന്ന ഏതെങ്കിലും പ്രവൃത്തി കൂടി നടന്നിട്ടുണ്ടെങ്കിൽ അത്തരം പ്രത്യേക കുറ്റകൃത്യത്തിന്, മുൻപറഞ്ഞ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ആ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്."

1316. ഖണ്ഡം 30(7)-ൽ " ,(5)" എന്നത് ഒഴിവാക്കുക.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1266. ഖണ്ഡം 30(2)-ൽ " രണ്ട് വർഷം വരെ ആകാവുന്ന" എന്നതിന് ശേഷം " കാലത്തേക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1269. ഖണ്ഡം 30(4)-ൽ " ക്രൂരതയ്ക്ക്" എന്നതിന് പകരം " പീഡനത്തിന്" എന്ന് ചേർക്കുക.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1277. ഖണ്ഡം 30(7)-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ മുതിർന്ന പൗരവകുപ്പ് ഡയറക്ടർ എഴുതി നൽകിയ അനുവാദമില്ലാതെ ഈ ആക്ടിൻ കീഴിൽ ശിക്ഷിക്കപ്പെടേണ്ട എതെങ്കിലും കുറ്റം യാതൊരു കോടതിയും വിചാരണക്കെടുക്കാൻ പാടുള്ളതല്ല."

ശ്രീ. കെ. എം. അഭിജിത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1278. ഖണ്ഡം 30(8)-ൽ, " ചെയ്യേണ്ടതാണ്" എന്നതിന് പകരം " ചെയ്യേണ്ടതും 90 ദിവസത്തിനകം വിചാരണ പൂർത്തിയാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1267, 1268 എന്നീ നമ്പർ ഭേദഗതികൾ 1266-ാം നമ്പർ ഭേദഗതിക്കും 1270 മുതൽ 1278 വരെയുള്ള ഭേദഗതികൾ 1269-ാം നമ്പർ ഭേദഗതിക്കും 1276-ാം നമ്പർ ഭേദഗതി 1316-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. സി. വി. ശാന്തകുമാർ അവതരിപ്പിച്ച 1266-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 1313, 1314, 1315, 1316 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മുഖ്യമന്ത്രി സ്വീകരിച്ച 1266-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1277-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. അഭിജിത്ത് അവതരിപ്പിച്ച 1278-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

. <u>മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ്

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1279. ഖണ്ഡം 34(1)-ൽ, " വ്യവസ്ഥകളുമായി വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം " വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഏതൊരു കാര്യവും ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1279-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1317. ഖണ്ഡം 35(2)(ബി)-ൽ " അംഗങ്ങളുടെ" എന്നതിന് ശേഷം " യോഗ്യത," എന്ന് ചേർക്കുക.

1318. ഖണ്ഡം 35(2)(എഫ്)-ൽ " അംഗങ്ങളുടെ" എന്നതിന് ശേഷം " യോഗ്യത," എന്ന് ചേർക്കുക.

1319. ഖണ്ഡം 35(2)(കെ)-ൽ " ,രജിസ്ട്രേഷനുള്ള അപേക്ഷയിൽ ന്യൂനതയുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സമയപരിധി എന്നിവ" എന്നത് ഒഴിവാക്കുക.

1320. ഖണ്ഡം 35(2)(ഡബ്ല്യൂ)-ൽ " വാർഷിക റിപ്പോർട്ടും വാർഷിക ഭരണ റിപ്പോർട്ടും" എന്നതിന് പകരം " വാർഷിക ഭരണ റിപ്പോർട്ട്" എന്ന് ചേർക്കുക.

1321. ഖണ്ഡം 35(2)(വൈ)-ൽ " ദാനം ചെയ്യുന്നതിനായി ഒപ്പുവയ്ക്കേണ്ട കരാറിന്റെ ഫാറം" എന്നതിന് പകരം " ലഭിക്കത്തക്ക രീതിയിൽ

വ്യവസ്ഥ ചെയ്യുന്ന രീതി" എന്ന് ചേർക്കുക.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1280. ഖണ്ഡം 35(2)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

" (3) ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിന്ശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയതിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്."

സഭയിൽ ലേ ചെയ്യണമെന്ന മൂന്നാമത്തെ ക്ലോസ് ബിൽ അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയി തിരികെ വന്നപ്പോൾ അത് മിസ്സായിട്ടുണ്ട്.

അതിനാൽ ടി ക്ലോസുകൂടി ഉൾപ്പെടുത്തണമെന്നാണ് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1280-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 1317, 1318, 1319, 1320, 1321 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മുഖ്യമന്ത്രി സ്വീകരിച്ച 1280-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ്

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1281. ഖണ്ഡം 36-ൽ " മുതിർന്ന പൗരവകുപ്പ് ഡയറക്ടർ" എന്നതിന് മുമ്പ് " ഈ ആക്ടിലെയും അതിൻ കീഴിൻ ഉണ്ടാക്കിയ ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് ഭംഗം വരാതെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

പ്രതിക്ഷേലിക്കുന്നവർ.....

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ഫൈസൽ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. ദീർഘശീർഷകത്തിൽ " പ്രവർത്തിച്ചുവരുന്ന" എന്നതിന് പകരം " പ്രവർത്തനമുള്ള" എന്ന് ചേർക്കുക.

142. ദീർഘശീർഷകത്തിൽ " പരിചരണ കേന്ദ്രങ്ങളുടെ" എന്നതിന് പകരം " സ്നേഹാലയങ്ങളുടെ" എന്ന് ചേർക്കുക.

180. ദീർഘശീർഷകത്തിൽ " പിന്തുണയും" എന്നതിന് ശേഷം " പ്രവർത്തന" എന്ന് ചേർക്കുക.

206. പീഠികയിൽ " വ്യത്യസ്ത" എന്നതിന് പകരം " വിവിധ" എന്ന് ചേർക്കുക.

226. പീഠികയിൽ " സാധ്യമാക്കുന്നതിനും" എന്നതിന് പകരം " ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

133. ദീർഘശീർഷകത്തിൽ " പ്രവർത്തിച്ചുവരുന്ന" എന്നതിന് പകരം " പ്രവർത്തിച്ചു വരുന്ന" എന്ന് ചേർക്കുക.

149. ദീർഘശീർഷകത്തിൽ " നിയന്ത്രണം" എന്നതിന് പകരം " ക്രമവൽക്കരണം" എന്ന് ചേർക്കുക.

174. ദീർഘശീർഷകത്തിൽ " പ്രോത്സാഹിപ്പിക്കുന്നതിനും" എന്നതിന് പകരം " ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

208. പീഠികയിൽ " വ്യത്യസ്ത സ്വഭാവത്തിലുള്ള മുതിർന്ന പൗരന്മാരുടെ" എന്നതിന് പകരം " മുതിർന്ന പൗരന്മാർക്കായുള്ള വ്യത്യസ്ത സ്വഭാവത്തിലുള്ള" എന്ന് ചേർക്കുക.

223. പീഠികയിൽ " നിയന്ത്രണം" എന്നതിന് പകരം " ക്രമവൽക്കരണം" എന്ന് ചേർക്കുക.

237. പീഠികയിൽ " നൽകുന്നതിനും" എന്നതിന് പകരം " ലഭ്യമാക്കുന്നതിനും" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ഫിറോസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ദീർഘശീർഷകത്തിൽ " വ്യത്യസ്ത" എന്നതിന് പകരം " വിവിധ" എന്ന് ചേർക്കുക.

159. ദീർഘശീർഷകത്തിൽ " സാധ്യമാക്കുന്നതിനും" എന്നതിന് പകരം "ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

162. ദീർഘശീർഷകത്തിൽ " വാർദ്ധക്യം" എന്നതിന് മുമ്പ് " സുരക്ഷിതത്വമുള്ള" എന്ന് ചേർക്കുക.

171. ദീർഘശീർഷകത്തിൽ " വാർദ്ധക്യം" എന്നതിന് പകരം " വാർദ്ധക്യകാല ജീവിതം" എന്ന് ചേർക്കുക.

ശ്രീ. കല്ലട മാഹിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

145. ദീർഘശീർഷകത്തിൽ " നിലവാരവും" എന്നതിന് മുമ്പ് " സൗകര്യവും" എന്ന് ചേർക്കുക.

154. ദീർഘശീർഷകത്തിൽ " നിരീക്ഷണം" എന്നതിന് പകരം " നിരീക്ഷിക്കൽ" എന്ന് ചേർക്കുക.

220. പീഠികയിൽ " പരിചരണ കേന്ദ്രങ്ങളുടെ" എന്നതിന് പകരം "സ്നേഹാലയങ്ങളുടെ" എന്ന് ചേർക്കുക.

230 പീഠികയിൽ " ആരോഗ്യകരവും" എന്നതിന് ശേഷം "മാനസികസന്തോഷവും" എന്ന് ചേർക്കുക.

240. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക;
" (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. പീഠികയിൽ " വ്യത്യസ്ത സ്വഭാവത്തിലുള്ള" എന്നത് ഒഴിവാക്കുക.

234. പീഠികയിൽ " പരിചരണദാതാക്കൾക്കും" എന്നതിന് പകരം " പരിചരണം നല്കുന്നവർക്കും" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. പീഠികയിൽ " അടിസ്ഥാന നിലവാരവും" എന്നതിന് ശേഷം "ശ്രുചിത്വവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 110 മുതൽ 128 വരെയുള്ള ഭേദഗതികളും 190 മുതൽ 197 വരെയുള്ള ഭേദഗതികളും ചട്ടം 82(iii) പ്രകാരം ക്രമപ്രകാരമല്ല. 130 മുതൽ 132 വരെയുള്ള ഭേദഗതികൾ 129-ാം നമ്പർ ഭേദഗതിക്കും 135 മുതൽ 139 വരെയുള്ള ഭേദഗതികൾ 134-ാം നമ്പർ ഭേദഗതിക്കും 140, 141, 143, 144 എന്നീ നമ്പർ ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്കും 146 മുതൽ 148 വരെയുള്ള ഭേദഗതികൾ 145-ാം നമ്പർ ഭേദഗതിക്കും 150 മുതൽ 153 വരെയുള്ള ഭേദഗതികളും 155-ാം നമ്പർ ഭേദഗതിയും 154-ാം നമ്പർ

ഭേദഗതിക്കും 156 മുതൽ 158 വരെയുള്ള ഭേദഗതികളും 160-ാം നമ്പർ ഭേദഗതിയും 159-ാം നമ്പർ ഭേദഗതിക്കും 161, 163, 164 എന്നീ നമ്പർ ഭേദഗതികൾ 162-ാം നമ്പർ ഭേദഗതിക്കും 165 മുതൽ 170 വരെയുള്ള ഭേദഗതികളും 172, 173 എന്നീ നമ്പർ ഭേദഗതികളും 171-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 179 വരെയുള്ള ഭേദഗതികൾ 180-ാം നമ്പർ ഭേദഗതിക്കും 199 മുതൽ 202 വരെയുള്ള ഭേദഗതികൾ 198-ാം നമ്പർ ഭേദഗതിക്കും 203 മുതൽ 205 വരെയുള്ള ഭേദഗതികളും 207-ാം നമ്പർ ഭേദഗതിയും 206-ാം നമ്പർ ഭേദഗതിക്കും 217 മുതൽ 219 വരെയുള്ള ഭേദഗതികളും 221-ാം നമ്പർ ഭേദഗതിയും 220-ാം നമ്പർ ഭേദഗതിക്കും 224, 225, 227, 228 എന്നീ നമ്പർ ഭേദഗതികൾ 226-ാം നമ്പർ ഭേദഗതിക്കും 229, 231, 232 എന്നീ നമ്പർ ഭേദഗതികൾ 230-ാം നമ്പർ ഭേദഗതിക്കും 233, 235, 236 എന്നീ നമ്പർ ഭേദഗതികൾ 234-ാം നമ്പർ ഭേദഗതിക്കും

239-ാം നമ്പർ ഭേദഗതിയും 241 മുതൽ 243 വരെയുള്ള ഭേദഗതികളും 240-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശീർഷകത്തിൽ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ദീർഘശീർഷകത്തിൽ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ദീർഘശീർഷകത്തിൽ "വ്യത്യസ്ത സ്വഭാവത്തിലുള്ള മുതിർന്ന പൗരന്മാരുടെ" എന്നീ വാക്കുകൾക്കു പകരം "മുതിർന്ന പൗരന്മാർക്കായുള്ള വ്യത്യസ്ത സ്വഭാവത്തിലുള്ള" എന്നീ വാക്കുകൾ ചേർക്കണമെന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി വാക്കാൽ മൂവ് ചെയ്യുന്നു.

ദീർഘശീർഷകത്തിൽ മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പീഠികയിൽ ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ഒന്നാം വകുപ്പിൽ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 208-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഫൈസൽ ബാബു അവതരിപ്പിച്ച 129, 142, 180, 206, 226 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 133, 149, 174, 223, 237 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ഫിറോസ് അവതരിപ്പിച്ച 134, 159, 162, 171 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കല്ലട മാഹിൻ അവതരിപ്പിച്ച 145, 154, 220, 230, 240 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 198, 234 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ ഒരു നിയമനിർമ്മാണമാണ് ഇന്നിവിടെ യു.ഡി.എഫ്. ഗവൺമെന്റ് ഈ സഭയിൽ പാസ്സാക്കുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പ് വേളയിൽ, ഞാൻ ഒരു പ്രചാരണ

സമിതിയുടെ ചെയർമാനായിരുന്നു. ബഹുമാന്യനായ ശ്രീ. രാഹുൽ ഗാന്ധി അന്ന് കേരള ജനതയുടെ മുന്നിൽ അഞ്ച് ഗ്യാരന്റികൾ മുന്നോട്ടുവച്ചിരുന്നു. മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പുവരുത്തുമെന്നും പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്നുമുള്ളത് ആ അഞ്ച് ഗ്യാരന്റികളിൽ ഏറ്റവും സുപ്രധാനപ്പെട്ടതായിരുന്നു. ഈ ബിൽ പൈലറ്റ് ചെയ്ത മുഖ്യമന്ത്രിയെ ഹാർദമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഇതൊരു ചരിത്ര പ്രാധാന്യമർഹിക്കുന്ന മുഹൂർത്തമാണെന്ന് പറഞ്ഞതിന്റെ കാരണം.... കേരളം കണ്ടിട്ടുള്ളത് ഗുരുവായൂർ അമ്പലനടയിൽ വൃദ്ധരായ മാതാപിതാക്കളെ തള്ളുന്ന കഥനകഥകളാണ്. ഓച്ചിറ ക്ഷേത്രത്തിന്റെ മുന്നിൽ പ്രായമായ അമ്മമാരെക്കൊണ്ട് തള്ളിവിടുന്ന മക്കളുടെ കഥകളാണ് നമ്മൾ കേട്ടുവളർന്നിട്ടുള്ളത്. റെയിൽവേ സ്റ്റേഷനുകളിലും പൊതുസ്ഥലങ്ങളിലും പ്രായംചെന്ന അച്ഛനമ്മമാരെ കൊണ്ട് തള്ളിയിട്ട് അതിവേഗം കാർ ഓടിച്ചുപോകുന്ന മക്കളെ കാണുന്ന നാടാണിത്. മധ്യതിരുവിതാംകൂറിൽ, കോട്ടയത്തും, മാവേലിക്കരയിലും ഞാൻ എം.പി. ആയിരുന്നു. അവിടെയൊക്കെ പല പഞ്ചായത്തുകളിലും ചെറുപ്പക്കാരില്ല,

മുതിർന്നവർ മാത്രമാണുള്ളത്. അതിന്റെ കാരണം അവരുടെ മക്കളെല്ലാം വിദേശത്ത്, അമേരിക്കയിലോ യൂറോപ്പിലോ മറ്റ് സ്ഥലങ്ങളിലോ ആണ്, ജോലി തേടിപ്പോയവരാണവർ. മാതാപിതാക്കൾ മാത്രമായിരിക്കും ആ വീടുകളിലുള്ളത്. അവർക്ക് ഒരാവശ്യം വന്നാൽ ആരോരുമില്ലാതെ ബുദ്ധിമുട്ടുന്ന എത്രയോ അനുഭവങ്ങൾ നമ്മൾ കാണുന്നുണ്ട്. മക്കൾ പലപ്പോഴും ഹോം നഴ്സുകളെ അവിടെ ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. ആ ഡ്യൂട്ടിക്ക് വരുന്നവർതന്നെ അവരെ പീഡിപ്പിക്കുകയും അവരെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന ധാരാളം വാർത്തകൾ ഇന്നും പുറത്തുവരുന്നുണ്ട്. അതുസംബന്ധിച്ച് ധാരാളം പെറ്റീഷനുകൾ ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ എനിക്കും ലഭിക്കുന്നുണ്ട്. കേരളം ഏറ്റവും അനിവാര്യമായ ഒരു നിയമനിർമ്മാണത്തിനാണ് ഇന്ന് വഴി തെളിച്ചിട്ടുള്ളത്. ആന്റി ഏജിങ്ങിന് വേണ്ടിയുള്ള പരീക്ഷണങ്ങൾ നടക്കുന്ന ലോകത്താണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. അമേരിക്കയിലെ ചിക്കാഗോയിലെ രണ്ട് പ്രൊഫസർമാരുമായി ഞാൻ സംസാരിക്കുകയുണ്ടായി. ലോകത്ത് ഇന്ന് ജനസംഖ്യ കുറയുകയാണെന്നാണ് അവർ പറഞ്ഞത്. ഏഷ്യൻ രാജ്യങ്ങളായ

ചൈന, ഇന്ത്യ തുടങ്ങിയ അപൂർവമായ രാജ്യങ്ങളൊഴിച്ച് മറ്റെല്ലായിടത്തും ജനസംഖ്യ കുറയുകയാണ്. കേരളത്തിലെ ജനസംഖ്യപോലും ഓസ്ട്രേലിയയിൽ ഇല്ല. ഓസ്ട്രേലിയ ഒരു ഉപഭ്രഖണ്ഡമാണ്. ലോകത്ത് എല്ലായിടത്തും ജനസംഖ്യ കുറയുമ്പോൾ നാളത്തെ ലോകത്ത് എന്ത് സംഭവിക്കുന്നുവെന്നുള്ള ആശങ്ക ജനങ്ങൾക്കുണ്ട്, മാനവരാശിക്കുണ്ട്. അതുകൊണ്ടുതന്നെ ആന്റി ഏജിങ്ങിന് വേണ്ടിയുള്ള പരീക്ഷണങ്ങൾ നടക്കുകയാണ്. ഇപ്പോൾ 60 വയസ്സിലും 70 വയസ്സിലും 80 വയസ്സിലും ആളുകൾ മരിക്കുമെങ്കിൽ നാളെ 150 വയസ്സുവരെ ആളുകൾ ജീവിച്ചിരിക്കുന്ന പരീക്ഷണങ്ങൾ ലോകത്ത് അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. അത് ഒരു രാജ്യത്ത് മാത്രമല്ല, പല രാജ്യങ്ങളിലുമാണ്. അമേരിക്കയിലും യൂറോപ്പിലും മുതിർന്ന പൗരന്മാരെ സംരക്ഷിക്കാനുള്ള ധാരാളം പദ്ധതികളുണ്ട്. ജപ്പാനാണ് അതിൽ മുന്നിൽ നിൽക്കുന്നത്. ജപ്പാനാണ് സിൽവർ ഇക്കോണമി എന്നുള്ള ആശയം മുന്നോട്ടുവച്ചത്. Aging is a challenge, but they had converted it into an opportunity. മുതിർന്ന പൗരന്മാരെ സംരക്ഷിക്കുക വഴി ജപ്പാൻ വൻതോതിലുള്ള സാമ്പത്തിക

നേട്ടവും തൊഴിലവസരങ്ങളും ഉണ്ടാക്കുന്നു. ആ സാഹചര്യമാണ് നമ്മൾ കാണേണ്ടത്. അവിടെ പ്രായമായവരെ പരിരക്ഷിക്കാനായി ക്ലിനിക്കുകൾ ധാരാളമുണ്ടാകുന്നു. അതുവഴി ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും അവസരം ലഭ്യമാകുന്നു. ഇത് ഏറ്റവും നന്നായി പരീക്ഷിച്ചിട്ടുള്ളത് ജപ്പാനും അമേരിക്കയുമാണ്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ടുപേർ ഇതുപോലെ വിപുലമായ സൗകര്യങ്ങളൊരുക്കി ആളുകളെ ചികിത്സിക്കുന്നത് ഞാൻ നേരിൽപ്പോയി കണ്ടിട്ടുണ്ട്. ആന്റി ഏജിങ്ങിന്റെ കാലഘട്ടത്തിൽ കേരളം ഏറ്റവും ഗൗരവപൂർവമായി പരിശോധിക്കേണ്ട ഒരു നിയമനിർമ്മാണമാണിത് എന്നുള്ളതുകൊണ്ടാണ് ഞാൻ മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നത്. മക്കൾ വിദേശത്ത് കഴിയുമ്പോൾ ആരോരുമില്ലാതെ പലപ്പോഴും കഷ്ടപ്പെടുന്ന മാതാപിതാക്കളും മുത്തച്ഛന്മാരും മുത്തശ്ശിമാരുമുള്ള നാടാണ് കേരളം. നമ്മൾ ആരോഗ്യരംഗത്ത് മുൻപന്തിയിൽ തന്നെയാണ്. സാമ്പത്തിക രംഗത്തും മറ്റ് പല സംസ്ഥാനങ്ങളെക്കാളും നമ്മുടെ നാട്ടിലെ ജനങ്ങൾ മുൻപന്തിയിലാണ്. പക്ഷേ, ആരും താങ്ങും തണലുമില്ലാതെ ഒറ്റയ്ക്ക് കഴിയുമ്പോഴുണ്ടാകുന്ന

പ്രയാസം കഴിയുന്നവർക്ക് മാത്രമേ അറിയുകയുള്ളൂ. അതുകൊണ്ട് അവർക്ക് പരിഗണന നൽകാൻവേണ്ടി വളരെ ബൃഹത്തായൊരു നിയമമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇതിന് ഞങ്ങളെ പ്രേരിപ്പിച്ച ശ്രീ. രാഹുൽ ഗാന്ധിയെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. അദ്ദേഹമാണ് ഈ അഞ്ച് ഗ്യാരന്റികൾ പ്രഖ്യാപിച്ചത്. യു.ഡി.എഫ്.-ന്റെ അഞ്ച് ഗ്യാരന്റികളിൽ മൂന്ന് ഗ്യാരന്റികൾ നമ്മൾ ഇതിനകം...., ഈ ബിൽ പാസാകുന്നതോടുകൂടി മൂന്നാമത്തെ ഗ്യാരന്റിയും ഞങ്ങൾ നടപ്പാക്കുകയാണ്. ഇത് കേരള ചരിത്രത്തിലെ അവിസ്മരണീയമായ മുഹൂർത്തമായി മാറുകയാണ്. പ്രായംചെന്ന അമ്മമാർക്കും അച്ഛന്മാർക്കും പെരുവഴിയിൽ കിടന്ന് ബുദ്ധിമുട്ടേണ്ട അവസരം നാളെ കേരളത്തിന് ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടാണ് ഈ ബില്ലിന്റെ പ്രാധാന്യം വർധിക്കുന്നത്. നമ്മളൊക്കെ പ്രായമുള്ളവരാണ്. ഇന്നല്ലെങ്കിൽ നാളെ നമുക്കെല്ലാം ആശ്രയങ്ങൾ വേണ്ടിവരും. നമ്മളെ സംരക്ഷിക്കാൻ ആൾ വേണ്ടിവരും. അപ്പോൾ തീർച്ചയായിട്ടും... ഇന്ന് നമ്മൾ കാണുന്ന പ്രായമായവരെ സംരക്ഷിക്കാനും അവരുടെ സാമ്പത്തിക സുരക്ഷയും ആരോഗ്യ പരിരക്ഷയും

പാർപ്പിടവും അവകാശ സംരക്ഷണവുമൊക്കെ ഉറപ്പുവരുത്താൻവേണ്ടി കൊണ്ടുവന്ന ഈ നിയമത്തെ പൂർണ്ണമായി പിന്താങ്ങുന്നു. അതാണ് ഈ മൂന്നാം വായനയിലൂടെ എനിക്ക് പറയാനുള്ളത്. ഗവൺമെന്റിനെ പ്രത്യേകിച്ച്, മുഖ്യമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പൂർണ്ണമായി അംഗീകരിക്കുന്നു. പിന്തുണയ്ക്കുന്നു.

ശ്രീ. കെ. രാജൻ: സർ, ഈ അവസരത്തിൽ വളരെ പ്രസക്തമായിട്ടുള്ള ചില കാര്യങ്ങൾ കാണേണ്ടതുണ്ട്. ഇവിടെ പറഞ്ഞതുപോലെ, 1948 നവംബർ 23-നാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 41 പ്രകാരം പ്രായമായ മനുഷ്യർക്ക് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട നടപടിക്രമങ്ങളിലേക്ക് കടന്നത്. അതൊരു നിർദ്ദേശകതത്വമായിട്ടാണ് വന്നതെങ്കിലും മൗലികാവകാശമാക്കപ്പെട്ടില്ല. എന്നാൽ, പിന്നീടത് കൺകറന്റ് ലിസ്റ്റിൽ വന്നതോടുകൂടി കേരളമുൾപ്പെടെയുള്ള സ്ഥലങ്ങൾ വയോജനങ്ങൾക്കായിട്ടുള്ള വിവിധങ്ങളായ പദ്ധതികൾ രൂപീകരിക്കാൻ അവസരമുണ്ടായത് വളരെ സന്തോഷപൂർവ്വം ഈ സഭ കാണുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 57,500

കോടിയിലധികം രൂപ ചെലവഴിച്ചുകൊണ്ടുള്ള സാമൂഹിക സുരക്ഷാ ക്ഷേമ പദ്ധതിയും വയോജന കമ്മീഷൻ ചരിത്രത്തിലാദ്യമായി രൂപീകരിക്കപ്പെട്ടതും അതിന്റെ ഭാഗമായിരുന്നു. കഴിഞ്ഞ ബജറ്റോടുകൂടി കേരളത്തിലെ മൊത്തം ബജറ്റിന്റെ 19 ശതമാനത്തിലധികം elderly budget ആയി അവതരിപ്പിച്ചതും വയോമിത്രം പദ്ധതിയും മന്ദഹാസം പദ്ധതിയും അതിന്റെ ഭാഗമായിരുന്നു. ഇങ്ങനെ മാറിമാറിവന്ന ഗവൺമെന്റുകൾ കേരളത്തിലെ വയോജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി നടത്തിയിട്ടുള്ള നിരവധി പ്രവർത്തനങ്ങൾ ഈ സഭയ്ക്ക് വളരെ അഭിമാനത്തോടെ കാണാൻ കഴിയും. അതുകൊണ്ടാണ് 41-ാം ഭരണഘടനാ ഭേദഗതിയുടെ ചുവട് പിടിച്ചുകൊണ്ട് കേരളം അതിൽ വളരെ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള സംസ്ഥാനമാണെന്ന് അഭിമാനിക്കാൻ കഴിയുമെന്ന് ഇവിടെ സൂചിപ്പിച്ചത്. കേവലം ഏതെങ്കിലും വിധത്തിൽ മാറിമാറിവന്ന ഗവൺമെന്റുകളുടെ രാഷ്ട്രീയനിറമല്ല അതിന്റെ പ്രശ്നം. കാരണം, വയോജനങ്ങൾ നമ്മളെയെല്ലാം സംബന്ധിച്ചിടത്തോളം അവിഭാജ്യ ഘടകവും, അഭിമാനതാരങ്ങളുമാണ്. കേരളം പോലൊരു സംസ്ഥാനത്ത് 13 വയസ്സുകാരിയായ ഒരു പെൺകുട്ടി ഐ-ഫോൺ സ്വന്തമാക്കാൻവേണ്ടി

അച്ഛച്ചനെ കൊല ചെയ്യുന്ന വിധത്തിലുള്ള ക്രൂരതയ്ക്ക് നാല് ജ്യേഷ്ഠ സഹോദരന്മാരുടെ, ജ്യേഷ്ഠസുഹൃത്തുക്കളുടെ കൂട്ടത്തിൽ ഒരുമിച്ചുനിന്നുവെന്ന് കേൾക്കുമ്പോൾ ചിന്തിക്കാൻ കഴിയാത്ത ഒരു കേരളമാണ് നവോത്ഥാനത്തിന്റെ വഴികളിലൂടെ കടന്നുപോയ കേരളം എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. പുതിയ തലമുറയും പഴയതലമുറയും ഒരുമിച്ച് ജീവിക്കുന്ന ഒരു സമൂഹം തന്നെയാണ് സംസ്കാര സമ്പന്നമായ നവോത്ഥാന ആശയങ്ങളിൽ ഉന്നിയുള്ള കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നത്. അതുകൊണ്ടാണ് ഏതെങ്കിലും വിധത്തിൽ ഭരണകൂടത്തിന്റെ രാഷ്ട്രീയം നോക്കാതെതന്നെ കേരളത്തിലെ പ്രതിപക്ഷം ഏകകണ്ഠമായി ഈ ബിൽ പാസ്സാക്കണമെന്ന പൊതുവായ അഭിപ്രായ ഘടനയിലേക്ക് വന്നത്. സ്വാഭാവികമായും ഈ ബില്ലിൽ നിരവധി കാര്യങ്ങൾ എല്ലാവരും ഉന്നയിച്ചിരുന്നു. നല്ലൊരു ശതമാനം കാര്യങ്ങൾ അതിലുൾക്കൊണ്ടു. മൂന്നാം വായനയിൽ ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്, ഇത് നടപ്പിലാക്കുമ്പോൾ കേവലം ബില്ലിന്റെ വരികളിൽ മാത്രം പെടാതെ ഏറ്റവും ഗംഭീരമായി വയോജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വം പ്രാഥമികമായും

പ്രാകൃതിക്കലായും ഉറപ്പുവരുത്താൻ കഴിയുന്ന നടപടികളിലേയ്ക്കുകൂടി പോകണമെന്നാണ് മൂന്നാം വായനയുടെ ഭാഗമായി പറയാനുള്ളത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷിയാകാൻ കഴിഞ്ഞതിൽ നമുക്കൊക്കെ അതിയായ സന്തോഷമുണ്ട്. കേരളനിയമസഭയുടെ ചരിത്രം എടുത്ത് പരിശോധിക്കുകയാണെങ്കിൽ, രാജ്യത്തെ നിയമസഭകളുടെ ചരിത്രവുമായി താരതമ്യം ചെയ്യുമ്പോൾ നിയമനിർമ്മാണ ചരിത്രത്തിൽ pioneer പൊസിഷനിൽ നിൽക്കുന്നവരാണ് കേരള നിയമസഭയെന്ന് മനസ്സിലാകും. ചരിത്രം പരിശോധിച്ചാൽ കേരള നിയമസഭ മനോഹരമായ ഒരു മുഹൂർത്തത്തിനാണ് ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. അതത് കാലഘട്ടങ്ങളിൽ ഉയർന്നുവരുന്ന സാമൂഹ്യ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുകയാണ് നിയമനിർമ്മാണത്തിന്റെ കാതലായ വശം. ബഹു. ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, ഇന്ന് ഉയർന്നുവന്നിരിക്കുന്ന മനുഷ്യ മനസാക്ഷിയെ വേദനിപ്പിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നമാണിത്. ഇത്തരം സംഭവങ്ങൾ

ലോകത്തിനാകെ വലിയൊരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. യൂറോപ്പിലും ജർമ്മനിയിലുമൊക്കെയുള്ള രാജ്യങ്ങളിലെ പല പ്രദേശങ്ങളിലും ഇപ്പോൾ കളിക്കോപ്പ് വിൽക്കുന്ന ഷോപ്പുകളില്ല, അവിടെ കുട്ടികളില്ല; പുതിയ തലമുറയില്ല; കുട്ടികൾ ഒന്നുമുണ്ടാകുന്നുമില്ല; യൂറോപ്പ് ഏജിങ്ങാണ്. യൂറോപ്പിന് തന്നെ വയസ്സായിക്കൊണ്ടിരിക്കുകയാണ്. ആ പാതയിൽ തന്നെയാണ് വളരെ ഡെവലപ്ഡായിട്ടുള്ള പല രാജ്യങ്ങളും സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അതൊരു ദുരന്തമാണ്. അമേരിക്കയും അതേ പാതയിൽ തന്നെയാണ്. ചൈന ആ പാതയിലായിരുന്നു; എന്നാൽ ഇത്തരമൊരു ഭവിഷ്യത്ത് തിരിച്ചറിഞ്ഞ് അവർ ബ്രേക്കിട്ടിട്ടുണ്ട്. നിയമനിർമ്മാണം കൊണ്ട് റിവേഴ്സ് ചെയ്യാൻ നോക്കുന്ന രാജ്യമായതുകൊണ്ട് അത്രയൊന്നും ഫ്രീഡമില്ലാത്തതുകൊണ്ട് ആദ്യം കുട്ടികൾ ജനിക്കാൻ പാടില്ലെന്ന് പറഞ്ഞു, എന്നാൽ ഇപ്പോൾ കുട്ടികളുടെ ജനനം നിർബന്ധമാണെന്ന് പറഞ്ഞു. അങ്ങനെയൊക്കെയുള്ള പരിഷ്കാരങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. മറ്റുള്ളയിടങ്ങളിൽ ഫ്രീഡമുണ്ട്. പക്ഷേ, വിവാഹമില്ല; കുട്ടികളുണ്ടാകുന്നില്ല; കുടുംബമുണ്ടാകുന്നില്ല; ആധുനിക

ജീവിതശൈലിയുടെ ഭാഗമായി വിവാഹമേ വേണ്ട, കുടുംബം വേണ്ട എന്നുവച്ചതിന്റെ ദുരന്തം ഇന്ന് മനുഷ്യസമൂഹം അഭിമുഖീകരിക്കുകയാണ്. അവിടെയൊക്കെ ടെക്നോളജി വളർന്നുവെങ്കിലും അത് ഓപ്പറേറ്റ് ചെയ്യാനും അനുഭവിക്കാനും മനുഷ്യർ വേണ്ടേ; അത് ഏറ്റവും വലിയ പ്രശ്നമാണ്. ജപ്പാന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ജപ്പാനിൽ ഒരു ഡെലിഗേഷൻ സ്വീകരിക്കാൻവേണ്ടി ഞാൻ പോയസമയത്ത് അവർ വരുന്നത് കണ്ട് എന്റെ അടുത്തുനിന്നുള്ള ആളുകൾ പറഞ്ഞത്, Sir, These are people from the other world എന്നാണ്. അത്ര പ്രായമായവർക്ക് ഇപ്പോൾ സജീവമായി നടക്കാനുള്ള സംവിധാനം അവർക്കുണ്ട്. എല്ലാവർക്കുമുണ്ടാകാൻ കഴിയുമോ; വളരെ പരിഷ്കൃതമായ രാജ്യങ്ങളുടെ പാതയിൽ കേരളം എത്തിച്ച നമ്മുടെ ബഹു. മുഖ്യമന്ത്രിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. പരിഷ്കൃത രാജ്യങ്ങളിൽ മാത്രമാണ് ഏജിങ് സമൂഹത്തിന് എല്ലാ സൗകര്യങ്ങളും കൊടുക്കുന്നത്. അത് അത്ര എളുപ്പമുള്ള കാര്യമല്ല. പല സ്ഥലത്തും neglect, കേരളത്തിൽ ഈ സ്ഥിതിയുണ്ടെങ്കിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ എത്രമാത്രമുണ്ടാകുമെന്നത് നമുക്ക്

ഊഹിക്കാവുന്നതെയുള്ളൂ. നമുക്ക് അങ്ങനെ ആകാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ഈ നിയമനിർമ്മാണത്തിലൂടെ ഉണ്ടാകാൻപോകുന്ന കൾച്ചർ മാറും. പലപ്പോഴും നിയമനങ്ങളുടെ ഒരു പരിരക്ഷ ലഭിക്കുന്നത് അങ്ങനെയാണ്. നിയമം ആളുകളിൽ അവബോധമുണ്ടാക്കും, നിയമം ലംഘിച്ചുപോയാലുള്ള പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കും, നടപടിയുണ്ടാകുമെന്ന ബോധമുണ്ടാകും. ഇപ്പോൾ കുട്ടികളോടുള്ള ക്രൂരതകളിൽ അത്തരമൊരു അവബോധം വന്നുതുടങ്ങി. ആ നിലയിൽ നോക്കുമ്പോൾ മുതിർന്നവരെ ബഹുമാനിക്കാനും അത് നിയമപരമായി അനിവാര്യമാണെന്ന് തോന്നലുണ്ടാക്കാനും രക്ഷിതാക്കളെ നോക്കാത്തവർക്ക് അതൊരു മുന്നറിയിപ്പാകാൻ ഈ നിയമം ഫലപ്രദമാണ്. തീർച്ചയായും സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നത്തെ കേരളനിയമസഭാ ഐകകണ്ഠ്യേന നിയമം പാസ്സാക്കി അഡ്രസ്സ് ചെയ്തിരിക്കുകയാണ്. ആ മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്. 100 ദിവസം പിന്നിടുന്ന യു.ഡി.എഫ്. സർക്കാരിന് ഇത്തരത്തിലൊരു സ്റ്റെപ്പ് മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞതിലുള്ള അഭിമാനം രേഖപ്പെടുത്തുകയാണ്. ശ്രീ.

രാഹുൽ ഗാന്ധിയുടെ ഒരു പ്രഖ്യാപനം യാഥാർഥ്യമായതിലുള്ള സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ ഈ മൂഹൂർത്തത്തിന് സാക്ഷ്യം വഹിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിലെ സർക്കാരുകൾ ഏത് കാലത്തും പ്രായമായ സമൂഹത്തോട് കാണിച്ച പ്രതിബദ്ധതയുടെ തുടർച്ചയായിത്തന്നെ ഇങ്ങനെയൊരു നിയമം പാസ്സാക്കുകയാണ്. ഇന്ത്യയിൽ സാമൂഹിക ക്ഷേമ രംഗത്ത്, ചികിത്സാ രംഗത്ത്, വിദ്യാഭ്യാസ രംഗത്തൊക്കെ പല കാര്യങ്ങൾ ചെയ്തതിന്റെ തുടർച്ചയായി പ്രായമായ കർഷക തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ച ആദ്യത്തെ സംസ്ഥാനം കേരളമാണ്. 1980-ൽ ക്ഷേമ പെൻഷൻ നാൽപ്പത്തിയഞ്ച് രൂപയായിരുന്നു. അന്ന് അങ്ങനെയൊരു പെൻഷൻ കൊടുക്കണമോ എന്നുള്ള സംശയങ്ങൾ ഉണ്ടായിരുന്നു. ഇന്നിപ്പോൾ ഇന്ത്യയിലെ ഏറ്റവുമധികം ആളുകൾക്കും ശതമാനംവച്ച് നോക്കുമ്പോൾ സാമൂഹിക ക്ഷേമ പെൻഷനടക്കം 60 ലക്ഷത്തിലധികം സാമൂഹിക ക്ഷേമ പെൻഷൻ കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. നേരത്തെ ഇവിടെ നടപ്പിലാക്കിയ പല നിയമങ്ങളുമുണ്ട്. അതിനെ

കൂടുതൽ ശക്തിപ്പെടുത്താൻ ഈ നിയമം സഹായിക്കുമെന്നതിന് യാതൊരു സംശയവുമില്ല. കാരണം, എപ്പോഴും നമ്മൾ മുന്നോട്ടുപോകുന്നതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരുകൾ മാറിമാറിവന്നാലും നമ്മുടെ നാട്ടിലെ ജനങ്ങൾ ഈ നാട്ടിലെ ജനങ്ങൾ തന്നെയാണ്. അതിനകത്ത് രാഷ്ട്രീയ വ്യത്യാസമൊന്നുമില്ല. ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ച ലോകത്തെ അനുഭവങ്ങളൊക്കെ ഏകദേശം വലിയതോതിലുള്ള പോപ്പുലേഷൻ കൂറവ് അനുഭവിക്കുന്ന സ്ഥലമാണ് നമ്മുടെ നാട്. അതിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഇതൊരു മാർഗ്ഗനിർദേശമാകും. പക്ഷെ, ഇതിനുതൊട്ടുമുമ്പ് നമ്മൾ അവതരിപ്പിച്ച വയോജന കമ്മീഷൻ, വയോജന നയം എന്നിങ്ങനെയുള്ള സംവിധാനമുണ്ട്. ആ കാര്യങ്ങളിലൊക്കെ ശക്തിപ്പെടുത്തി കൊണ്ടുപോകാൻ..., വയോജന കമ്മീഷൻ കൂറച്ച് കൂടി ഇഫക്ടീവായി എൻഫോഴ്സ് ചെയ്യാൻ പറ്റുന്ന ഒരു കമ്മീഷനാണ്. അതിനെ കൂടുതൽ ശക്തിപ്പെടുത്തുകയും ഈ പൊതുവായ കാര്യങ്ങൾ ചെയ്യാനും കഴിയട്ടെയെന്ന് വിചാരിക്കുന്നു. Elderly ബജറ്റ് ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ചത്

കേരള നിയമസഭയാണ്. അതിന്റെ ശതമാനത്തിനെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരുകാര്യം കൂടി ഇവിടെ സൂചിപ്പിക്കുകയാണ്. മുൻ ബജറ്റുകളിൽ തൊഴിൽ മേഖലയിലുമായി ബന്ധപ്പെട്ട് 'സെക്കൻഡ് ഇന്നിംഗ്സ്' എന്ന പരിപാടി മുൻ ബജറ്റിൽ അവതരിപ്പിച്ചിരുന്നു. 'സെക്കൻഡ് ഇന്നിംഗ്സ്' എന്നുപറഞ്ഞാൽ റിട്ടയർ ചെയ്ത 60-70 വയസ്സുള്ള ആളുകൾക്ക് അവരുടെ ജീവിതത്തിലെ വലിയ എക്സ്പീരിയൻസ് ഉപയോഗിച്ച് പുതിയ കാര്യങ്ങളോ അല്ലെങ്കിൽ അവരുടെ എക്സ്പീരിയൻസ് തന്നെ expertise ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യാം. 'സെക്കൻഡ് ഇന്നിംഗ്സ്' എന്ന പരിപാടിയും നമ്മൾ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിക്കുകയും അതിന്റെ തുടർച്ചയായി ചില ശ്രമങ്ങളും ആ വകുപ്പുകൾ നടത്തിയിരുന്നു. പത്ത് മുപ്പത് വർഷത്തോളം സർക്കാർ മേഖലയിൽ ജോലി ചെയ്തിട്ടുള്ള ആളുകൾക്ക് റിട്ടയർമെന്റിനുശേഷവും പല കാര്യങ്ങളും ചെയ്യാൻ സാധിക്കും. അങ്ങനെ അവരുടെ പരിചയ സമ്പത്ത് ഉപയോഗിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങാൻ കുറഞ്ഞ പലിശ നിരക്കിൽ കെ.എഫ്.സി. മുഖേന വായ്പ നൽകുന്ന ധാരാളം സ്കീമുകൾ ആലോചിച്ചിരുന്നു. ഇതൊരു

തുടർച്ചയാണ്. ഈ തുടർച്ച കൂടുതൽ ശക്തിപ്പെടുത്താൻ കഴിയണം. എന്തായാലും, വയോജനങ്ങളോടുള്ള ഈ സ്നേഹം വാക്കുകളിലും വാചകങ്ങളും മാത്രം പോരാ എന്ന് നാം എല്ലാവരും ഒരുമിച്ച് ആലോചിക്കണം. വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കാര്യക്ഷമമായി ഇടപെടേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ നിയമം സംബന്ധിച്ച് ഞങ്ങൾ വളരെ സജീവമായി സബ്ജക്ട് കമ്മിറ്റിയിലും മുമ്പ് അവതരിപ്പിച്ചവരും ഇവിടെയും ഈ കാര്യത്തിലും പോസിറ്റീവായി സഹകരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ പൊതുമനസ്സും പൊതുവായ മനസ്സാക്ഷിയും ഇത്തരം കാര്യങ്ങൾക്ക് അനുകൂലമാണ്. പക്ഷെ, തെറ്റുകൾ വരുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രായമുള്ളവർക്ക് നേരെയുള്ള കടുത്ത പീഡനങ്ങളും അല്ലെങ്കിൽ അവരെ ഉപദ്രവിക്കുന്ന അനുഭവങ്ങളുമൊക്കെയുണ്ട്. അതൊക്കെ പരിഹരിക്കാനും നല്ല നിർദേശം നൽകാനും ഈ ബിൽ സഹായകരമാകും. നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തികൊണ്ടുപോകാൻ ഈ നിയമത്തിന് കഴിയട്ടെയെന്ന് ആഗ്രഹിക്കുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട നേതാക്കൾ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയ്ക്കാകമാനം മാതൃകയാകുംവിധത്തിൽ കേരളനിയമസഭയിൽ വളരെ ശ്രദ്ധേയമായ ഈ നിയമനിർമ്മാണം, മുതിർന്ന പൗരന്മാർക്ക് സംരക്ഷണം കൊടുക്കുക, അവരെ ചേർത്തുപിടിക്കുക എന്ന സുപ്രധാനമായ ഒരു ദൗത്യനിർവഹണം കൂടിയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തിരിക്കുന്നത്. അതിന് നേതൃത്വം കൊടുത്ത ബഹുമാന്യനായ മുഖ്യമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അതോടൊപ്പം ഇന്ന് ഭാരതീയ സംസ്കാരത്തിന്റെ മഹത്തായ ഒരു മാതൃകയിൽ മാതാപിതാക്കളെ ചേർത്തുപിടിക്കുവാനുള്ള വലിയൊരു ഉത്തരവാദിത്തം കേരളനിയമസഭ മാതൃകാപരമായി പ്രകടിപ്പിക്കുന്നതിന്റെ കൂടി തെളിവായി ഈ നിയമനിർമ്മാണം മാറുകയാണ്. പ്രവാസി ലോകത്ത് വിലയിരുത്തുമ്പോൾ ഒരുപാട് സാധ്യതകൾ, പ്രായം നോക്കാതെ ജോലി ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. കേരളം പോലെയൊരു സംസ്ഥാനത്ത് യുവാക്കളുടെ സാഹചര്യങ്ങളുടെ മുമ്പിൽ നമുക്കതിന് കഴിയില്ല. പക്ഷേ

ആയുർദൈർഘ്യം വർധിക്കുമ്പോൾ കേരളത്തിൽ തീർച്ചയായിട്ടും ഇതുപോലെയൊരു ഇടപെടലിന് കേരളനിയമസഭയ്ക്ക് കഴിയുന്നതും, സർക്കാർ അതിന് നേതൃത്വം കൊടുക്കുന്നതും, ഈ കാലഘട്ടത്തിന്റെ അനിവാര്യത തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്നുള്ളതും സർക്കാരിന് അഭിമാനകരമാണ്. നന്മ നിറഞ്ഞ നിയമനിർമ്മാണത്തിന് നേതൃത്വം കൊടുത്ത ബഹുമാന്യനായ മുഖ്യമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് എല്ലാ ആശംസകളും നേരുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ചരിത്ര പ്രസിദ്ധമായി മാറാൻ പോകുന്ന ഈ നിയമനിർമ്മാണം നാടിനും സഭയ്ക്കും തീർച്ചയായും അഭിമാനകരമായ ഒരു കാര്യം തന്നെയാണ്. പ്രായമായവരുടെ പ്രശ്നം കേവലമായൊരു പ്രശ്നം മാത്രമല്ല, 2000 വർഷങ്ങൾക്ക് മുമ്പ് തന്നെ പ്ലേറ്റോയുടെ പ്രസിദ്ധ ഗ്രന്ഥമായ 'ദി റിപ്പബ്ലിക്കിൽ' Poor old man and rich old man' തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ദാരിദ്ര്യവും വാർധക്യവും ഒന്നിച്ചുചേർന്നാൽ പിന്നെയുള്ള ജീവിതം ചിന്തിക്കാൻ കഴിയുന്നതല്ല. അദ്ദേഹം പറഞ്ഞു, "A good poor old man curses his old

age, but a bad rich old man curses his old age." ഇവിടെ നാം കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം ദരിദ്രരും പാവപ്പെട്ടവരുമായുള്ള വൃദ്ധജനങ്ങളുടെ അവസ്ഥയെക്കുറിച്ചാണ്. അതുകൊണ്ട് മുൻകാലങ്ങളിൽ തീർച്ചയായും ക്ഷേമ പെൻഷനുകൾ, വിധവ പെൻഷൻ, അറുപതുകളുടെ മധ്യത്തിൽ തന്നെ ആർ. ശങ്കർ മന്ത്രിസഭയും പിന്നീട് ഇ. കെ. നായനാർ മന്ത്രിസഭയുമെല്ലാം കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ അതുമാത്രം പോരാ. ഇന്നത്തെ 'poor-rich difference' ഈ സഭ ഇന്ന് കാലത്ത് ചർച്ച ചെയ്ത വൈദ്യശാസ്ത്ര രംഗത്തെ വിഷയമാണ്. ഒരു കാലത്ത് ആർക്കും വൈദ്യസഹായം ലഭ്യമായിരുന്നില്ല; കാരണം വൈദ്യശാസ്ത്രം അത്രയൊന്നും പുരോഗമിച്ചിരുന്നില്ല. ഇന്ന് വൃദ്ധരായ ദരിദ്രരുടെ കാര്യത്തിൽ അവർക്ക് വികസിതമായ വൈദ്യശാസ്ത്ര സഹായം ലഭിക്കുകയെന്നത് ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് വൃദ്ധരായ ദരിദ്രർക്ക് നാട്ടിൽ ലഭ്യമായ എല്ലാ തരത്തിലുള്ള വൈദ്യസഹായവും ലഭിക്കുവാനുള്ള നടപടികൾ എടുക്കുന്നതിനെ സംബന്ധിച്ച് ഈ വകുപ്പ് ഏറ്റവും കൂടുതലായി ഊന്നൽ കൊടുക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, വാർധക്യത്തിലേക്ക് കടന്നിട്ടും

ആരോഗ്യമുള്ള ആളുകൾ ഇന്ന് ടൂറുകൾക്ക് പോകുന്നയൊരു ട്രെൻഡ് കേരളത്തിലുണ്ട്. പണ്ട് ടൂറിസം എന്നുപറഞ്ഞാൽ ഇങ്ങോട്ട് ആളുകൾ വരിക മാത്രമാണ്. ഇപ്പോൾ റിവേഴ്സ് ടൂറിസമുണ്ട്; ആളുകൾ പുറത്തുപോകുന്നുണ്ട്. ജി.ഡി.പി.-യുടെ കണക്കനുസരിച്ച് ആളുകൾ പുറത്തുപോകുന്നത് നെഗറ്റീവാണ് എന്ന് സാധാരണ പറയാറുണ്ട്. പക്ഷേ കേരളം ഒരു സീനിയർ സിറ്റിസൺ ഫ്രണ്ട്ലി സ്റ്റേറ്റ് ആണ് എന്ന് വരുമ്പോൾ ലോകത്തെ നിരവധി രാജ്യങ്ങളിലെ ടൂറിസ്റ്റുകൾ കേരളത്തെ ഉറ്റുനോക്കുന്ന ഒരു സാഹചര്യമുണ്ടാകുന്നു. സീനിയറായ ടൂറിസ്റ്റുകൾ കടന്നുവരുമ്പോൾ അവരെ സ്വീകരിക്കാൻ കേരളത്തിൽ പ്രത്യേകം സൗകര്യങ്ങൾ അവയിലബിൾ ആണെങ്കിൽ ധനികരും പ്രാപ്തിയുള്ളവരുമായ സീനിയർ സിറ്റിസൺസിന്റെ ടൂറിസം പ്രൊമോട്ട് ചെയ്യാൻ കഴിയും. ഇക്കാര്യത്തിൽ ഗതാഗത സൗകര്യത്തിന് വലിയൊരു പങ്ക് വഹിക്കാനുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം ഇവിടത്തെ വാഹനങ്ങൾ വൃദ്ധജനങ്ങൾക്ക് അല്ലെങ്കിൽ സീനിയർ സിറ്റിസൺ ഫ്രണ്ട്ലി അല്ല. ഒരു ബസ്സിലേക്ക് കയറാൻ, വീൽചെയറുമായി കടന്നുചെല്ലാൻ ഇപ്പോഴും വേണ്ടത്ര

സൗകര്യങ്ങൾ ലഭ്യമായിട്ടില്ല. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങളിൽ ഫൈൻ ട്യൂണിങ്ങ് ആവശ്യമുണ്ട്. വൃദ്ധരെ സംരക്ഷിക്കുകയെന്ന് പറഞ്ഞാൽ അവരുടെ ഫ്രീഡം ഉറപ്പുവരുത്തുക എന്നുകൂടി അർഥമുണ്ട്. അവർക്ക് വീട്ടിൽ നിന്നും പുറത്തിറങ്ങി നടക്കാൻ കഴിയണം. അവർക്ക് ഇപ്പോൾ ഇലക്ട്രിക് വീൽചെയറുകൾ ലഭ്യമാണ്. അതിൽ പോയി ബസ്സിൽ കയറി, ബസ്സിൽ നിന്നിറങ്ങി പോകാൻ കഴിയണം. അതുപോലെ തന്നെ ട്രെയിനുകൾ സീനിയർ സിറ്റിസൺ ഫ്രണ്ട്ലി അല്ല. ട്രെയിനുകളുടെ സ്റ്റെപ്പുകൾ കയറാൻ ബുദ്ധിമുട്ട് കൂടിവരികയാണ്. ഈയിടെ വന്ന ഏറ്റവും നല്ലൊരു ട്രെയിനാണല്ലോ വന്ദേഭാരത്, പക്ഷേ അതിന്റെ സ്റ്റെപ്പുകൾ ഒട്ടും ഫ്രണ്ട്ലി അല്ല. ചെറുപ്പക്കാർക്ക് അത് മനസ്സിലാക്കേണ്ട ഒരു പ്രശ്നവുമില്ല. വിമാനത്തിൽ കയറുന്നതിന് വളരെ എളുപ്പമുള്ള സംവിധാനങ്ങളുണ്ട്. പക്ഷേ പല രാജ്യങ്ങളിലും ട്രെയിൻ കയറുന്ന സമയത്ത് സീനിയർ സിറ്റിസൺ ആവശ്യപ്പെട്ടാൽ അവർക്ക് ഒരു സ്ലാന്റിങ് ആയിട്ടുള്ള എൻട്രി കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ട്. അതുകൊണ്ട് റാമ്പുകൾ ഉണ്ടാക്കുന്നത് മുതൽ വാഹനങ്ങളിൽ കയറാനും ഇറങ്ങാനുമുള്ള കാര്യങ്ങളിൽ എളുപ്പത്തിൽ

ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങളുണ്ട്. അതെല്ലാം ഈ പുതിയ വകുപ്പ് വളരെ ഭംഗിയായി ചെയ്യുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്, ഇത്രയും വിശദമായ തരത്തിൽ ഭേദഗതികൾ അംഗീകരിച്ച് ഒരു പുതിയ നിയമം പാസ്സാക്കിയെടുക്കുന്നതിന് നേതൃത്വം കൊടുത്ത ബഹു. മുഖ്യമന്ത്രിയെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ചരിത്രപ്രസിദ്ധമായ ഒരു നിയമത്തിനാണ് നിയമനിർമ്മാണ സഭ ഇപ്പോൾ സാക്ഷ്യം വഹിച്ചിരിക്കുന്നത്. അതിന് സാക്ഷിയാകാൻ കഴിഞ്ഞതിലുള്ള സന്തോഷം ഒരു ഭാഗത്തുണ്ട്. അതിന് നേതൃത്വം കൊടുക്കാൻ വേണ്ടി തീരുമാനിച്ച കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനെ അഭിനന്ദിക്കുകയാണ്. ഈ സർക്കാർ എടുത്ത നിരവധി തീരുമാനങ്ങളിൽ ഒരു പ്രധാനപ്പെട്ട തീരുമാനം ഇതാണ്. മറ്റൊന്ന്, സ്ത്രീകൾക്ക് സൗജന്യ യാത്ര കൊടുക്കുമെന്ന് പ്രഖ്യാപിച്ചു; ആ തീരുമാനം നടപ്പാക്കി മുന്നോട്ട് പോകാൻ സാധിച്ചു. ഇങ്ങനെ ചരിത്രപരമായ തീരുമാനങ്ങൾ എടുത്ത് മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു, എല്ലാവിധ ആശംസകളും.

ശ്രീ. വിഷ്ണു മോഹൻ: സർ, കേരളത്തിലെ മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണം എന്ന നിലയിലാണ് ബഹുമാന്യനായ കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി ഈ നിയമം സഭയുടെ മുമ്പാകെ അവതരിപ്പിച്ചത്. ഈ നിയമനിർമ്മാണം നിമിഷങ്ങൾക്കുള്ളിൽ സഭ പാസ്സാക്കുമ്പോൾ അത് കേരളത്തിലെ യുവജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ഒന്നായി മാറുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ നിയമത്തിന്റെ യഥാർഥ ഉപഭോക്താക്കളാകാൻ പോകുന്നത് ഈ സംസ്ഥാനത്തെ യുവജനങ്ങളാണ്. എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ, നിങ്ങളുടെ നല്ല പ്രായത്തിൽ ഈ നാടിനുവേണ്ടി നിങ്ങൾ സേവനം ചെയ്താൽ, നിങ്ങളെ സംരക്ഷിക്കാൻ ഒരു നിയമമുണ്ട് എന്ന് കേരളത്തിലെ ചെറുപ്പക്കാർക്ക് ഉറപ്പുനൽകുന്ന ഒരു നിയമനിർമ്മാണമാണ് കേരളത്തിലെ നിയമനിർമ്മാണ സഭ നിമിഷങ്ങൾക്കുള്ളിൽ പാസ്സാക്കാൻ പോകുന്നത്. കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി അധികാരം ഏറ്റെടുത്തപ്പോൾ ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി കേരള ജനതയ്ക്ക് ഉറപ്പുനൽകിയത് ഈ ഗവൺമെന്റ് എംപതിയുള്ള ഗവൺമെന്റ് ആയിരിക്കുമെന്നാണ്. എംപതെറ്റിക് ഗവൺമെന്റാണെന്ന്

തെളിയിക്കുന്ന ചരിത്രപ്രധാനമായ ഒരു നിയമനിർമ്മാണത്തിന് ഈ സഭ സാക്ഷിയാകുമ്പോൾ, ഒരു യുവജന പ്രതിനിധി എന്ന നിലയിൽ ഈ സഭാംഗമായിരിക്കുന്നതിലുള്ള അഭിമാനം പങ്കുവച്ചുകൊണ്ട്, ഈ നിയമനിർമ്മാണം നടപ്പിലാക്കാൻ ശ്രമിച്ച കേരളത്തിന്റെ മുഖ്യമന്ത്രിയെയും ഏറ്റവും കൂടുതൽ ഭേദഗതികൾ വളരെ ക്ഷമയോടുകൂടി കേട്ടിരുന്ന് ആ ഭേദഗതികളെ അംഗീകരിച്ച, ചരിത്രം കൊണ്ട് ചരിത്രത്തെ തിരുത്തിയ കേരള ഗവൺമെന്റിനെയും അഭിവാദ്യം ചെയ്യുവാൻ ഈയവസരം വിനിയോഗിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോകാൻ സാധ്യതയുണ്ടായിരുന്ന ഒരുപാട് മനുഷ്യരെ ചേർത്തുപിടിക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്താനും കഴിയുന്ന ഒരു നിയമനിർമ്മാണത്തിന് നേതൃത്വം നൽകാൻ കഴിഞ്ഞതിന്റെ അഭിമാനത്തിലാണ് ഞാൻ നിൽക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയും വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയും സംസാരിച്ചതുപോലെ

ഇതൊരു രാഷ്ട്രീയപ്രതിബദ്ധത കൂടിയാണ്. തിരഞ്ഞെടുപ്പുകാലത്ത് നൽകിയ ഒരു വാഗ്ദാനമാണത്. എന്നാൽ ഒരു തിരഞ്ഞെടുപ്പ് വാഗ്ദാനത്തിനപ്പുറത്തേയ്ക്ക് ഇതിനെ കൊണ്ടുപോകാനാണ് ഞങ്ങൾ ശ്രമിച്ചത്. രാജ്യത്തിനകത്തുമാത്രമല്ല, ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഏറ്റവും മികച്ചൊരു മാതൃക കേരളത്തിൽ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ സ്വപ്നം. ആ സ്വപ്നം യാഥാർഥ്യമാക്കാനുള്ള വഴികളിലൂടെയാണ് ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഈ സഭയിൽ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ. രാജൻ, ശ്രീ. കെ. എൻ. ബാലഗോപാൽ ഉൾപ്പെടെയുള്ളവർ സംസാരിക്കുകയുണ്ടായി. എല്ലാവരും തികഞ്ഞൊരു സഹകരണ മനോഭാവത്തോടെയാണ് ഇതിനെ സമീപിച്ചത്. ഈ സഭയിൽ നിരവധി അമെന്റ്മെന്റുകളാണ് കൊണ്ടുവന്നത്. ഇത്രമാത്രം അമെന്റ്മെന്റുകൾ ഈ സമീപകാലത്തുണ്ടായിട്ടില്ല. അത്രമാത്രം അമെന്റ്മെന്റുകളുണ്ടായി. ആ ഭേദഗതികൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ നമ്മൾ കൊണ്ടുവന്ന നിയമം ശ്രദ്ധിച്ച് വായിച്ചിട്ടാണ് നിയമസഭാ സാമാജികർ ശ്രദ്ധേയമായ ഭേദഗതികൾ കൊടുത്തത്. നമ്മൾ കൊണ്ടുവന്നതിനേക്കാൾ,

അതിനെ തേച്ചുമിനുക്കി ഏറ്റവും മികവുറ്റതാക്കാൻ ഈ സഭയിലെ അംഗങ്ങൾ ശ്രമിച്ചു. സഭാനാഥനായ ബഹുമാനപ്പെട്ട സ്പീക്കറെയും സഭാംഗങ്ങളെയും പ്രത്യേകമായി അവരോടെല്ലാവരോടും നന്ദിപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമം തയ്യാറാക്കുന്നതിന് വലിയ ഗൃഹപാഠം/വലിയ ഹോംവർക്ക് ചെയ്തിട്ടുണ്ട്. നിയമവകുപ്പിലെ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ രാവും പകലും ഉറക്കമില്ലാതെ കുറ്റമറ്റ രീതിയിൽ ബിൽ തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസൺസിലെ എല്ലാ ഉദ്യോഗസ്ഥരും ഒരു ടീമായി പ്രവർത്തിച്ചു. അവരോടൊപ്പം ഞാൻ അങ്ങയോട് പറയുന്നു, നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർ...., അവരെല്ലാം സാധാരണ ഒരു നിയമനിർമ്മാണമുണ്ടാക്കുന്ന മൂഡിലല്ലായിരുന്നു. അവരെല്ലാം ഒരു വ്യത്യസ്തമായ മൂഡിലായിരുന്നു. ഞാൻ അവരോട് സംസാരിക്കുകയും ഇന്ററാക്ട് ചെയ്യുകയും ചെയ്തപ്പോൾ ഇത് ഞങ്ങളുടെ കൂടി ഒരു നിയമമാണ് എന്നുള്ള ഒരു ബോധ്യം അവർക്കെല്ലാവർക്കുമുണ്ടായിരുന്നു. അവരോടെല്ലാം ഞാൻ ഈ അവസരത്തിൽ നന്ദി പറയുകയാണ്. നമ്മുടെ ലോകം

മാറുകയാണ് എന്നുള്ള യാഥാർഥ്യത്തിന്റെ ആദ്യത്തെ തിരിച്ചറിവായാണ് ഞാൻ ഈ നിയമനിർമ്മാണത്തെ കാണുന്നത്. ഡെമോഗ്രാഫിക് ചെയിഞ്ചസിനെ കുറിച്ച് നിരന്തരമായി സംസാരിക്കുമ്പോൾ, അത് ലോകത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഗൗരവത്തോടുകൂടി കാണണം. ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെയുള്ള അംഗങ്ങൾ സംസാരിച്ചപ്പോൾ പറഞ്ഞത് ഈ ചെയിഞ്ചസ് ലോക രാജ്യങ്ങളിൽ പോലും വലിയ തെറ്റായി മാറുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നതെന്നാണ്. ഇവർക്കെല്ലാമറിയാം., കഴിഞ്ഞ മൂന്നുനാലു വർഷക്കാലമായി കുട്ടികളോട് നിരന്തരമായി സംസാരിക്കുമ്പോൾ ഞാൻ ഒരു പുസ്തകം ക്വാട്ട് ചെയ്ത് സംസാരിക്കുമായിരുന്നു. ലോകപ്രശസ്ത എഴുത്തുകാരൻ യുവാൽ നോവാ ഹരാരിയുടെ പുസ്തകമായ 'ഹോമോ ദിയൂസ്: എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടുമാറോ' എന്ന പുസ്തകമാണ് ക്വാട്ട് ചെയ്തിരുന്നത്. ആദ്യം ഒരു തമാശയായിട്ടാണ് അവരോട് പറഞ്ഞിരുന്നതെങ്കിലും, ഇന്നത് പ്രധാനപ്പെട്ട സംഭവമായി മാറി. ടി പുസ്തകത്തിൽ അദ്ദേഹം ചോദിച്ചത് കഴിഞ്ഞ നൂറ്റാണ്ടിൽ നിങ്ങൾക്ക് ആയുർദൈർഘ്യം എത്രയായിരുന്നുവെന്നാണ്;

മുപ്പത്തിയഞ്ചോ, നാൽപ്പതോ വയസ്സ് ആയിരുന്നുവെന്നാണ്. ഇപ്പോൾ എത്രയാണ് ആയുർദൈർഘ്യം; അത് എഴുപത്തിയഞ്ച് എൺപതായി മാറുകയാണ്. നേരെ ഇരട്ടിയാവുകയാണ്. മെഡിക്കൽ സയൻസിന്റെ വളർച്ചയാണ് കഴിഞ്ഞ നൂറ്റാണ്ടിൽനിന്ന് ഈ നൂറ്റാണ്ടിൽ എത്തിയപ്പോൾ ആയുർദൈർഘ്യം വളരാൻ കാരണമായത്. അദ്ദേഹം പ്രസക്തമായ ഒരു ചോദ്യം ചോദിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ അടുത്ത നൂറ്റാണ്ടിൽ മനുഷ്യന്റെ ആയുർദൈർഘ്യം എത്രയായിരിക്കുമെന്ന്? അദ്ദേഹം പറയുന്നത് നൂറ്റി അറുപത് വയസ്സിനും നൂറ്റി എൺപത് വയസ്സിനും ഇടയ്ക്കായിരിക്കുമെന്നാണ്. ആ കാൽക്കുലേഷനിലാണ് ഞാൻ പറഞ്ഞത്, ഇപ്പോൾ കിൻഡർഗാർട്ടനിൽ പഠിക്കുന്ന നമ്മുടെ കുട്ടികൾ നൂറ് വയസ്സ് ക്രോസ് ചെയ്യാൻ പോവുകയാണ്. അത്, We are witnessing a knowledge revolution, ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വൈജ്ഞാനിക വിപ്ലവത്തിന് നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തെല്ലായിടത്തും ഈ ഫ്യൂച്ചർ ടെക്നോളജിയുണ്ടാക്കുന്ന മാറ്റങ്ങൾ.. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ഫ്യൂച്ചർ ടെക്നോളജി ഏറ്റവും

വലിയ ചെയിഞ്ചസ് ഉണ്ടാക്കുന്നത് ഹെൽത്ത് കെയറിലാണ്. ഹെൽത്ത് കെയറിൽ ഡയഗ്നോസ് ചെയ്യാനും മരുന്ന് പ്രിസ്ക്രൈബ് ചെയ്യാനും ജീവൻ നിലനിർത്താൻവേണ്ടിയുള്ള പുതിയ കണ്ടുപിടിത്തങ്ങളുണ്ടാവുകയാണ്. അത് ആയുർദൈർഘ്യത്തെ വർധിപ്പിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും നാനോ ടെക്നോളജിയും കൂടി ഇൻവിസിബിളായിട്ടുള്ള സംവിധാനങ്ങളുണ്ടാക്കി നമ്മുടെ വെയിനിലേക്ക് ഇൻജെക്ട് ചെയ്യുമെന്നാണ് പറയുന്നത്. ഹാർട്ടിലെ ബ്ലോക്ക് മാറ്റും, കാൻസർ സെല്ലുകൾ റിമൂവ് ചെയ്യും എന്നൊക്കെയാണ് പുതിയ കണ്ടുപിടിത്തം. ഏറ്റവും രസകരമായി പറയുന്നത്, ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, ഏജിങ് പ്രോസസ്സ് റിവേഴ്സ് ചെയ്യുകയാണ്. പ്രായമാകുകയില്ല. 125 വയസ്സാകുമ്പോഴും ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല 25 വയസ്സിൽ സുന്ദരനായി ഇരുന്നതുപോലെത്തന്നെ ഇരിക്കും; മാറുകയില്ല. ആ ഏജിങ് പ്രോസസ്, റിവേഴ്സ് ചെയ്യുന്ന പ്രോസസ് ലോകത്ത് ഇപ്പോൾ കണ്ടുപിടിച്ചു. അതിന്റെ മാറ്റം ആരംഭിച്ചിട്ടുണ്ട്. കാരണം 160 വയസ്സായ ഒരാൾ നമ്മുടെ സങ്കൽപ്പത്തിലെ ഏറ്റവും വലിയ വൃദ്ധനായ ഒരാൾ എന്നാണ് നമ്മൾ

കരുതുന്നത്. എന്നാൽ അങ്ങനെയല്ല. ആ ഏജിങ് പ്രോസ്സസിനെ റിവേഴ്സ് ചെയ്യാൻ കഴിയുന്ന, രോഗങ്ങളെ മറികടക്കാൻ കഴിയുന്ന തലത്തിലേക്ക് ലോകം മാറുകയാണ്. ആ മാറുന്ന ലോകത്തിനനുസരിച്ചുള്ള ഒരു തയ്യാറെടുപ്പ് കൂടിയാണ് ഈ നിയമം എന്ന് ഞാൻ പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. ആ ഏജ് ഗ്രൂപ്പിലുള്ളയാളുകൾക്ക്, നേരത്തേ പറഞ്ഞതുപോലെ അവരെ ക്രിയേറ്റീവ് ആക്കുക; വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു, ജപ്പാനിൽ പോയി കണ്ടപ്പോൾ വലിയ ചർച്ചയ്ക്ക് വരുന്നത് 100 വയസ്സ് കഴിഞ്ഞയാളുകളാണ്. വലിയ സ്ഥാപനങ്ങളുടെ മേധാവിയായി വരുന്നത് 100 വയസ്സ് കഴിഞ്ഞവരാണ്. അവർ ചർച്ചയ്ക്കുവരികയാണ്. 100 വയസ്സ് ആകാൻ പോകുന്ന സ്ത്രീകൾ ചർച്ചയ്ക്ക് വരികയാണ്. റിട്ടയർമെന്റില്ലാതെ അവർ സംസാരിക്കാൻ വരികയാണ്. അവർ പല ചർച്ചകൾക്കും വരികയാണ്. ആ മാറ്റം ഉണ്ടാകണം. നമ്മുടെ തലമുറയെ, നമ്മുടെ രാജ്യത്തിന് പ്രയോജനപ്പെടുന്ന, കൺസ്ട്രക്ടീവാക്കി, ക്രിയേറ്റീവാക്കി അവരെ മാറ്റുക. പുതിയ പദ്ധതികൾ ഈ നിയമസഭയിൽ ഇനിയും ചർച്ച ചെയ്യുമ്പോൾ, ഇപ്പോൾ ധാരാളം നിർദേശങ്ങൾ അക്കാര്യത്തിൽ വന്നു. പകൽവീടുകളുടെ

പ്രത്യേകതകൾ, വയോജനങ്ങളെ ആകൂടിവാക്കുന്നതുൾപ്പെടെയുള്ള ധാരാളം നിർദേശങ്ങൾ വന്നിട്ടുണ്ട്. നിയമസഭാംഗങ്ങൾക്ക് നല്ല മോഡലുകൾ ഓരോ നിയോജകമണ്ഡലങ്ങളിൽ ക്രിയേറ്റ് ചെയ്യാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ ആലോചിക്കണം. നിങ്ങൾ സഹപ്രവർത്തകരുമായും ലോക്കൽ ബോഡികളുമായും ചർച്ച ചെയ്യണം. നിങ്ങളുടെ നിയോജകമണ്ഡലത്തിൽ ഈ പറയുന്ന ഏജ് ഗ്രൂപ്പിലുള്ളവരെ ഏറ്റവും കൺസ്ട്രകീവാക്കാനും ക്രിയേറ്റീവാക്കാനും വീട്ടിൽപ്പോയി ഈസി ചെയറിൽ ഇരിക്കാതെ സജീവമാക്കാനുമുള്ള പദ്ധതികൾ, ഞാൻ ഒരുകാര്യം ഉറപ്പ് പറയുന്നു, നല്ല പദ്ധതികൾ കൊണ്ടുവന്നാൽ, ശ്രദ്ധേയമായ പദ്ധതികൾ എം.എൽ.എ.-മാരെന്നുള്ള നിലയിൽ നിങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ കൊണ്ടുവന്നാൽ, ഒരു ചാലഞ്ചായി ഞാൻ പറയുകയാണ്, പ്ലൂവ് ചെയ്താൽ, അത് സ്റ്റേറ്റ് അഡോപ്റ്റ് ചെയ്യാം. നല്ല പദ്ധതികൾ കൊണ്ടുവന്നാൽ അത് ചെയ്യാൻ നമുക്ക് കഴിയും. നമ്മൾ ആലോചിച്ച് ചിന്തിച്ചാൽ നല്ല മോഡലുകൾ നമ്മുടെ നിയോജകമണ്ഡലങ്ങളിൽ ക്രിയേറ്റ് ചെയ്യാൻ സാധിക്കും. അതിൽക്കൂടി പങ്കാളിയാകണം. ശ്രീ. കെ. എൻ. ബാലഗോപാൽ പറഞ്ഞ

വാചകമാണ് ഞാൻ ആവർത്തിക്കുന്നത്. ഈ നിയമനിർമ്മാണം നടത്തിയതുകൊണ്ടുമാത്രം കാര്യമില്ല. ഇതിനെ പ്രവൃത്തിപഥത്തിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുന്ന ഏറ്റവും നൂതനമായ പദ്ധതികൾ ആവിഷ്കരിക്കണം. അടുത്ത സ്റ്റെപ് അതാണ്. അതിലേയ്ക്ക് പോകണം. അവരുടെ സംരക്ഷണം, കെയർ എന്നിവയെല്ലാം ഉറപ്പുവരുത്തിക്കൊണ്ട് അവരെ ഏറ്റവും കൂടുതൽ സജീവമാക്കാനുള്ള പദ്ധതികളുമായി മുന്നോട്ടുപോകണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതുമായി സഹകരിച്ച മുഴുവൻ സഭാംഗങ്ങളോടും ഒരിക്കൽകൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ സഭ ഈ നിയമം പാസ്സാക്കുന്നതോടുകൂടി ഒരിക്കൽ കൂടി.., 1963-ൽ ആർ. ശങ്കറാണ് ഓൾഡേജിന് പെൻഷൻ കേരളത്തിൽ ആദ്യമായി അനുവദിച്ചത്. പ്രായമായവർക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് 1963-ൽ തുടങ്ങിയ ഒരു വലിയ സംരംഭത്തിന്റെ ഒരു വലിയ തുടർച്ചയായി ഇതിനെ നമുക്ക് കാണണം. രാജ്യത്തിന്റെ മുൻപന്തിയിൽ നിൽക്കുകയാണ് കേരളനിയമസഭ എന്നുകൂടി ലോകത്തോട് പറഞ്ഞുകൊണ്ടാണ് ഈ നിയമം പാസ്സാക്കാൻ പോകുന്നത്. ഈ നിയമം പാസ്സാക്കിത്തരണമെന്ന് ഞാൻ വിനയപൂർവം

സഭാംഗങ്ങളോട് അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സഹമന്ത്രിമാരെയും എല്ലാവരെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ ഒരു പുതിയ ചരിത്രം കൂടി തുറക്കുകയാണ്. ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുന്നിൽ കേരളം ഒരുപടികൂടി വീണ്ടും കയറുകയാണ്. കേരളം സംസ്ഥാനം ഏജിങ്ങായി പോകാൻ പോകുന്നോ എന്ന ആശങ്കയുണ്ടായിരുന്നപ്പോൾ, അതിനെയെല്ലാം കൃത്യതയോടുകൂടി മറുപടി പറയുന്നതിന് ഈ നിയമം പാസ്സാക്കുന്നതോടുകൂടി കഴിയുമെന്ന് കണക്കാക്കുകയാണ്. ഈ നിയമം പൈലറ്റ് ചെയ്യുന്നതിനും ഈ നിയമം ഈ ഹൗസിന്റെ രണ്ടു ഭാഗത്തുമുള്ള ആളുകൾ ഒരുപോലെ അംഗീകരിച്ചുകൊണ്ട് കേരളം സംസ്ഥാനത്തെ ഏകകണ്ഠമായ തീരുമാനമാക്കി കൊണ്ടുവന്നതിനും ഞാൻ നിങ്ങളെ എല്ലാവരെയും അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ഇതുമായി സഹകരിച്ച മുഴുവൻ അംഗങ്ങളോടും ഒരിക്കൽ കൂടി അഭിനന്ദനം നിയമസഭയുടെ പേരിൽ അറിയിച്ചുകൊണ്ട് 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും)

ബിൽ പാസ്സാക്കണമെന്നുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.ഡി. സതീശൻ): സർ, 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ബിൽ സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.